# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഫെബ്രുവരി 2017 വാല്യം 43 ലക്കം 10-11 ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് പേജ് 16 വില 5.00 രൂപ


## സ്വാശ്രയകോളേജുകളിലെ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ

# വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രക്ഷോഭത്തിൽ

**പാമ്പാടി നെഹ്റു കോളേജിലെ ജിഷ്ണു പ്രണോയി എന്ന സമർത്ഥനായ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ മരണവും അതുയർത്തിയ പ്രതിഷേധങ്ങളും കേരളത്തിലെ സ്വാശ്രയ കോളേജുകളിലെ ഞെട്ടിപ്പിക്കുന്ന പീഡനങ്ങളുടെ പരമ്പരകൾ വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു. കോട്ടയം മറ്റക്കര ടോംസ് കോളേജിലെ മനുഷ്യാവകാശ ലംഘനങ്ങളും തിരുവനന്തപുരം ലോ അക്കാദമിയിലെ വിദ്യാർത്ഥി പീഡനത്തിന്റെ വാർത്തകളും തെരുവുകളെ പ്രക്ഷുബ്ധമാക്കി. സ്വാശ്രയ കോളേജുകളിലെ 'ഇടിമുറികൾ'ക്കെതിരായി 'മുഖം മറയ്ക്കാതെ' വിദ്യാർത്ഥികൾ രംഗത്തു വരാൻ തുടങ്ങിയിരിക്കുന്നു. പ്രക്ഷോഭ വേദികളിൽ വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളും അധ്യാപകരും അണിനിരക്കാൻ തുടങ്ങിയതോടെ സ്വാശ്രയ വിദ്യാലയങ്ങളുടെ ബീഭത്സമായ മുഖം കേരള സമൂഹം പൂർണ്ണതോതിൽ ആദ്യമായി നേരിൽകണ്ടു. അധികാര രാഷ്ട്രീയ പിന്തുണയിൽ തഴച്ചു വളർന്ന സ്വാശ്രയ വിദ്യാഭ്യാസ മാഫിയയെ, വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ജനാധിപത്യ-സമര രാഷ്ട്രീയം മുഖാമുഖം നേരിടുന്നതിന്റെ സംഘർഷ പാതയിലാണിന്ന് സംസ്ഥാനം.**




ജനുവരി 30 ന് കോട്ടയം കളക്ട്രേറ്റിലേയ്ക്ക് എസ്‌യുസിഐ(സി) നടത്തിയ മാർച്ച്

**പി**തൃതുല്യം വിദ്യാർത്ഥികളെ സ്നേഹിക്കേണ്ട അധ്യാപകൻ പരീക്ഷാഹാളിൽ ചെയ്യാത്ത തെറ്റിന്റെ പേരിൽ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന്റെ മനോവിഷമത്തിൽ ഹാൾ വിട്ടു റൂമിലേക്കു പോയ ജിഷ്ണുവിനെ, നെഹ്റു എഞ്ചിനീയറിംഗ് കോളേജ് വൈസ് പ്രിൻസിപ്പാളും പിആർഒയും ഉൾപ്പെടെയുള്ളവർ ചേർന്ന് 'ഇടിമുറിയിൽ' കൊണ്ടുപോയി മർദ്ദിക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്തുവെന്ന വാർത്ത കേരള മനഃസാക്ഷിയെ തെല്ലൊന്നുമല്ല പിടിച്ചുലച്ചത്. സഹപാഠികൾക്കുപോലും ജിഷ്ണുവിന്റെ മരണാനന്തരച്ചടങ്ങുകളിൽ പങ്കെടുക്കുവാനോ അവസാനമായി ഒരു നോക്കു കാണുവാനോ ഉള്ള അവകാശം പോലും നിഷേധിക്കാൻ മാനേജ്മെന്റ് കാട്ടിയ ധാർഷ്ട്യംതന്നെ കേരളത്തിലെ സ്വാശ്രയ മാഫിയ എത്ര അപകടകരമായ വിധത്തിൽ വളർന്നിരിക്കുന്നുവെന്നു തെളിയിക്കുന്നു.

പ്രതിഭാധനനായ വിദ്യാർത്ഥിയായിരുന്നു ജിഷ്ണു. പരീക്ഷയിൽ കോപ്പിയടിക്കേണ്ടയാതൊരു കാര്യവും ആ വിദ്യാർത്ഥിക്കില്ലായെന്ന് സഹപാഠികൾ ഒന്നടങ്കം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, പരീക്ഷയിൽ കോപ്പിയടിച്ചെന്ന ആരോപണം കെട്ടിച്ചമച്ചാണ് കോളേജ് മാനേജ്മെന്റ് ജിഷ്ണുവിനെ മരണത്തിലേക്ക് നയിച്ചതെന്ന കാര്യം സാങ്കേതിക സർവകലാശാലയുടെ അന്വേഷണ റിപ്പോർട്ടിൽ നിന്നു വ്യക്തവുമാണ്.

കോളേജ് മാനേജ്മെന്റിന്റെ നെറികേടുകൾക്കെതിരെ പ്രതികരിച്ചതിനാണ് ജിഷ്ണുവിനെ ഇല്ലാതാക്കാൻ മാനേജ്മെന്റ് ശ്രമിച്ചതെന്ന് ജിഷ്ണുവിന്റെ മാതാവ് മഹിജ മുഖ്യമന്ത്രിയ്ക്ക് അയച്ച കത്തിൽ പറയുന്നു. കോളേജിൽ വച്ച് ജിഷ്ണുവിന് മർദ്ദനമേറ്റിരുന്നുവെന്ന് വ്യക്തമാണ്. എന്നാൽ, വിചിത്രമെന്നു പറയട്ടെ പോസ്റ്റുമോർട്ടം റിപ്പോർട്ടിലും ഇൻക്വസ്റ്റ് റിപ്പോർട്ടിലും ശരീരത്തിൽ മർദ്ദനമേറ്റതിനെ കുറിച്ചുള്ള പരാമർശങ്ങളില്ല. തോർത്തുമുണ്ടിൽ കെട്ടിതൂങ്ങിയാണ് മരിച്ചതെന്നാണ് പറഞ്ഞതെങ്കിലും തോർത്തുമുണ്ട് ഫോറൻസിക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പിണറായി സർക്കാർ പുതുതായി അന്വേഷണചുമതലയേൽപ്പിച്ച കിരൺ നാരായണൻ എന്ന പോലീസുദ്യോഗസ്ഥൻ വന്നതോടെ ജിഷ്ണുവിന്റെ ഹോസ്റ്റൽ മുറിയിലെ തെളിവുകൾ മുഴുവൻ നശിപ്പിച്ചു കളഞ്ഞു. കുറ്റാരോപിതർക്കെതിരെ ദുർബലമായ എഫ്ഐആർ തയ്യാറാക്കിയത് പ്രതികളെ രക്ഷിക്കാനായിരുന്നു. ഇതെല്ലാം നിസ്സംശയം വിരൽചൂണ്ടുന്നത് സ്വാശ്രയ മാനേജ്മെന്റും കേരളസർ

(ശേഷം 4-ാം പേജിൽ)

## നോട്ട് അസാധുവാക്കൽ:
## ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകുക

# റിസർവ് ബാങ്ക് മാർച്ച്

**ജനങ്ങൾക്ക് സ്വന്തം പണം ബാങ്ക് അക്കൗണ്ടുകളിൽനിന്ന് പിൻവലിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന എല്ലാ വിലക്കുകളും എടുത്തുകളയുക, നോട്ട് അസാധുവാക്കൽ നടപടി മൂലം ജനങ്ങൾക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് സർക്കാർ പരിഹാരം നൽകുക, ആവശ്യത്തിന് കറൻസി ലഭ്യമാക്കുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ന്റെ നേതൃത്വത്തിൽ റിസർവ്വ് ബാങ്ക് മാർച്ചുകൾ സംഘടിപ്പിച്ചു.**

**എ**സ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് തിരുവനന്തപുരം റിസർവ്വ് ബാങ്ക് മാർച്ച് ഉദ്ഘാടനം ചെയ്തു. 50 ദിവസങ്ങൾക്കുള്ളിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പ്രധാനമന്ത്രി നരേന്ദ്ര




റിസർവ്വ്ബാങ്ക് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു

മോദി 51-ാം ദിനത്തിൽ രാജ്യത്തോട് നടത്തിയ പ്രസംഗത്തിൽ അതിനെക്കുറിച്ച് പരാമർശിക്കാൻ പോലും തയ്യാറായില്ലെന്ന് സഖാവ് ലൂക്കോസ് ചൂണ്ടിക്കാട്ടി. നോട്ട് അസാധുവാക്കൽ നടപടി സാമ്പത്തിക ഘടനയിലും ജനജീവിതത്തിലും സൃഷ്ടിച്ച ഫലങ്ങളെന്ത്, ജനങ്ങൾക്ക് സ്വന്തം പണം ബാങ്ക് അക്കൗണ്ടുകളിൽനിന്ന് പിൻവലിക്കാൻ അനുവദിക്കാത്ത നിയന്ത്രണങ്ങൾ എന്തുകൊണ്ട്, എത്രകാലത്തേക്ക് തുടങ്ങിയ വിഷയങ്ങളിലെല്ലാം പ്രധാനമന്ത്രി മൗനംപാലിക്കുകയാണ്. സാധാരണക്കാരുടെ സമ്പാദ്യങ്ങളും വരുമാനസ്രോതസ്സുകളുമെല്ലാം കുത്തക മൂലധനശക്തികളുടെ വരുതിയിലാക്കുക എന്നതായിരുന്നു നോട്ട് അസാധുവാക്കൽ നടപടിയുടെ പിന്നിലെ രഹസ്യഅജണ്ട. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനകീയ കമ്മിറ്റികൾക്ക് രൂപംനൽകിക്കൊണ്ടുള്ള ശക്തമായ പ്രക്ഷോഭണം മാത്രമാണ് ജനങ്ങളുടെ മുന്നിലുള്ള പോംവഴിയെന്നും സഖാവ് സി.കെ.ലൂക്കോസ് പറഞ്ഞു.

സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളായ സഖാക്കൾ എസ്.രാജീവൻ, ജ്യോതികൃഷ്ണൻ, വി.കെ. സദാനന്ദൻ, ഷൈല കെ. ജോൺ, വർഗ്ഗീസ് എം. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

റിസർവ്വ് ബാങ്ക് എറണാകുളം ശാഖയ്ക്കു മുന്നിലേയ്ക്ക് നടന്ന മാർച്ച് സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു.

(ശേഷം 2-ാം പേജിൽ)

പേജ് ഉള്ളടക്കം


| പേജ് | ഉള്ളടക്കം |
|---|---|
| 2 | നോട്ടു നിരോധനത്തിനെതിരെ വിവിധ പരിപാടികൾ |
| 3 | കേന്ദ്രബജറ്റ് –പ്രസ്താവന<br>റേഷൻ: സപ്ലൈ ഓഫീസ് മാർച്ച് |
| 5 | എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് മാർച്ച് |
| 6 | സൈദ്ധാന്തികപാഠങ്ങൾ –ലെനിനെക്കുറിച്ച് സ്റ്റാലിൻ |
| 8 | നവംബർ വിപ്ലവ ശതാബ്ദിയാചരണം |
| 9 | നേതാജി ജയന്തി ആചരണം |
| 10 | ഫിഡൽ കാസ്ട്രോ–അനുസ്മരണം |
| 11 | ബത്തേരി സിവിൽസ്റ്റേഷൻ മാർച്ച് |
| 15 | സേവ് എജ്യൂക്കേഷൻ കമ്മിറ്റി ശിൽപശാല |
| 16 | ഡിവൈഒ സംസ്ഥാനപഠനക്യാമ്പ് |

# പണം പിൻവലിക്കാനുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കുക



എറണാകുളം റിസർവ്വ്ബാങ്ക് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാനസെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

(1-ാം പേജിൽ നിന്ന്)

"കള്ളപ്പണം തടയാനെന്നപേരിൽ നടപ്പാക്കിയ കറൻസി നിരോധനംവഴി കള്ളപ്പണം ഇല്ലാതായില്ലെന്നുമാത്രമല്ല. മുഴുവൻ കള്ളപ്പണവും വെളുപ്പിച്ചെടുക്കാൻ കള്ളപ്പണമാഫിയകൾക്കുകഴിഞ്ഞു. രാജ്യമെമ്പാടും ജനങ്ങളെ കൊടിയദുരിതത്തിലാക്കിക്കൊണ്ട് നടപ്പാക്കിയ നിരോധനത്തെത്തുടർന്ന്, കോർപ്പറേറ്റ് മുതലാളിമാർ നമ്മുടെ പൊതുമേഖലാ ബാങ്കുകളിൽനിന്ന് തട്ടിയെടുത്ത അനേകായിരം കോടിരൂപയുടെ ബാധ്യത ഫലത്തിൽ ജനങ്ങളുടെ തലയിലടിച്ചേൽപ്പിച്ച കേന്ദ്രസർക്കാർ, ചെറിയ നിക്ഷേപങ്ങൾപോലും ബാങ്കുകളിൽ നിയമവിരുദ്ധമായി പിടിച്ചുവച്ചിരിക്കുകയാണ്. അമേരിക്കയുമായിചേർന്ന് മാസ്റ്റർ, വിസ കാർഡുകൾപോലുള്ളവയുടെ കൊള്ളയടിക്കലിന് ജനങ്ങളെ ഇരകളാക്കാൻ ലക്ഷ്യംവച്ചുകൊണ്ടാണ് രാജ്യത്തെ കാഷ്‌ലെസ്സ് ഡിജിറ്റൽ എക്കണോമിയായി പരിവർത്തനപ്പെടുത്തുന്നത്. രാജ്യത്തെ ചെറുകിട വ്യവസായങ്ങളും വ്യാപാരസ്ഥാപനങ്ങളും ഈ നടപടി വഴി കനത്ത പ്രതിസന്ധിയിലാണ്. വൻവരുമാന നഷ്ടവും സാമ്പത്തികത്തകർച്ചയും രാജ്യം അഭിമുഖീകരിക്കുന്നു. അനേകായിരങ്ങൾക്ക് തൊഴിലും ഉപജീവനമാർഗ്ഗവും നഷ്ടപ്പെട്ടിരിക്കുന്നു. പാർലമെന്റിനെയും ജനപ്രതിനിധികളെയും നോക്കുകുത്തികളാക്കി ജനാധിപത്യവിരുദ്ധമായി ജനങ്ങളുടെ മേൽ കരിനിയമങ്ങളടിച്ചേൽപ്പിച്ച പ്രധാനമന്ത്രിയും കൂട്ടാളികളും തങ്ങളുടെ ജനവിരുദ്ധമായ നടപടികളെ ന്യായീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ശക്തമായ ജനാധിപത്യ സമരവേദിയിൽ അണിനിരന്നുകൊണ്ട് സർക്കാരിന് കനത്ത തിരിച്ചടി കൊടുക്കാൻ നേരായി ചിന്തിക്കുന്നവർ തയ്യാറാവണമെ"ന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഡോ.പി.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ. ഫിലിപ്പ്, ഇടുക്കി ജില്ലാ സെക്രട്ടറി സഖാവ് എൻ.വിനോദ്കുമാർ, എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ. ബിജു, എറണാകുളം ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ, എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് സഖാവ് രശ്മി രവി തുടങ്ങിയവരും പ്രസംഗിച്ചു.

കോഴിക്കോട് ഇൻകംടാക്സ് ഓഫീസിലേക്ക് നടന്ന പ്രതിഷേധമാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു.

ജനാധിപത്യസ്ഥാപനങ്ങളെ മുഴുവൻ നോക്കുകുത്തികളാക്കിക്കൊണ്ട്, സ്വേച്ഛാധിപത്യപരമായി മോദി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനദ്രോഹപരമായ ഇത്തരം നയനടപടികൾക്കെതിരെ ഒറ്റക്കെട്ടായ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കാൻ സഖാവ് ശേഖർ ആഹ്വാനംചെയ്തു. സഖാവ് പി.എം.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ അബ്ദുൾ അസീസ്, പോൾ ടി.സാമുവൽ, പി.കെ.ഭഗത്, ടി.ജെ.ഡിക്സൺ എന്നിവർ പ്രസംഗിച്ചു. ●



കോഴിക്കോട് ആദായനികുതി ഓഫീസ് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു.

## "നോട്ടുനിരോധനവും തൊഴിൽമേഖലയിലെ പ്രതിസന്ധിയും" ചർച്ചാസമ്മേളനം



ജനുവരി 28 ന് അരയൻകാവിൽ നടന്ന ചർച്ചാ സമ്മേളനം

**പ്ര**മുഖ ട്രേഡ്‌യൂണിയൻ നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ (എഐയുടിയുസി) ആഭിമുഖ്യത്തിൽ അരയൻകാവിൽ നടന്ന സമ്മേളനത്തിൽ സി&സി വർക്കേഴ്സ് സെന്റർ എച്ച്എൻഎൽ പ്രസിഡന്റ് സഖാവ് ജെയ്സൺ ജോസഫ് വിഷയം അവതരിപ്പിച്ചു. നോട്ടുനിരോധനംമൂലം ഒരു രൂപയുടെ കള്ളപ്പണം പോലും തടയുവാൻ മോദിക്കു കഴിഞ്ഞില്ല. ഓഹരിയുടെ രൂപത്തിലും സ്വിസ്ബാങ്കിലും മൗറീഷ്യസ് പോലുള്ള രാജ്യങ്ങളിലുമൊക്കെ നിക്ഷേപിച്ചിരിക്കുന്ന പണമാണ് കള്ളപ്പണത്തിന്റെ 90 ശതമാനവും. ഇതുവഴിയുണ്ടായിരിക്കുന്നത് രൂക്ഷമായ തൊഴിൽ പ്രതിസന്ധിയാണ്. തൊഴിലാളികൾക്കും കർഷകർക്കും കൂലി ലഭിക്കാത്ത സാഹചര്യം. അസംഘടിത മേഖലയിലും പരമ്പരാഗത മേഖലയിലും അതിരൂക്ഷമായ പ്രതിസന്ധിയാണ് സൃഷ്ടിക്കപ്പെട്ടത്. അതിനെതിരെ ട്രേഡ്‌യൂണിയനുകൾ ഒന്നിച്ചണിനിരക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് എൻ.ആർ.മോഹൻകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സിഐടിയു മേഖല സെക്രട്ടറി സി.കെ.റെജി, ഐഎൻടിയുസി ജില്ലാ സെക്രട്ടറി വൈക്കം നസീർ, എസ്ടിയു ദേശീയ സെക്രട്ടറി രഘുനാഥ് പനവേലി, ബിഎംഎസ് സംസ്ഥാന സെക്രട്ടറി രഘുരാജ്, എഐയുടിയുസി ജില്ലാ സെക്രട്ടറി പി.എം.ദിനേശൻ, സി.ടി.സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. കെസിഡബ്ല്യുയു ജില്ലാ പ്രസിഡന്റ് കെ.ഒ.ഷാൻ സ്വാഗതവും ട്രഷറർ സി.കെ.രാജേന്ദ്രൻ കൃതജ്ഞതയും പറഞ്ഞു. ●

## ചാലക്കുടിയിൽ യുവജനസംഘടനകളുടെ ഒത്തുചേരൽ

**നോ**ട്ട് അസാധുവാക്കൽമൂലം വർദ്ധിച്ചുവരുന്ന അരക്ഷിതവസ്ഥയുടെ പരിഹാരമാർഗം ചർച്ച ചെയ്തുകൊണ്ട് യുവജന-ജനകീയ സമര സംഘടനകളുടെ ഒത്തുചേരൽ ചാലക്കുടി കൾച്ചറൽ കളക്ടീവിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ചാലക്കുടി റെസ്റ്റ് ഹൗസ് അങ്കണത്തിൽ ചേർന്ന സംവാദത്തിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി എ.വി.ബെന്നി വിഷയാവതരണം നടത്തി. ദേവദാസ് അന്നമനട മോഡറേറ്റർ ആയിരുന്നു. അഡ്വ. ഉല്ലാസ്(ഡിവൈഎഫ്ഐ), പി.വി.വിവേക് (എഐവൈഎഫ്), ഷോൺ പെല്ലിശ്ശേരി(യൂത്ത് കോൺഗ്രസ്), പി.കെ.ധർമ്മജൻ(എഐഡിവൈഒ), എൻ.ഡി.വേണു (ആർവൈഎഫ്ഐ) ഡോ.പി.എസ്.ബാബു(ജനകീയ പ്രതിരോധ സമിതി) അഡ്വ. ഇ.എൻ.ശാന്തിരാജ് (ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം) എന്നിവർ സംസാരിച്ചു. കൺവീനർ പി.കെ.ഷിബു സ്വാഗതവും എ.എം. സുരേഷ് നന്ദിയും പറഞ്ഞു. ●

## ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ ധർണ്ണ



കൊല്ലത്ത് നടന്ന പ്രതിഷേധ ധർണ്ണ എ.ജെയിംസ് ഉദ്ഘാടനം ചെയ്യുന്നു

**സാ**മ്പത്തിക ഉപരോധം പിൻവലിക്കുക, ആവശ്യത്തിന് കറൻസി ലഭ്യമാക്കുക, ഡിപ്പോസിറ്റ് തുക പിൻവലിക്കാൻ ക്യൂനിന്ന് മരിച്ചവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും കേന്ദ്രസർക്കാർ മതിയായ നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളസംസ്ഥാന ജനകീയ പ്രതിരോധസമിതി കൊല്ലം ജില്ലാകമ്മിറ്റി, കൊല്ലം ഹെഡ്പോസ്റ്റ് ഓഫീസ് പടിക്കൽ പ്രതിഷേധ ധർണ്ണ നടത്തി. ജില്ലാ വൈസ് പ്രസിഡന്റ് കെ.ഒ.മാത്യുപണിക്കർ അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് എ.ജെയിംസ് ഉദ്ഘാടനം ചെയ്തു. പിറവന്തൂർ ഗോപാലകൃഷ്ണൻ, എൽ.ഐ.സി.എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് സുരേഷ്, ജി.എസ്.പത്മകുമാർ, ജില്ലാ സെക്രട്ടറി ജി.ധ്രുവകുമാർ, ഷൈല കെ.ജോൺ, എസ്.രാഘവൻ, പി.പി.പ്രശാന്ത്കുമാർ, ഫാദർ ഗീവർഗ്ഗീസ് തരകൻ, ഡോ.കുഞ്ചാണ്ടിച്ചൻ, വി.ആന്റണി എന്നിവർ പ്രസംഗിച്ചു. ●

## പെരുങ്ങുഴിയിൽ പൊതുസംവാദം



പൊതുസംവാദത്തിൽ ബി.രവി അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

**നോ**ട്ട് അസാധുവാക്കൽ സൃഷ്ടിച്ച ജീവിതപ്രതിസന്ധികൾക്ക് പരിഹാരമെന്ത്? എന്ന വിഷയത്തിൽ കേരളാ സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുത്ത പൊതുസംവാദം ജനുവരി 10 ന് പെരുങ്ങുഴി മേട ജംഗ്ഷനിൽ സംഘടിപ്പിക്കപ്പെട്ടു. ബി.രവി അദ്ധ്യക്ഷത വഹിച്ച സംവാദം ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് ബി.ഗോപി ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തി. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് തോന്നയ്ക്കൽ രവി (ബിജെപി), മുരളീധരൻ നായർ (സിപിഐ(എം) നിസാം(കോൺഗ്രസ്സ്), ശ്രീ. സജിത് (സിപിഐ), ബി.ഇമാമുദ്ദീൻ (എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), എസ്.വി അനിലാൽ (സർവ്വീസ് സഹകരണസംഘം പ്രസിഡന്റ്) എന്നിവർ പ്രസംഗിച്ചു. ശശി പള്ളിപ്പുറം സ്വാഗതവും എ.ഷൈജു കൃതജ്ഞതയും രേഖപ്പെടുത്തി. ●

# റേഷൻ പുനഃസ്ഥാപിക്കുക സപ്ലൈ ഓഫീസ് മാർച്ച്




വൈക്കത്തു നടന്ന മാർച്ച് സ.പി.എൻ.തങ്കച്ചൻ ഉദ്ഘാടനം ചെയ്യുന്നു

**റേ**ഷൻ പുന:സ്ഥാപിക്കുക, വിവേചനങ്ങൾ ഒഴിവാക്കി മുഴുവൻ ആളുകൾക്കും റേഷൻ ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ലോക്കൽ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിൽ കോട്ടയം, വൈക്കം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി താലൂക്ക് സപ്ലൈ ഓഫീസുകളിലേയ്ക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും നടന്നു.

റേഷൻ സമ്പ്രദായം ഒന്നാകെ വൻതകർച്ചയുടെ വക്കിലെത്തിനിൽക്കുകയാണ്. താമസംവിനാ റേഷൻ കടകൾ അടച്ചുപൂട്ടപ്പെടും. റേഷൻ ഉപഭോക്താക്കളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ കാലങ്ങളായി ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പരിണതഫലമാണ് റേഷൻ രംഗം ഇന്ന് അഭിമുഖീകരിക്കുന്നത്. പൊതുവിപണിയിൽ അരിയുടെ വില കുതിച്ചുയരുകയാണ്. നോട്ടുനിരോധനം മൂലമുണ്ടായ പ്രതിസന്ധികൾ അപരിഹാര്യമായി തുടരുകയും തൊഴിൽ മേഖല കടുത്ത പ്രതിസന്ധിയിൽപെട്ടിരിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ റേഷൻ രംഗത്ത് സംജാതമായിരിക്കുന്ന അവസ്ഥ സാധാരണക്കാരന്റെ ജീവിതം ദുരിതമയമാക്കിയിരിക്കുന്നു.

റേഷൻ ഉൾപ്പെടെ ജനങ്ങൾക്ക് നൽകുന്ന സകല ആനുകൂല്യങ്ങളും നിർത്തൽ ചെയ്യാനും ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന്റെയും വിതരണത്തിന്റെയും ഭാഗത്തുനിന്നുമുള്ള സമ്പൂർണ്ണ പിന്മാറ്റം ലക്ഷ്യം വച്ചുകൊണ്ടും കഴിഞ്ഞ കാൽനൂറ്റാണ്ടായി നടപ്പിലാക്കിവരുന്ന നയങ്ങളാണ് റേഷൻ രംഗത്തെ ഇന്നുള്ള പ്രതിസന്ധിയായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഉപഭോക്താക്കളുടെ എണ്ണം കുറച്ചെടുക്കുക എന്നതായിരുന്നു ഓരോ നടപടിയുടെയും ലക്ഷ്യം. പരിഷ്ക്കാരങ്ങൾ ഭക്ഷ്യസുരക്ഷ നിയമം വരെ എത്തിയപ്പോൾ റേഷൻ കടകൾ അടച്ചുപൂട്ടപ്പെട്ടു. 1991 ൽ നരസിംഹറാവുസർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിവന്ന സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ തുടർച്ചയാണ് ഭക്ഷ്യസുരക്ഷ നിയമം.

റേഷൻ പുനഃസ്ഥാപിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അതിശക്തമായ ജനകീയ പ്രക്ഷോഭണം വളർന്നുവരേണ്ടത് ഇന്നത്തെ അടിയന്തര ആവശ്യകതയാണ്. സങ്കുചിതമായ കക്ഷി രാഷ്ട്രീയ താൽപര്യങ്ങൾക്ക് ഉപരിയായ പ്രക്ഷോഭണം വളർത്തിയെടുക്കുവാൻ ജനങ്ങൾ മുന്നോട്ടുവരണം. നാടെമ്പാടും ജനങ്ങളുടെ സമരക്കമ്മിറ്റികൾക്ക് രൂപം നൽകണം. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന സമര, പ്രചാരണ പരിപാടികളുടെ ഭാഗമായും നീണ്ടുനിൽക്കുന്ന പ്രക്ഷോഭപരിപാടികളുടെ തുടക്കം എന്ന നിലയിലുമാണ് താലൂക്ക് സപ്ലൈ ഓഫീസുകളിലേയ്ക്ക് മാർച്ച് സംഘടിപ്പിക്കപ്പെട്ടത്. ●




കോട്ടയത്തു നടന്ന മാർച്ച് സ.മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു



ചങ്ങനാശ്ശേരിയിൽ സ.കെ.പി.വിജയൻ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു




കാഞ്ഞിരപ്പള്ളിയിലെ മാർച്ച് സ. ജോണിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

# കേന്ദ്രബജറ്റ് 2017

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ഫെബ്രുവരി 1 ന് പുറപ്പെടുവിച്ച പ്രസ്താവന

**ഭരണ മുതലാളിവർഗ്ഗത്തിന്റെയും അവരുടെ പിണിയാളുകളുടെയും നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് നിരക്കുന്നതും സാധാരണക്കാരുടെ താൽപ്പര്യങ്ങൾക്ക് ഹാനികരവുമായ, മൂടിവയ്ക്കപ്പെട്ട വസ്തുതകളുടെയും മറച്ചുവയ്ക്കപ്പെട്ട സത്യത്തിന്റെയും രേഖയാണ് കേന്ദ്രബജറ്റ്. -എസ്‌യുസിഐ(സി)വിലയിരുത്തുന്നു.**

**അ**നിയന്ത്രിതമായ വിലക്കയറ്റം, കുതിച്ചുയരുന്ന തൊഴിലില്ലായ്മ, ദ്രുതഗതിയിലുള്ള തൊഴിൽനഷ്ടം, കുത്തനെ ഇടിയുന്ന വരുമാനം, പ്രാഥമികാരോഗ്യസംവിധാനങ്ങളുടെയും വിദ്യാഭ്യാസ സൗകര്യങ്ങളുടെയും അഭാവം, നോട്ടു നിരോധനത്തിന്റെ ഫലമായുള്ള അവരുടെ ദുരിതത്തിന്റെയും കഷ്ടപ്പാടിന്റെയും പലമടങ്ങായുള്ള വർദ്ധന തുടങ്ങിയ രൂപത്തിലുള്ള സാമ്പത്തികാക്രമണങ്ങൾ മൂലം ജനങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുമ്പോൾ, ഈ വിഷയങ്ങളെയൊന്നും 2017-ലെ യൂണിയൻ ബജറ്റ് ആത്മാർത്ഥമായി അഭിസംബോധന ചെയ്തിട്ടില്ല. അതിനുപകരം ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന വ്യാജപ്രസ്താവനകളും ബജറ്റ് വിഹിതത്തെക്കുറിച്ചുള്ള വാചക കസർത്തുകളും നികുതി ഇളവുകളെക്കുറിച്ചുള്ള ചെപ്പടിവിദ്യകളും അവതരിപ്പിച്ചുകൊണ്ട് പതിവുപോലെ കോർപ്പറേറ്റ് നികുതി പടിപടിയായി വെട്ടിക്കുറയ്ക്കുകയും നേരിട്ടുള്ള വിദേശനിക്ഷേപത്തിന്റെ വ്യവസ്ഥകൾ ഉദാരമാക്കുകയും ഡിജിറ്റൽ യുഗത്തിലേയ്ക്കുള്ള പ്രവേശനം വിളംബരം ചെയ്യുകയും ചെയ്യുന്ന നയംതന്നെയാണ് പിന്തുടർന്നിരിക്കുന്നത്. ഇതിനൊപ്പം, സ്ഥിരം പല്ലവികളായ ദാരിദ്ര്യ നിർമ്മാർജ്ജനം, കർഷകരുടെ വരുമാനവർദ്ധനവ്, പിന്നോക്ക ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം എന്നിവയും ആവർത്തിച്ചിട്ടുണ്ട്.

റെയിൽ ബജറ്റിനെ പൊതുബജറ്റിൽ ലയിപ്പിച്ച, ഏറ്റവും ജനാധിപത്യവിരുദ്ധമായ നടപടിയെ ന്യായീകരിച്ചുകൊണ്ട് കേന്ദ്ര ധനകാര്യമന്ത്രി, എല്ലാവിധത്തിലുമുള്ള ഗതാഗത സമ്പ്രദായങ്ങളുടെയും നല്ലരീതിയിലുള്ള നടത്തിപ്പിനാണ് ഈ ഒന്നിപ്പിക്കലെന്ന് പറയുന്നുണ്ടെങ്കിലും ചെലവിന്റെയും മത്സരത്തിന്റെയും അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കാനും ജനങ്ങളുടെ പോക്കറ്റിൽ കയ്യിട്ടുവാരുവാനുമായി, റെയിൽവേയെ കൂടുതൽ കൂടുതൽ സ്വകാര്യവൽക്കരിക്കുവാനാണ് ശ്രമിക്കുന്നത്. അടിക്കടി തകർന്നുകൊണ്ടിരിക്കുന്ന യാത്രാസേവനങ്ങൾക്കും സമയനിഷ്ഠ ഇല്ലായ്മയ്ക്കും പുറമേ, തുടർച്ചയായുണ്ടാകുന്ന അപകടങ്ങളും ട്രെയിൻയാത്രയെക്കുറിച്ച് ഗൗരവാവഹമായ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ഒഴിഞ്ഞുകിടക്കുന്ന മേഖലകളിലെ തസ്തികകൾ നികത്തിക്കൊണ്ടും, ചുമതലകളിൽ കൃത്യവിലോപം കാണിക്കുകയും ജാഗ്രതയിൽ വീഴ്ച വരുത്തുകയും ചെയ്യുന്നത് കർശനമായി നിരീക്ഷിച്ചുകൊണ്ടും ഗുരുതരമായ സുരക്ഷാപ്രശ്നം പരിഹരിക്കാനുള്ള സമയബന്ധിതമായ, മൂർത്തമായ യാതൊരു നടപടിയും നിലവിലുള്ള ഭരണ നേതൃത്വം പ്രഖ്യാപിക്കുന്നില്ല.

ഏറെ കൊട്ടിഘോഷിക്കപ്പെട്ട നോട്ട് നിരോധനം, എങ്ങനെ, ഏതളവിൽ കള്ളപ്പണത്തെ ഇല്ലായ്മ ചെയ്തു, കള്ളനോട്ട് സംഘത്തെ നിശ്ചലമാക്കി, കള്ളനോട്ട് വിതരണത്തിലൂടെ തീവ്രവാദപ്രവർത്തനങ്ങൾക്ക് ഫണ്ട് എത്തിക്കുന്നവരെ പരാജയപ്പെടുത്തി എന്നൊന്നും വിശദീകരിക്കാതെ, പൊള്ളയായ അവകാശവാദങ്ങൾ മറച്ചുവയ്ക്കാനായി, കേന്ദ്ര ധനകാര്യമന്ത്രി "ദീർഘകാലാടിസ്ഥാനത്തിലുള്ള നേട്ടങ്ങൾ സൃഷ്ടിക്കുവാനുതകുന്ന, ധീരവും നിർണ്ണായകവുമായ നടപടിയാണ് നോട്ട് നിരോധനം" എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്. വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യകളെക്കുറിച്ചും അവരുടെ വിളകൾക്ക് ന്യായവില നിഷേധിക്കപ്പെടുന്നതിനെക്കുറിച്ചും നിക്ഷിപ്ത താൽപ്പര്യക്കാർക്ക് നിസ്സാരവിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കുവാൻ നിർബന്ധിതമാകുന്നതിനെക്കുറിച്ചും കർഷകരുടെ വർദ്ധിച്ചുവരുന്ന പാപ്പരീകരണത്തെക്കുറിച്ചും കർഷകത്തൊഴിലാളികളും കുടിയേറ്റത്തൊഴിലാളികളുമായുള്ള അവരുടെ പരിവർത്തനത്തെക്കുറിച്ചും യാതൊരു പരാമർശവും നടത്താതെ, കാർഷികമേഖലയ്ക്കുവേണ്ടി വർദ്ധിപ്പിച്ച ബജറ്റ് വിഹിതത്തെ ഉയർത്തിക്കാണിച്ചുകൊണ്ട് അദ്ദേഹം പാവപ്പെട്ട ഗ്രാമീണരെ മുൻവർഷങ്ങളിലെപ്പോലെ ഒരിക്കൽകൂടി കബളിപ്പിച്ചു. സമാനമായി, ഹാർഡ്‌വെയറിന്റെയും സോഫ്റ്റ്‌വെയറിന്റെയും തദ്ദേശവൽക്കരണം (ആഭ്യന്തരമായി നിർമ്മിച്ച ഇലക്ട്രോണിക്ക് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന) മെട്രോ റെയിലിൽ ഉപയോഗിക്കുവാനുള്ള സാധ്യതയും ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ വിഹിതം വർദ്ധിപ്പിക്കുന്നതുമൊഴികെ, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള ക്രിയാത്മകമായ നീക്കങ്ങളെക്കുറിച്ചുള്ള യാതൊരു പരാമർശവും പുതിയ ബജറ്റിൽ ഇല്ല. സാമ്പത്തിക വളർച്ച ഉണ്ടായാൽത്തന്നെ അത് തൊഴിൽരഹിതമായിരിക്കുമെന്നുള്ള സാമ്പത്തിക സർവ്വേഫലത്തെ അവഗണിക്കുകയും ചെയ്യുന്നു. സാധാരണക്കാരായ, അടിച്ചമർത്തപ്പെടുന്ന ബഹുജനങ്ങളുടെ അവസാന തുള്ളി ചോരവരെ ഊറ്റിയെടുത്ത് വ്യവസായ കുടുംബങ്ങളുടെയും കോർപ്പറേറ്റ് ഭീമന്മാരുടെയും പണപ്പെട്ടി നിറയ്ക്കുകയെന്ന ഏക ഉദ്ദേശ്യംമാത്രമുള്ള, കുത്തകകളാൽ നിയന്ത്രിക്കപ്പെടുന്ന, പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ ശുദ്ധഅസംബന്ധമാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ, യുവാക്കളുടെ വ്യവസായ സംരംഭകത്വത്തിനും നൈപുണി വികസനത്തിനുമാണ് എല്ലാ ഊന്നലും കൊടുക്കുന്നത്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വാഗ്ദാനം ചെയ്യപ്പെട്ട 100 ദിവസങ്ങളിൽ 35 ദിവസം മാത്രമേ കഴിഞ്ഞ വർഷം തൊഴിൽ ലഭിച്ചിട്ടുള്ളുവെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട വ്യവസായ സംരംഭകരുടെ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ മുന്നേറ്റം, ബന്ധപ്പെട്ട ആളുകൾ പ്രതീക്ഷിച്ചതുപോലെ, ഒരു വൻപരാജയമായിരുന്നു. ആസൂത്രിതവും അല്ലാത്തതുമായ മുടക്കുമുതലുകളെത്തമ്മിൽ കൂട്ടിക്കലർത്തിയതുവഴി, ആസൂത്രിത ഉൽപ്പാദന നിക്ഷേപത്തെപ്പറ്റി സർക്കാരിന് ഒന്നുംപറയാനില്ലെന്ന് വ്യക്തമായിരിക്കുകയാണ്. എന്നാൽ, അടിസ്ഥാന വ്യവസായങ്ങളിൽ അൽപ്പമെങ്കിലും കൃത്രിമ ഉത്തേജനം സൃഷ്ടിക്കുവാനായി സമ്പദ്‌വ്യവസ്ഥയെ പട്ടാളവൽക്കരിക്കുക്കയന്ന പദ്ധതിയുടെ ഭാഗമായി പട്ടാള ബജറ്റ് കഴിഞ്ഞ വർഷത്തെ 2.58 ലക്ഷംകോടി എന്നത് 2.74 ലക്ഷം കോടിയായി (പ്രതിരോധമേഖലയിലെ ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടാതെ) വർദ്ധിപ്പിച്ചു. സ്വച്ഛ് ഭാരത് നികുതിയിലൂടെ സൃഷ്ടിക്കപ്പെട്ട ഫണ്ട് നിശ്ചലമായിരിക്കുകയോ, വഴിമാറ്റിച്ചെലവഴിക്കുകയോ ചെയ്തുവെന്നാണ് അടുത്തിടെ സിഎജി നിരീക്ഷിച്ചത്. സ്വച്ഛ് ഭാരത് അഭിയാനെക്കുറിച്ച് ധനകാര്യമന്ത്രി പുകഴ്ത്തിപ്പാടിയപ്പോൾ ഈ വിഷയത്തെക്കുറിച്ച് ഒരു വാക്കുപോലും പറഞ്ഞില്ല. അതുപോലെതന്നെ, സാധാരണക്കാരിൽനിന്ന് കാർഷിക സെസ്സ് ആയിപിരിച്ച അധിക വിഭങ്ങൾക്ക് എന്തു സംഭവിച്ചുവെന്നതിനെക്കുറിച്ച് പരാമർശിക്കുന്നതും അദ്ദേഹം ഒഴിവാക്കി. ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യവർഗ്ഗത്തിന്റെ രോഷത്തെ തണുപ്പിക്കുവാനായി, വരുമാനനികുതിയിൽ നൽകിയിട്ടുള്ള നിസാര ഇളവുകൾ, ജിഎസ്ടി നടപ്പാക്കുമ്പോൾ കുതിച്ചുയരുന്ന പരോക്ഷ നികുതിവഴി തുടച്ചുനീക്കപ്പെടും. പ്രത്യക്ഷ നികുതി നിരക്ക് നേരിയ തോതിൽ കുറച്ചതുവഴി ഉണ്ടായിട്ടുള്ള 20,000 കോടി രൂപയുടെ കുറവ്, സർവ്വീസ് ചാർജ്ജുൾപ്പെടെയുള്ള പരോക്ഷ നികുതികളുടെ വർദ്ധനവിലൂടെ 60,000 കോടിരൂപയായി സാധാരണക്കാരുടെ തലയിൽതന്നെ പതിക്കുമെന്ന് ഇപ്പോൾ വ്യക്തമാണ്.

ആത്യന്തികമായി, എല്ലാ സമ്മർദ്ദങ്ങളും ഒരു വായ്പാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയ്ക്കുമേലായിരിക്കും പതിക്കുക. അമേരിക്കയിൽനിന്നു തുടങ്ങി മറ്റു യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പടർന്ന സബ്പ്രൈം പ്രതിസന്ധിയിൽ ജനങ്ങൾ ഇതിന്റെ ദുരിതം നേരിൽ കണ്ടതാണ്. വൻകിട കോർപ്പറേറ്റുകളുടെയും വ്യവസായികളുടെയും കിട്ടാക്കടങ്ങൾ വർദ്ധിച്ചുവരുന്നതുമൂലമുള്ള ബാങ്കുകളുടെ ബാധ്യതകളെക്കുറിച്ച് യാതൊരു പരാമർശവും ബജറ്റിൽ ഇല്ല. ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക എങ്ങനെ കണ്ടെത്തുമെന്നതിനെ സംബന്ധിച്ചും സൂചനകളില്ല. സർക്കാർ ഒന്നുകിൽ കൂടുതൽ കടമെടുക്കുകയോ, അല്ലെങ്കിൽ പണപ്പെരുപ്പം വർദ്ധിപ്പിക്കാനിടയാക്കുംവിധം കൂടുതൽ നോട്ടുകൾ അടിച്ചിറക്കുകയോ ചെയ്യുമെന്നുള്ള കാര്യം വ്യക്തമാണ്.

ചുരുക്കത്തിൽ, ഭരണമുതലാളി വർഗ്ഗത്തിന്റെയും അവരുടെ പിണിയാളുകളുടെയും നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് നിരക്കുന്നതും സാധാരണക്കാരുടെ താൽപ്പര്യങ്ങൾക്ക് ഹാനികരവുമായ, മൂടിവയ്ക്കപ്പെട്ട വസ്തുതകളുടെയും മറച്ചുവയ്ക്കപ്പെട്ട സത്യത്തിന്റേതുമായ ഒരു ബജറ്റാണിത്. ●

# ഫീസിന്റെ പേരിൽ കൊള്ളയടിച്ച തുക വിദ്യാർത്ഥികൾക്ക് തിരിച്ചു നൽകണം

*(1-ാം പേജിൽ നിന്ന്)*

ക്കാരും തമ്മിലുള്ള അവിശുദ്ധമായ സഖ്യത്തിലേക്കാണ്. ഇത്ര കൊടിയ ചൂഷണവും ഭീകരമായ കൊലപാതകവും അരങ്ങേറിയിട്ടും സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരായ പ്രസ്താവനകൾക്കപ്പുറം എന്തെങ്കിലുമൊരു നടപടി സ്വീകരിക്കാൻ പിണറായി സർക്കാർ ചെറുവിരൽ അനക്കില്ലായെന്നതാണ് വാസ്തവം. വഴിപാടുപോലെ, ഒരു ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുമെന്ന പ്രഖ്യാപനമല്ലാതെ, മരണം കഴിഞ്ഞ് ഒരു മാസം കഴിഞ്ഞിട്ടും മുഖ്യമന്ത്രി പിണറായി വിജയൻ ജിഷ്ണുവിന്റെ അമ്മയെ കാണാൻപോലും പോയില്ലായെന്നത് എന്തുകൊണ്ടെന്നും വ്യക്തമാണ്.

എസ്എഫ്ഐ, എബിവിപി തുടങ്ങിയ വിദ്യാർത്ഥി സംഘടനകളും മറ്റും ഒരു ഘട്ടത്തിൽ കോളേജിലേക്ക് മാർച്ച് നടത്തുകയും ബിൽഡിംഗ് അടിച്ചുതകർക്കുകയും ചെയ്തു. എന്നാൽ, നയപരമായി ഒരു മാറ്റവും വരില്ലായെന്നു ഉറപ്പാക്കിയ രാഷ്ട്രീയനാടക രംഗങ്ങളാണ് സമരമെന്ന പേരിൽ നെഹ്റു കോളേജിൽ നടന്നത്. വിദ്യാർത്ഥി സംഘടനകൾ ലോ അക്കാദമിയിലെ സമരത്തിൽ സജീവമായി പങ്കെടുക്കുന്നുണ്ടായിരുന്നു എന്നാൽ, അത്തരമൊരു സമരമുഖം നെഹ്റു കോളേജിൽ ആരംഭിക്കാൻ അവർ മുന്നോട്ടു വന്നില്ല. പ്രതികൾക്കെതിരെ ഒരു നടപടിയും ഉണ്ടാവില്ലെന്ന് ഉന്നത രാഷ്ട്രീയ നേതാക്കളും അധികാര കേന്ദ്രങ്ങളും ഉറപ്പുനൽകിയിരിക്കുന്നുവെന്നർത്ഥം.

### മറ്റക്കര ടോംസ് കോളേജിലെ മനുഷ്യാവകാശ ലംഘനങ്ങളും ദുരൂഹമരണങ്ങളും

ജിഷ്ണുവിന്റെ മരണം കൊളുത്തിവിട്ട പ്രക്ഷോഭത്തിന്റെ തിരിനാളങ്ങൾ വളരെപ്പെട്ടെന്നു തന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ആളിപ്പടർന്നു. കോട്ടയത്തെ ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ രക്ഷിതാക്കൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന പീഡനങ്ങൾക്കെതിരെ പരസ്യമായി രംഗത്തുവരാൻ ധൈര്യം കാട്ടിയതോടെ, 2004 മുതൽ ആ സ്ഥാപനത്തിൽ സംഭവിച്ച കാര്യങ്ങൾ ഓരോന്നായി പുറത്തുവരാൻ തുടങ്ങി. 'റസിഡെൻഷ്യൽ' കോളേജ് എന്ന പദവി ഉപയോഗിച്ച് വിദ്യാർത്ഥികളെ ഇരുൾ മുറികളിൽ തടവിലാക്കിയാണ് ആ സ്ഥാപനത്തിന്റെ ചെയർമാൻ ടോം ടി. ജോസഫ് ശാരീരികവും മാനസികവുമായ പീഡനങ്ങൾ നടത്തി വന്നത്.

സ്വന്തം വീടുകൾ സന്ദർശിക്കാൻ അവധി ദിവസങ്ങളിൽപോലും പോകാൻ കുട്ടികൾക്ക് അനുമതിയുണ്ടായിരുന്നില്ല. അനുവാദമില്ലാതെ പോയാൽ, തിരിച്ച് കോളേജിൽ പ്രവേശിക്കാൻ മൂവായിരം രൂപ പിഴ നൽകണമെന്ന അസംബന്ധ നിബന്ധന അംഗീകരിക്കാനാവില്ലെന്ന് രക്ഷിതാക്കളിൽ ചിലർ നിലപാടെടുത്തതോടെയാണ് പ്രശ്നം രൂക്ഷമായത്. ആ വിഷയത്തിൽ രക്ഷിതാക്കൾ അധികാരികൾക്ക് പരാതി സമർപ്പിക്കുകയും കോട്ടയം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനം നടത്തുകയും ചെയ്തു. എന്നാൽ, മാധ്യമങ്ങളെ സ്വാധീനിച്ച് ടോം ടി. ജോസഫ് ഒരു പത്രത്തിലും വാർത്ത വരില്ലായെന്ന് ഉറപ്പാക്കി. നെഹ്റു കോളേജിലെ ജിഷ്ണുവിന്റെ മരണത്തെ സംബന്ധിച്ച് 'മനോരമവിഷനിൽ' നടന്ന 'കൗണ്ടർപോയിന്റ്' എന്ന പരിപാടിയിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറിയും എസ്‌യുസിഐ(സി) തിരുവനന്തപുരം ജില്ലാ സെക്രട്ടേറിയറ്റംഗവുമായ സഖാവ് ഷാജർഖാൻ ടോംസ് കോളേജിൽ നടന്നുകൊണ്ടിരിക്കുന്ന പീഡനങ്ങളെക്കുറിച്ച് വിശദീകരിച്ചതോടെയാണ് പുറംലോകം പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിയുന്നത്.

ചെയർമാൻ ടോമിന്റെ ഒരു അധോലോകമായിരുന്നു ആ സ്ഥാപനവും അവിടുത്തെ ഹോസ്റ്റലും. പ്രത്യേകിച്ചും പെൺകുട്ടികളുടെ ഹോസ്റ്റൽ. അർദ്ധരാത്രിയിൽപോലും അവിടെ കടന്നു ചെല്ലുകയും നിശാവസ്ത്രത്തിൽ തന്നെ കുട്ടികളെ കാണണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നത് നിത്യ സംഭവമായിരുന്നു. നിരാലംബരും അസംഘടിതരുമായിരുന്ന വിദ്യാർത്ഥിനികൾ ചെയർമാന്റെ ക്രൂരമായ നടപടികൾക്കെതിരെ ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കാൻ കഴിയാത്തവിധം പാരതന്ത്ര്യത്തിലായിരുന്നു. ഇടയ്ക്ക് വെച്ച് കോഴ്സ് നിർത്താനോ ഓടി രക്ഷപ്പെടാനോ പോലും കഴിയാതെ കീഴടങ്ങിയ വിദ്യാർത്ഥികളിൽ മൂന്നുപേർ ദുരൂഹസാഹചര്യങ്ങളിൽ അവിടെ മരിക്കുകയുണ്ടായി. 2007 ലാണ് ഇലന്തിക്കരയിലെ ജില എന്ന പെൺകുട്ടിയും പിതാവും ആത്മഹത്യ ചെയ്തത്. 2009 ജൂലൈ 18 ന് വയനാട്ടിലെ ബിജിന എന്ന പെൺകുട്ടിയെ പിതാവ് വെട്ടിക്കൊലപ്പെടുത്തിയിട്ട് ആത്മഹത്യ ചെയ്ത സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടു. മാനഹാനി ഭയന്നാണ് ആ പിതാവ് അങ്ങനെയൊരു കടുംകൈ ചെയ്തത്. ആ സംഭവത്തിന് ഉത്തരവാദി ടോം ടി.ജോസഫ് ആണെന്ന് കുട്ടിയുടെ മാതാവ് നൽകിയ പരാതിയിൽ പറഞ്ഞിട്ടുണ്ട്. 2011 ഒക്ടോ: 11-നാണ് രവിശങ്കർ എന്ന ഒരു വിദ്യാർത്ഥിയെ ഗുരുതരമായി മർദ്ദനമേറ്റ നിലയിൽ ക്യാമ്പസ്സിൽ കാണപ്പെട്ടത്. ആശുപത്രിയിലെത്തിയെങ്കിലും രവിശങ്കറും ഈ ലോകം വിട്ടുപോയി.

മേൽപറഞ്ഞ എല്ലാ കേസുകളിന്മേലും അന്വേഷണം നടന്നു. പള്ളിക്കതോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 94 പ്രകാരം ഫയൽ ചെയ്ത ആ കേസ്സുകളിൽ അന്നത്തെ മനുഷ്യാവകാശ കമ്മീഷന്റെയും വനിതാ കമ്മിഷന്റെയും നേരിട്ടുള്ള അന്വേഷണങ്ങൾ നടന്നു. പോലീസ് കേസ് 173/2010, 179/2010 തുടങ്ങിയ ക്രൈം നമ്പരുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ക്രൈം ബ്രാഞ്ച് സിഐ എ.രാജൻ നടത്തിയ അന്വേഷണത്തിൽ പരാതികളെല്ലാം ശരിയാണെന്ന് തെളിഞ്ഞു. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് 2011 മെയ് 26 ന് ക്രൈംബ്രാഞ്ച് ഡിവൈഎസ്പി രാജേന്ദ്രനെ, ടോം ടി.ജോസഫിനെ അറസ്റ്റ് ചെയ്യാൻ അന്നത്തെ എഡിജിപി ശ്രീജിത്ത് ചുമതലപ്പെടുത്തിയത്. എന്നാൽ, അറസ്റ്റുണ്ടായില്ലായെന്ന് മാത്രമല്ല, ആ കേസ്സുകൾ ഫയൽ ചെയ്യുന്നതിന് മുൻകൈയെടുത്ത രക്ഷിതാവ് കെ.കെ.രാജനെതിരെ കള്ളക്കേസുകൾ ചമച്ച് അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുകയും ചെയ്തു. 2004-ൽ വിശ്വേശ്വരയ്യ എന്ന പേരിൽ AMEE കോഴ്സുകൾ മാത്രം നടത്തിക്കൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു അത്. പക്ഷേ, വിദ്യാർത്ഥികളിൽ നിന്ന് വലിയ തോതിൽ ഫീസുകൾ പിരിച്ച് ലക്ഷാധിപതിയായി കഴിഞ്ഞിരുന്നു അയാൾ. അതിലൊരു വിഹിതം സ്ഥലത്തെ എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കൾക്കും അധികാരികൾക്കും കമ്മീഷനായി നൽകുന്ന ഏർപ്പാടും ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ശക്തമായ രാഷ്ട്രീയ പിന്തുണയോടെയാണ് ഇരുൾമുറികളിൽ വിദ്യാർത്ഥികളെ ക്രൂരമായി പീഡിപ്പിക്കാൻ അയാൾക്ക് ധൈര്യം ലഭിച്ചത്.

പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ വാർഡനും ടോം ടി.ജോസഫായിരുന്നു. അയാളുടെ അടുക്കള ജോലികൾ ചെയ്യാൻ നിർബന്ധിതരാകുന്ന പെൺകുട്ടികൾ അവരനുഭവിച്ച ദുരിത കഥകൾ പുറത്തു പറയുമ്പോൾ അത് കേട്ട് കേരളീയരാകെ തല താഴ്ത്തി നിൽക്കേണ്ടി വരുന്നു. ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ് ടോംസിലും ഇതര സ്വാശ്രയ സ്ഥാപനങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്.

സംസ്ഥാന സർക്കാരുമായി വർഷാവർഷം ഉണ്ടാക്കുന്ന കരാർ പ്രകാരം ഉയർന്ന ഫീസു വാങ്ങി കുട്ടികളെ കൊള്ളയടിക്കുന്നത് കൂടാതെയാണ് തൊട്ടതിനും പിടിച്ചതിനുമൊക്കെ പിഴ ചുമത്തുന്നത്. പെൺകുട്ടിയും ആൺകുട്ടിയും ഒന്നിച്ചു നടന്നാൽ 500 രൂപ പിഴ കൊടുക്കണം എന്ന നിബന്ധനയുള്ള സ്ഥാപനങ്ങൾ ഈ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### ഫീസിന്റെ പേരിൽ പകൽകൊള്ള നടത്തിയ തുക വിദ്യാർത്ഥികൾക്ക് തിരിച്ചു നൽകണം

ടോംസ് കോളേജിൽ ഫീസിന്റെ പേരിൽ വൻ കൊള്ളയാണ് നടക്കുന്നത്. കരാർ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിൽ പരമാവധി വാങ്ങാവുന്ന തുക 90,000 രൂപയാണ്. എന്നാൽ, അവിടെ ട്യൂഷൻ എന്ന പേരിൽ 99000 രൂപയും കൂടാതെ പ്രത്യേക ഫീസ് 25000 രൂപയും പരീക്ഷാഫീ എന്ന പേരിൽ 5000 രൂപയും യൂണിഫോം ഉപകരണങ്ങൾ തുടങ്ങിയ പേരുകളിൽ 10,000 രൂപയും വീണ്ടും സ്പെഷ്യൽ ഫീസ് എന്ന പേരിൽ 10,000 രൂപയും ഹോസ്റ്റലിന്റെ പേരിൽ 60,000 രൂപയും ഉൾപ്പെടെ ഒരു വർഷത്തേക്ക് 2,14,000 രൂപ വീതമാണ് കുട്ടികളിൽനിന്ന് ടോംസ് ഈടാക്കുന്നത്.(ലേറ്റ്ഫീ, കൂട്ടംകൂടിയാൽഫൈൻ, മൊബൈൽ ഫോൺ ഉപയോഗിച്ചാൽ പിഴ, വസ്ത്രധാരണത്തിൽ പിശക് കണ്ടാൽ പിഴ എന്തിനേറെ ചിരിച്ചാൽ പോലും പിഴ ഈടാക്കുന്ന സ്ഥാപനങ്ങളുണ്ട്). ടോംസ് കോളേജിലെ നാലു വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കാൻ എട്ടരലക്ഷം രൂപയാണ് ഫീസിനത്തിൽ മാത്രം ഒരു വിദ്യാർത്ഥി നൽകേണ്ടി വരുന്നത്.

കരാർ വ്യവസ്ഥകൾ കാറ്റിൽ പറത്തുന്ന ഈ സ്ഥാപനത്തിന് യഥാർത്ഥത്തിൽ സ്ഥിര സ്വഭാവത്തിലുള്ള അഫിലിയേഷൻ ഇനിയും ലഭിച്ചിട്ടില്ല. താൽക്കാലികമായി കേരള സാങ്കേതിക സർവകലാശാല നൽകിയ അഫിലിയേഷനാകട്ടെ എഐസിടിഇ യുടെ എല്ലാ ചട്ടങ്ങൾക്കും വിരുദ്ധമായിട്ടുള്ളതുമാണ്. സാങ്കേതിക സർവകലാശാല രജിസ്ട്രാറുടെ നേതൃത്വത്തിൽ ഈ സ്ഥാപനത്തെക്കുറിച്ച് ആദ്യം അന്വേഷിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ അഫിലിയേഷൻ റദ്ദാക്കാൻ തീരുമാനിക്കപ്പെട്ടതാണ്. എന്നാൽ ആ തീരുമാനം അട്ടിമറിക്കാൻ രാഷ്ട്രീയ സമ്മർദ്ദത്തെ തുടർന്ന് 2017 ജനുവരി 31 ന് വീണ്ടും രജിസ്ട്രാർ തെളിവെടുപ്പിന് കോളേജിലെത്തി. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും കടുത്ത എതിർപ്പിനിടയിൽ നടന്ന തെളിവെടുപ്പിൽ 15 രക്ഷിതാക്കൾ ഒഴികെ മുഴുവൻ പേരും ഒറ്റക്കെട്ടായി കുട്ടികളെ പിൻവലിക്കുകയാണെന്ന് അറിയിച്ചു.

ടോംസ് എഞ്ചിനീയറിംഗ് കോളേജിന്റെ അഫിലിയേഷൻ പോലും AICTE യുടെ ചട്ടങ്ങൾക്കു വിരുദ്ധമായിട്ടാണ് സാങ്കേതിക സർവകലാശാല നൽകിയിട്ടുള്ളത്. പത്തേക്കർ ഭൂമിവേണമെന്ന നിബന്ധന അവർ പാലിച്ചിട്ടില്ല. 50 സെന്റ് മാത്രമാണ് കോളേജ് പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ ആകെയുള്ളത്. ഓഫീസ് എന്ന പേരിൽ രജിസ്ട്രാറുടെ സംഘത്തിന് കാണിച്ചുകൊടുക്കാൻ ഒരുക്കിയതുപോലും ആൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റലായിരുന്നു. രായ്ക്കുരാമാനം കുട്ടികളുടെ ഹോസ്റ്റൽ ഒഴിപ്പിച്ച്, കൃത്രിമമായി ചില സംവിധാനങ്ങൾ ഏർപ്പെടുത്തി അംഗീകാരം നേടാനുള്ള നാലാംകിട തട്ടിപ്പു വിദ്യകളാണ് ടോം കാണിച്ചു കൂട്ടിയത്. രക്ഷിതാക്കളുടെ സമരത്തിന് നേതൃത്വം നൽകുന്ന നേതാക്കളായ ആവണീശ്വരം രാജശേഖരൻ, നിസാമുദ്ദീൻ, ബിന്ദു ദേവരാജൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാ കമ്മിറ്റിയംഗം ഇ.വി.പ്രകാശ്, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് എം.കെ. ഷഹസാദ്, നസീർ പത്തനാട്, ശ്രീമതി ബോബി എന്നിവരുടെ സമയോചിതമായ ഇടപെടലിനെ തുടർന്ന് ആ തട്ടിപ്പുകൾ വെളിച്ചത്തു കൊണ്ടുവരാൻ കഴിഞ്ഞു. രക്ഷിതാക്കളും വിദ്യാർത്ഥികളും ഒറ്റക്കെട്ടായി നടത്തിയ ധീരോജ്ജ്വലമായ സമരത്തെ തുടർന്ന്, ക്രമക്കേടുകളെക്കുറിച്ച് പുറംലോകത്തെ അറിയിക്കാൻ ദൃശ്യമാധ്യമങ്ങളും അച്ചടി മാധ്യമങ്ങളും രംഗത്തു വരികയും ചെയ്തു. സമരം ശക്തിപ്പെട്ടതോടെ ടെക്നിക്കൽ യൂണിവേഴ്സിറ്റി ടോംസ് കോളേജിന്റെ അടുത്തവർഷത്തെ അഫിലിയേഷൻ റദ്ദാക്കാൻ തീരുമാനിച്ചു. എന്നാൽ ടോംസ് കോളേജിനെ രക്ഷിക്കുന്നതിന്റെ ഭാഗമായി ഈ വർഷത്തെ അഫിലിയേഷൻ റദ്ദാക്കണ്ട എന്നു തീരുമാനിച്ചു. ഉന്നതരാഷ്ട്രീയകേന്ദ്രങ്ങളുമായുള്ള ടോംസിന്റെ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് കെറ്റിയു ഇത്തരമൊരു വഞ്ചനാപരമായ തീരുമാനം കൈക്കൊണ്ടത്. അതിന്റെ മറയിൽ ഈ അദ്ധ്യയനവർഷം ക്ലാസ്സുനടത്താൻ ടോംസിന് അവസരം ഒരുക്കുകയാണ്. എന്നാൽ അത് അനുവദിക്കുകയില്ലായെന്ന് എഐഡിഎസ്ഒ നേതാക്കളും ടോംസിലെ വിദ്യാർത്ഥികളും ഒറ്റക്കെട്ടായി പ്രഖ്യാപിച്ചു.

ഫീസിന്റെ പേരിൽ ടോംസിൽ നടക്കുന്ന പിടിച്ചുപറിയെക്കുറിച്ച് വിശദീകരിക്കാൻ തിരുവനന്തപുരത്ത് സേവ് എജ്യൂക്കേഷൻ കമ്മിറ്റി വാർത്താസമ്മേളനം വിളിച്ചു. അഫിലിയേഷൻ റദ്ദാക്കുകയും വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുകയും ചെയ്യുക എന്ന തീരുമാനം സർവകലാശാല കൈക്കൊണ്ട സാഹചര്യത്തിൽ ടോംസിലെ വിദ്യാർത്ഥികളിൽ നിന്ന് മുൻകൂറായി വാങ്ങിയ മുഴുവൻ പണവും തിരിച്ചു നൽകണമെന്ന് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സെക്രട്ടറി എം. ഷാജർഖാൻ ആവശ്യപ്പെട്ടു. 2004- മുതൽ ആ കോളേജിൽ നടന്ന ദുരൂഹമരണങ്ങളെക്കുറിച്ച് പുനരന്വേഷണം പ്രഖ്യാപിക്കണമെന്നും ക്രമക്കേടുകൾക്കുത്തരവാദിയായവരെ ശിക്ഷിക്കാൻ ആവശ്യമായ രാഷ്ട്രീയ തീരുമാനം കൈക്കൊള്ളണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### ടോമിനെ അറസ്റ്റ് ചെയ്യാൻ പ്രക്ഷോഭം

ടോംസ് കോളേജിലെ എല്ലാ അതിക്രമങ്ങൾക്കും ഉത്തരവാദി ആ സ്ഥാപനത്തിന്റെ ചെയർമാനായ ടോം ടി. ജോസഫ് തന്നെയാണെന്ന് വ്യക്തമായ സാഹചര്യത്തിൽ അയാളെ അറസ്റ്റ് ചെയ്തു നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ കാലവിളംബം ഉണ്ടാകാൻ പാടില്ലായിരുന്നു. എന്നാൽ, അമാന്തം ഉണ്ടാകുന്നുവെന്നു മാത്രമല്ല, പ്രതിയെ രക്ഷിക്കാൻ കടുത്ത രാഷ്ട്രീയ നീക്കങ്ങൾ പല തലങ്ങളിൽ ഇപ്പോഴും നടക്കുന്നുവെന്നതിനാലുമാണ് അയാൾ രാജാവായി ഇപ്പോഴും വിലസ്സുന്നത്. 2016 ഡിസംബർ വരെ, ആ കോളേജിലെ പെൺകുട്ടികൾ ഉൾപ്പെടെയുള്ളവർ നൽകിയ കേസുകളിൽ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസ്സെടുക്കാൻ ഇടതു- കോൺഗ്രസ് സർക്കാരുകൾക്കു കഴിയുമായിരുന്നു. രാഷ്ട്രീയ നേതാക്കൾ വിലക്കെടുക്കപ്പെട്ടതിനാൽ, നിഷ്പക്ഷമായി പ്രവർത്തിക്കാൻ പോലീസ് സേനയ്ക്ക് കഴിയാതെ വന്നിരിക്കുന്നു. അവർ അവിഹിത ഇടപാടുകളുടെ പങ്കുകാരായി മാറുന്ന കാഴ്ചയാണുള്ളത്. 2017-ൽ ടോമിനെതിരെ 20 കേസ്സുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പള്ളിക്കത്തോട് എസ്ഐ പറയുന്നുണ്ടെങ്കിലും അയാളെ അറസ്റ്റുചെയ്യാത്തത് ഉന്നതരാഷ്ട്രീയ ഇടപെടലുകൾ മൂലമാണ്.

കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ജനുവരി 28-ാം തിയതി നടത്തിയ പ്രസ്താവനയിൽ നെഹ്റുവിന്റെയും കാർട്ടൂണിസ്റ്റ് ടോമിന്റെയും പേരുകൾ കേട്ടാൽ പോലും ഇപ്പോൾ ഞെട്ടലുണ്ടാകുമെന്നു പ്രസംഗിക്കുകയുണ്ടായി. സ്വാശ്രയക്കച്ചവടക്കാരെ നിലയ്ക്ക് നിർത്തുമെന്ന് വീമ്പിളക്കുകയും ചെയ്തു. എന്നാൽ, ടോംസ്കോളേജിലെ രക്ഷിതാക്കൾ 2017 ജനുവരി ആദ്യവാരം മുഖ്യമന്ത്രി പിണറായി വിജയന് പരാതികൾ സമർപ്പിച്ചതാണ്. ഒരു നടപടിയും എടുക്കാൻ ആഭ്യന്തരം കയ്യാളുന്ന പിണറായി വിജയൻ ഇതു

*(ശേഷം 5-ാം പേജിൽ)*

**നെഹ്റുവിന്റെയും കാർട്ടൂണിസ്റ്റ് ടോമിന്റെയും പേരുകൾ കേട്ടാൽ പോലും ഞെട്ടലുണ്ടാകുമെന്നു മുഖ്യമന്ത്രി പ്രസംഗിക്കുകയുണ്ടായി. സ്വാശ്രയക്കച്ചവടക്കാരെ നിലയ്ക്ക് നിർത്തുമെന്ന് വീമ്പിളക്കുകയും ചെയ്തു. ടോംസ്കോളേജിലെ രക്ഷിതാക്കൾ ജനുവരി ആദ്യവാരം മുഖ്യമന്ത്രിക്ക് പരാതികൾ സമർപ്പിച്ചതാണ്. ഒരു നടപടിയും എടുക്കാൻ ആഭ്യന്തരം കയ്യാളുന്ന പിണറായി വിജയൻ ഇതുവരെ തയ്യാറായിട്ടില്ല. അത്തരമൊരു സാഹചര്യത്തിലാണ് ജനുവരി 30-ാം തിയതി രാവിലെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ കോട്ടയം കളക്ട്രേറ്റിലേക്കു വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മാർച്ച് സംഘടിപ്പിച്ചത്. ടോം ടി. ജോസഫിനെ അറസ്റ്റുചെയ്യുക, വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിൽ പ്രവേശനം നൽകുക എന്നിവയായിരുന്നു ഡിമാന്റുകൾ.**

# വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുക

(4-ാം പേജിൽ നിന്ന്)

വരെ തയ്യാറായിട്ടില്ല. അത്തരമൊരു സാഹചര്യത്തിലാണ് ജനുവരി 30-ാം തീയതി രാവിലെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ കോട്ടയം കളക്‌ട്രേറ്റിലേക്കു വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മാർച്ച് സംഘടിപ്പിച്ചത്. ടോം ടി. ജോസഫിനെ കൈയ്യാമം വച്ച് നിയമത്തിന് മുന്നിലെത്തിക്കുക എന്നതായിരുന്നു മാർച്ചിൽ മുന്നോട്ടു വച്ച പ്രധാന ആവശ്യം. ഒപ്പം വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജുകളിൽ പ്രവേശനം നൽകണമെന്നും ആവശ്യപ്പെട്ടു.

**വിദ്യാർത്ഥി-രക്ഷാകർത്തൃ പ്രസ്ഥാനം രൂപപ്പെട്ടുവരുന്നു**

സമരമുഖത്ത് വിദ്യാർത്ഥികളോടൊപ്പം ടോംസ് കോളേജിലെ രക്ഷിതാക്കൾക്കൂടി സജീവമായി പങ്കെടുത്തുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഐക്യം സ്വാശ്രയ വിദ്യാലയങ്ങളിലെ പീഡനങ്ങൾക്കെതിരെ രൂപപ്പെട്ടു വരുന്നതിന്റെ ലക്ഷണങ്ങളായി അവയെ കാണാവുന്നതാണ്. പ്രതീക്ഷാ ഭരിതമായ പ്രക്ഷോഭദിനങ്ങളാണ് എവിടെയുമുള്ളതെന്ന് ഇതര കോളേജുകളിൽ നിന്നു മുന്നോട്ടു വരുന്ന വിദ്യാർത്ഥികളുടെ സമരപ്രഖ്യാപനങ്ങൾ അടിവരയിടുന്നു. ജനുവരി 27-ാം തിയതി ടോംസിൽ നടന്ന വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും സംയുക്ത യോഗം ഒരു പൊതുവേദിക്ക് രൂപം നൽകിയിട്ടുണ്ട്. 'അസോസിയേഷൻ ഓഫ് സ്റ്റുഡന്റ്സ് ആന്റ് പേരന്റ്സ് ഫോർ ദ സെൽഫ് ഫൈനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ്' എന്ന ഫോറത്തിന് ആ യോഗം രൂപം നൽകുകയുണ്ടായി. സ്വാശ്രയ രംഗത്തെ ചങ്ങലകളിൽ നിന്ന് വിമോചിതരാകുവാൻ വിദ്യാർത്ഥികൾക്കും കുട്ടികളുടെ ഭാവിയ്ക്കുവേണ്ടി പൊരുതുവാൻ രക്ഷിതാക്കൾക്കും ഒത്തൊരുമിച്ച് കൈകോർത്ത് മുന്നേറാൻ അത്തരമൊരു വേദി നിശ്ചയമായും അനിവാര്യമായിരിക്കുന്നു.

**ലോ അക്കാദമിയിൽ നടന്ന വിദ്യാർത്ഥി പീഡനങ്ങൾക്കെതിരെ പ്രക്ഷോഭം**

ഇതിനിടയിൽ, തിരുവനന്തപുരം ലോ അക്കാദമിയിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെ വിദ്യാർത്ഥികൾ സ്വതന്ത്രമായി ആരംഭിച്ച ഒരു പ്രക്ഷോഭം നിരവധി ക്രമവിരുദ്ധമായ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങൾകൂടി പുറത്തു കൊണ്ടുവരാൻ ഇടയാക്കി.

കോളേജിലെ പീഡനങ്ങൾ പ്രധാനമായും പ്രിൻസിപ്പാൾ ലക്ഷ്മിനായരുടെ നേതൃത്വത്തിലാണ് നടക്കുന്നതെന്നതിനാൽ പ്രിൻസിപ്പാൾ രാജിവച്ചൊഴിഞ്ഞാൽ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ എന്ന ഉറച്ച നിലപാടിലാണ് വിദ്യാർത്ഥികൾ പ്രക്ഷോഭം തുടങ്ങിയത്. കെഎസ്‌യുവും എഐഎസ്എഫും ഉൾപ്പെട്ട സംയുക്ത വിദ്യാർത്ഥി സമരസമിതിയുടെ ആഭിമുഖ്യത്തിൽ സമരപന്തൽ കെട്ടി തുടങ്ങിയ സമരത്തിൽ ഇല്ലാതിരുന്ന എസ്എഫ്ഐ ഏതാനും ദിവസങ്ങൾക്ക് ശേഷം പ്രത്യേക സമരപ്പന്തൽ കെട്ടി സമരം തുടങ്ങിയതോടെ വ്യത്യസ്ത പന്തലുകൾ നിലവിൽവന്നു. എബിവിപിയും പ്രത്യേക സമരപ്പന്തൽ കെട്ടി. വൈകാതെ ബിജെപിയും എഐവൈഎഫും കോൺഗ്രസും മറ്റുമെല്ലാം പ്രത്യേകം പ്രത്യേകം സമരപ്പന്തലുകൾ കെട്ടി, ലക്ഷ്മിനായർ രാജിവയ്ക്കുക എന്ന ആവശ്യവുമായി രംഗത്തണിനിരന്നതോടെ സമരം കൂടുതൽ രാഷ്ട്രീയ സ്വഭാവമാർജ്ജിച്ചു.

വ്യക്തിവിരോധമുള്ള വിദ്യാർത്ഥികളെ ഇന്റേണൽ അസസ്മെന്റിന്റെ പേരിൽ പരീക്ഷകളിൽ പരാജയപ്പെടുത്തുന്ന ഏർപ്പാട് വർഷങ്ങളായി ആ കോളേജിൽ നിലവിലുണ്ട്. ക്ലാസ് അധ്യാപകർ നിശ്ചയിക്കുന്ന ഇന്റേണൽ പ്രാക്ടിക്കൽ മാർക്കുകളിൽ കൃത്രിമം കാട്ടിയതിന് ശേഷമാണ് പ്രിൻസിപ്പാൾ മാർക്ക് ഷീറ്റ് സർവകലാശാലയ്ക്ക് അയയ്ക്കുന്നത്. പ്രിൻസിപ്പാളിന് പ്രത്യേകതാൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടിക്കൊടുക്കുകയും വ്യക്തിപരമായ ആവശ്യങ്ങൾ നിറവേറ്റികൊടുക്കാൻ വിമുഖത കാട്ടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മാർക്കു കൊടുക്കാതിരിക്കുകയും ചെയ്യുക എന്ന അങ്ങേയറ്റം നികൃഷ്ടവും വ്യക്തിപരവുമായ രീതികളും സമ്പ്രദായങ്ങളും അക്കാദമിക അന്തരീക്ഷത്തെ, വിശേഷിച്ചും കലാലയ അന്തരീക്ഷത്തെ വഷളാക്കിയിരുന്നു. വിദ്യാർത്ഥിസംഘടനകൾക്ക് ഔപചാരികമായി പ്രവർത്തന സ്വാതന്ത്ര്യം ലഭ്യമായിരുന്നുവെങ്കിലും ഇന്റേണൽ അസസ്മെന്റ് എന്ന വാൾ അവരുടെ മുകളിൽ എപ്പോഴും തൂങ്ങിക്കിടന്നു. അതുകൊണ്ടു തന്നെ വിദ്യാർത്ഥി നേതാക്കൾപോലും ഭയപ്പാടോടെയാണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത്.

**ഇനി പരിഹാരമാർഗം ഒന്നുമാത്രമേയുള്ളൂ. സർക്കാർഭൂമിയിൽ പ്രവർത്തിക്കുന്ന ലോ അക്കാദമി സർക്കാർ ഏറ്റെടുക്കുക എന്നതാണ് അത്. ഇന്റേണൽ അസസ്മെന്റിന്റെ പേരിലുള്ള പീഡനങ്ങൾ അവസാനിപ്പിക്കാനും വിദ്യാർത്ഥികൾ നേരിടുന്ന പ്രാകൃതമായ ആക്രമണങ്ങൾക്ക് അറുതി വരുത്താനും അപ്പോൾ മാത്രമേ കഴിയൂ.**

ജിഷ്ണുവിന്റെ മരണം ഉയർത്തിവിട്ട കൊടുങ്കാറ്റിൽ ഇളകിയാടിയ കലാലയങ്ങളുടെ കൂട്ടത്തിൽ മുൻപന്തിയിൽവന്നത് ലോ അക്കാദമി ആയിരുന്നു. ഭൂരിപക്ഷം വിദ്യാർത്ഥികളും അണിനിരന്ന അപൂർവമായ ഒരു സമരമുഖമായിരുന്നു അത്. രാഷ്ട്രീയക്കാരായ വിദ്യാർത്ഥികൾ അവരവരുടെ പന്തലിലും സ്വതന്ത്രവിദ്യാർത്ഥികൾ സ്വതന്ത്രമായ സമരപ്പന്തലിലും ഉറച്ചു നിന്നു. ആവശ്യങ്ങൾ ഏവരും ഒരേപോലെ അംഗീകരിച്ചവയായിരുന്നു. പരീക്ഷാകാര്യങ്ങളിൽ ലക്ഷ്മിനായർ ഇടപെടരുത്, വനിതാ ഹോസ്റ്റലിൽപോലും സ്ഥാപിക്കപ്പെട്ട സിസി ടിവി ക്യാമറകൾ എടുത്തുമാറ്റുക, ഇന്റേണൽ അസസ്മെന്റിന്റെ പേരിലുള്ള പീഡനങ്ങൾ അവസാനിപ്പിക്കുക, ലക്ഷ്മിനായരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് വിദ്യാർത്ഥികളെ നിയോഗിക്കുന്നത് അവസാനിപ്പിക്കുക, ജാതീയമായ അധിക്ഷേപങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ 16 കാര്യങ്ങളാണ് ആദ്യം വിദ്യാർത്ഥികൾ സമർപ്പിച്ച നിവേദനത്തിൽ ഉണ്ടായിരുന്നത്.

സമരം തുടങ്ങി വൈകാതെ, ലക്ഷ്മി നായർ രാജിവയ്ക്കുക എന്ന ഡിമാന്റ് വിദ്യാർത്ഥികൾ ഒന്നടങ്കം ഏറ്റെടുക്കുന്ന സാഹചര്യമുണ്ടായിവന്നു. എന്തായാലും സർവകലാശാല സിൻഡിക്കേറ്റ് വിദ്യാർത്ഥി പ്രശ്നങ്ങൾ പഠിക്കാൻ ഒരു ഉപസമിതിയെ നിയോഗിച്ചു. വിദ്യാർത്ഥികൾ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളും ശരിയാണെന്നും അക്കാദമിയ്ക്കെതിരെ നടപടി വേണമെന്നും സമിതി ശുപാർശ ചെയ്തു. എന്നാൽ, അതിനുശേഷമുള്ള സിൻഡിക്കേറ്റ് യോഗത്തിൽ സിപിഐ(എം) അംഗങ്ങൾ ലക്ഷ്മിനായരെ പുറത്താക്കണമെന്ന ആവശ്യത്തിനോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും തീരുമാനം സർക്കാർ എടുക്കട്ടെ എന്ന നിർദ്ദേശംവയ്ക്കുകയും ചെയ്തു. തീരുമാനം സർവകലാശാല സർക്കാറിന് വിട്ടത് മാനേജ്മെന്റും സർക്കാരും തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമായിരുന്നു. നിയമപ്രകാരം സ്വാശ്രയ കോളേജിനെതിരെ നടപടിയെടുക്കേണ്ടത് സർവകലാശാലയാണ്, സർക്കാരല്ല. പക്ഷേ പന്ത് സർക്കാറിന്റെ കോർട്ടിലേക്കു തട്ടിയത് പ്രിൻസിപ്പാളിനെ രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടായിരുന്നു.

ചട്ടലംഘനങ്ങൾക്കെതിരെ അഫിലിയേഷൻ റദ്ദാക്കാനായി കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കുന്ന സാഹചര്യമുണ്ടായി വന്നാൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ അംഗീകരിക്കാനും പ്രിൻസിപ്പാൾ വ്യവസ്ഥപ്രകാരം ഒഴിയാനും സന്നദ്ധയാകുമായിരുന്നു.

**എസ്എഫ്ഐയുടെ വഞ്ചന**

അതിനു പകരം സിപിഐ(എം)ന്റെ ഉന്നത നേതാക്കളുടെ നിർദ്ദേശപ്രകാരം എസ്എഫ്ഐ നേതാക്കളും അക്കാദമി ട്രസ്റ്റ് ഡയറക്ടർ നാരായണൻ നായരും മറ്റുമായി 2017 ജനുവരി 31ന് ഒരു ചർച്ചാപ്രഹസനം നടത്തി ഡിമാന്റുകൾ അംഗീകരിച്ചുവെന്ന് വരുത്തി തീർക്കാനാണ് ശ്രമം നടത്തിയത്. സമരം ചെയ്യുന്ന മറ്റു വിദ്യാർത്ഥി സംഘടനകളെ ഒഴിവാക്കി എസ്എഫ്ഐയുമായി മാത്രം ചർച്ച നടത്തി അവരെ ചാമ്പ്യന്മാരാകാൻ ആസൂത്രണം ചെയ്ത തികച്ചും ജനാധിപത്യ വിരുദ്ധമായ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധം വിദ്യാർത്ഥികൾക്കിടയിലും ഇതര സംഘടനകൾക്കിടയിലും ഉയർന്നു വന്നു. എന്നാൽ, അതേസമയം ഡിമാന്റുകൾ അംഗീകരിച്ചതായും സമരം അവസാനിപ്പിക്കുന്നതായും എസ്എഫ്ഐ നേതാക്കൾ ഏകപക്ഷീയമായി പ്രഖ്യാപിച്ചു. ലക്ഷ്മിനായർ പ്രിൻസിപ്പാൾ സ്ഥാനം ഒഴിയുമെന്നും 5 വർഷത്തേക്ക് ഫാക്കൽറ്റിയായിപ്പോലും കോളേജിൽ വരില്ലായെന്നും ഉറപ്പു ലഭിച്ചെന്നുമാണ് എസ്എഫ്ഐ നേതാക്കൾ പറഞ്ഞത്.

എന്നാൽ മാനേജ്മെന്റ് പിന്നീട് നടത്തിയ വാർത്താ സമ്മേളനത്തിൽ ലക്ഷ്മിനായരെ പ്രിൻസിപ്പാൾ സ്ഥാനത്ത് നിന്ന് 5 വർഷത്തേക്ക് മാറ്റിനിർത്തുന്നുവെന്നാണ് പിതാവും ട്രസ്റ്റ് ഡയറക്ടറുമായ നാരായണൻനായർ പറഞ്ഞത്. 5 വർഷത്തിന് ശേഷം ലക്ഷ്മിനായർ തിരിച്ചു വരുമോ എന്ന ആശങ്കയ്ക്ക് അത് അന്ന് ആലോചിക്കാം എന്നാണ് മറുപടി പറഞ്ഞത്. ലക്ഷ്മി നായരാകട്ടെ അച്ഛൻ പറഞ്ഞാൽ മാറി നിൽക്കും, രാജിവയ്ക്കില്ല എന്ന നിലപാടിൽ ഉറച്ചു നിന്നു. ആ ചുറ്റുപാടിൽ പ്രക്ഷോഭം തുടരാൻ എസ്എഫ്ഐ ഒഴികെയുള്ള വിദ്യാർത്ഥി സംഘടനകൾ സംയുക്തമായി തീരുമാനിച്ചു. സംയുക്ത സമര സമിതിയിൽ എഐഡിഎസ്ഒ കൂടി ചേർന്നതോടെ, 5 സംഘടനകളുടെ ആഭിമുഖ്യത്തിൽ 2017 ഫെബ്രുവരി 1 ന് സംസ്ഥാന വിദ്യാഭ്യാസ ബന്ദ് നടന്നു.

**ലോ അക്കാദമി സർക്കാർ ഏറ്റെടുക്കണം.**

ഇനി പരിഹാരമാർഗം ഒന്നുമാത്രമേയുള്ളൂ. സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന ലോ അക്കാദമി സർക്കാർ ഏറ്റെടുക്കുക എന്നതാണ് അത്. ഇന്റേണൽ അസസ്മെന്റിന്റെ പേരിലുള്ള പീഡനങ്ങൾ അവസാനിപ്പിക്കാനും വിദ്യാർത്ഥികൾ നേരിടുന്ന പ്രാകൃതമായ ആക്രമണങ്ങൾക്ക് അറുതി വരുത്താനും അപ്പോൾ മാത്രമേ കഴിയൂ.

പഠനത്തെ പീഡനമാക്കി തീർക്കുന്ന സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടം കേരളത്തിന്റെ മണ്ണിൽ അവസാനിപ്പിക്കാൻ സമയമായിരിക്കുന്നു. രണ്ട് സ്വാശ്രയകോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്ന സൂത്രവാക്യം ഉപയോഗിച്ച് കള്ളക്കച്ചവടം നടത്താൻ വേദിയൊരുക്കിക്കൊടുത്ത ഇടതു-വലതു മുന്നണികളാണ് ഈ ദുർഭൂതത്തെ കുടത്തിൽ നിന്ന് തുറന്നു വിട്ടതിന് ഉത്തരവാദികൾ. 'രണ്ടു ചെകുത്താൻ സമം ഒരു പുണ്യാളൻ' എന്ന മാതൃഭൂമി പത്രത്തിലെ സ്വതന്ത്രന്റെ നിരീക്ഷണം അർത്ഥവത്താണ്. സ്വാശ്രയ സമ്പ്രദായത്തിന് വിജ്ഞാന വ്യാപനമോ വ്യക്തിത്വ വികസനമോ സൃഷ്ടിക്കാനാവില്ല. ജിഷ്ണുവിനെപോലെയുള്ള പ്രതിഭാധനരായ വിദ്യാർത്ഥികളുടെ പോലും ജീവനെടുക്കുന്ന ഏർപ്പാടായി അധഃപതിച്ചിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരായിട്ടുള്ള പ്രക്ഷോഭത്തിന് പ്രബുദ്ധ കേരളം ഒന്നടങ്കം അണിനിരക്കണം. ●

# എഐഡിഎസ്ഒ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച്

സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന മനുഷ്യാവകാശ പ്രശ്നങ്ങളിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും കർശന നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി.

മാർച്ച് എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനുബേബി ഉദ്ഘാടനം ചെയ്തു. ഇനിയും ജിഷ്ണുമാർ ആവർത്തിക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടെന്നുള്ളതാണ് സ്വാശ്രയസ്ഥാപനങ്ങളിൽ നിന്നും പുറത്തുവന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത് സർക്കാരുകൾ നടപ്പിലാക്കിയ സ്വാശ്രയവിദ്യാഭ്യാസ നയങ്ങളാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈടാക്കിക്കൊണ്ടിരിക്കുന്ന ഫീസ്ഘടന, ഫൈൻ, അച്ചടക്ക നടപടികൾ, ഹോസ്റ്റൽ നടപടിക്രമങ്ങൾ, അധ്യാപക നിയമനം, പരീക്ഷാ നടത്തിപ്പ്, ഇന്റേണൽ അസസ്മെന്റ്, എക്സാം അരിയർ -ഡീബാർ റിക്കോർഡ്സ് , വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങളുടെയും സംഘടനാ സ്വാതന്ത്ര്യത്തിന്റെയും സാഹചര്യം, ഗ്രീവൻസ് സെൽ-വിമൻസ് സെൽ തുടങ്ങിയവയുടെ പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ സമഗ്രമായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. സ്വാശ്രയ കോളെജുകളിലെ മനുഷ്യാവകാശ പ്രശ്നങ്ങളിൽ അന്വേഷണം നടത്തി അടിയന്തരമായി നടപടിയെടുക്കുകയും അനാരോഗ്യകരമായ പ്രവണതകൾ ആവർത്തിക്കാതിരിക്കുവാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ എത്രയും വേഗം വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ യോഗം വിളിച്ചു ചേർത്തുകൊണ്ട് ഫലപ്രദമായ നടപടികൾ ആരായുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണം -ബിനുബേബി ആവശ്യപ്പെട്ടു.

സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ്മാരായ എ.ഷൈജു, എസ്.അലീന, സെക്രട്ടേറിയറ്റംഗം എം.കെ.ഷഹസാദ് എന്നിവർ പ്രസംഗിച്ചു. പാളയത്ത് നിന്നുമാരംഭിച്ച മാർച്ചിന് ജെ.മാനവ്, ജി.എസ്.ശാലിനി, ആർ.രാഹുൽ, ആർ.ജതിൻ, ഗോവിന്ദ് ശശി എന്നിവർ നേതൃത്വം നൽകി. സെക്രട്ടേറിയേറ്റിന് മുൻപിൽ സ്വാശ്രയവിദ്യാഭ്യാസ ഭീകരതയുടെ പ്രതീകമായി കഴുകന്റെ കോലം കത്തിച്ചു. ●




സെക്രട്ടേറിയറ്റ് മാർച്ചിനെ സഖാവ് ബിനുബേബി അഭിസംബോധന ചെയ്യുന്നു



സൈദ്ധാന്തികപാഠങ്ങൾ

# ലെനിൻ-നിർഭയനായ പോരാളി, അത്യുന്നതനായ നേതാവ്

(മഹാനായ ലെനിന്റെ നിര്യാണത്തിനുശേഷം, ക്രെംലിൻ മിലിട്ടറി സ്കൂളിൽ, 1924 ജനുവരി 28 ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ സഖാവ് സ്റ്റാലിൻ നടത്തിയ പ്രസംഗം, നവംബർ വിപ്ലവ ശതാബ്ദിയുടെ ഭാഗമായി, ജനുവരി 21 -ലെനിൻ അനുസ്മരണദിനത്തോട് അനുബന്ധിച്ച് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു).

സഖാക്കളേ, ഇന്നുവൈകുന്നേരം നിങ്ങൾ ഇവിടെ ലെനിൻ അനുസ്മരണ സമ്മേളനം സംഘടിപ്പിക്കുന്നതായും, അതിലെ പ്രസംഗകരിൽ ഒരാളായി എന്നെ ക്ഷണിക്കുന്നതായും എന്നോടുപറയുകയുണ്ടായി. ലെനിന്റെ പ്രവർത്തനങ്ങളെ പറ്റി മുൻകൂട്ടി തയ്യാറാക്കി പ്രസംഗിക്കേണ്ടുന്ന ആവശ്യം എനിക്കുണ്ടെന്നും ഞാൻ കരുതുന്നില്ല. ഒരു മനുഷ്യൻ എന്ന നിലയിലും, ഒരു നേതാവ് എന്ന നിലയിലും ലെനിന്റെ സ്വഭാവസവിശേഷതകളിൽ ചിലത് പുറത്തുകൊണ്ടുവരുന്ന ചില വസ്തുതകളിലേയ്ക്ക് എന്റെ വാക്കുകൾ ചുരുക്കുന്നതാവും നല്ലതെന്ന് ഞാൻ കരുതുന്നു. ഈ വസ്തുതകൾ തമ്മിൽ അന്തർലീനമായ ബന്ധം ഉണ്ടായെന്നുവരില്ല. എന്നാൽ, ലെനിനെ സംബന്ധിച്ചിടത്തോളമുള്ള പൊതുവായ ചിത്രം ലഭിക്കുന്നതിൽ അതിനു നിർണ്ണായക പ്രാധാന്യമില്ല. എന്തുതന്നെയായായും ഇപ്പോൾ ഉറപ്പുതന്നതിൽ കൂടുതലായി ഈ അവസരത്തിൽ എന്തെങ്കിലും ചെയ്യാൻ എനിക്ക് സാധിക്കുകയില്ല.

### പർവ്വതമുകളിലെ ഗരുഡൻ

ലെനിനെ ഞാൻ ആദ്യം പരിചയപ്പെടുന്നത് 1903-ൽ ആണ്. അതൊരു നേരിട്ടുള്ള പരിചയം ആയിരുന്നില്ല എന്നതാണ് സത്യം. മറിച്ച്, കത്തിടപാടുകളാണ് ഞങ്ങളെ ബന്ധിപ്പിച്ചത് എന്നാൽ, അതൊരു മായാത്ത മുദ്രയാണ് എന്നിൽ ഉളവാക്കിയത്. നാളിതുവരെയുള്ള എന്റെ പാർട്ടിപ്രവർത്തനത്തിനിടയിൽ ഒരിക്കലും അതെന്നെ വിട്ടുപോയിട്ടുമില്ല. ആ സമയത്ത് എന്നെ സൈബീരിയായിലേയ്ക്ക് നാടുകടത്തിയിരിക്കുകയായിരുന്നു. തൊണ്ണൂറുകളുടെ അവസാനം മുതൽ (1890-കൾ) വിശേഷിച്ചും 1901 നുശേഷമുള്ളകാലത്തെ ലെനിന്റെ വിപ്ലവപ്രവർത്തനങ്ങളെക്കുറിച്ചുള്ള എന്റെ അറിവ് (ഓസ്ക്രയിലെ പ്രത്യക്ഷപ്പെടലിനുശേഷം) അനിതരസാധാരണമായ ശേഷികൾ ഉള്ള ഒരാളെയാണ് ലെനിനിൽ കണ്ടെത്തിയിരിക്കുന്നതെന്ന് എന്നെ ബോദ്ധ്യപ്പെടുത്തി. ആ സമയത്ത് ഞാൻ അദ്ദേഹത്തെ, കേവലം പാർട്ടിയുടെ നേതാവായി മാത്രമല്ല കണ്ടത്, മറിച്ച് പാർട്ടിയുടെ യഥാർത്ഥ സ്ഥാപകനായാണ്. കാരണം, നമ്മുടെ പാർട്ടിയുടെ യഥാർത്ഥ അന്തഃസത്തയെയും അടിയന്തര ആവശ്യകതകളേയും മനസ്സിലാക്കുവാൻ അദ്ദേഹത്തിനു മാത്രമേ കഴിഞ്ഞുള്ളൂ. നമ്മുടെ പാർട്ടിയുടെ മറ്റു നേതാക്കളുമായി അദ്ദേഹത്തെ താരതമ്യം ചെയ്യുമ്പോൾ, എനിക്ക് എപ്പോഴും തോന്നുന്നത് അദ്ദേഹം തന്റെ മറ്റ് സഹപ്രവർത്തകരേക്കാളും ഉന്നതശീർഷനായിരുന്നു എന്നാണ്. പ്ലെഖനോവ്, മാർട്ടോവ്, ആക്സൽറോഡ് തുടങ്ങിയവരുമായൊക്കെ താരതമ്യപ്പെടുത്തുമ്പോൾ, ലെനിൻ കേവലം നേതാക്കളിൽ ഒരാൾ മാത്രമായിരുന്നില്ല. ഏറ്റവും ഉന്നതശ്രേണിയിലുള്ള നേതാവായിരുന്നു. പോരാട്ടത്തിൽ ഭയം എന്തെന്നറിയാത്ത, പർവ്വതങ്ങൾക്കുമേലെ ഉയർന്നുപറക്കുന്ന ഗരുഡനെപ്പോലെ ഉന്നതനായ പോരാളി. റഷ്യൻ വിപ്ലവമുന്നേറ്റത്തിന്റെ അറിയാവഴികളിലൂടെ ധീരമായി പാർട്ടിയെ മുന്നോട്ടുനയിച്ചയാൾ. ഈ മുദ്രണം എനിക്കുള്ളിൽ ആഴത്തിൽ വേരുപടർത്തിയിരുന്നു. അതുകൊണ്ട്; അന്ന് രാഷ്ട്രീയ അഭയാർത്ഥിയായി വിദേശത്തുകഴിഞ്ഞിരുന്ന എന്റെയൊരു സുഹൃത്തിനോട് അഭിപ്രായം ആരാഞ്ഞുകൊണ്ട് എഴുതിചോദിക്കാൻ ഞാൻ നിർബന്ധിതനായി. കുറച്ചുകാലംകഴിഞ്ഞ് ഞാൻ സൈബിരിയയിലേയ്ക്ക് നാടുകടത്തപ്പെട്ടിരുന്ന കാലത്ത്, 1903-ന്റെ അവസാനത്തിൽ-എന്റെ സുഹൃത്തിന്റെ അത്യുൽസാഹപൂർവ്വമായ മറുപടി ലഭിക്കുകയുണ്ടായി. ഒപ്പം, ലളിതവും എന്നാൽ ഗഹനമായി കാര്യങ്ങൾ ഊന്നിപ്പറയുന്ന ഒരു കത്ത് ലെനിനിൽനിന്നും എനിക്കു ലഭിക്കുകയുണ്ടായി. എന്റെ കത്ത് സുഹൃത്ത് ലെനിനെ കാണിച്ചിരുന്നു എന്നു മനസ്സിലായി. ലെനിന്റെ കുറിപ്പ് താരതമ്യേന ചെറുതായിരുന്നു. എന്നാൽ അതിൽ നമ്മുടെ പാർട്ടിയുടെ രാഷ്ട്രീയപ്രവർത്തനത്തെ സംബന്ധിക്കുന്ന ധീരമായ വിമർശനം ഉൾക്കൊണ്ടിരുന്നു. അടിയന്തരഭാവിയിലെ പാർട്ടിപ്രവർത്തനത്തെ സംബന്ധിക്കുന്ന മുഴുവൻ രൂപരേഖയുടേയും വ്യക്തമായ ചുരുക്കരൂപവും അതിലുണ്ടായിരുന്നു. ഏറ്റവും ഗഹനമായ കാര്യങ്ങൾ പോലും ഇത്ര ലളിതവും വ്യക്തവുമായി, ഇത്രയും സമഗ്രവും ധീരവുമായി എഴുതാൻ ലെനിനുമാത്രമേ സാധിക്കുകയുള്ളൂ. ഓരോ വാചകവും അധികം പറയാതെതന്നെ ഒരു വെടിയുണ്ടപോലെ തുളച്ചുകയറുന്നവയായിരുന്നു. ഈ ലളിതവും ധീരവുമായ കത്ത്, ലെനിൻ നമ്മുടെ പാർട്ടിയുടെ ഏറ്റവും സമുന്നതനായ നേതാവാണ് എന്ന അഭിപ്രായം എന്നിൽ കൂടുതൽ ഉറപ്പിച്ചു. ഒരു പഴയ ഒളിപ്രവർത്തകന്റെ ശീലം മൂലം, മറ്റു പല എഴുത്തുകളും എന്നപോലെ ലെനിന്റെ ഈ കത്തും അഗ്നിക്കിരയാക്കിയതിൽ എന്നോടുതന്നെ ക്ഷമിക്കാൻ ഒരിക്കലും എനിക്കു കഴിയില്ല. ലെനിനിനുമായുള്ള എന്റെ അടുപ്പം ആ സമയം മുതൽ തുടങ്ങുന്നു.

### മാന്യത

ഫിൻലാന്റിലെ ടാമെർഫോർഡിൽ വച്ച് 1905 ഡിസംബറിൽ നടന്ന ബോൾഷേവിക് കോൺഫറൻസിൽവച്ചാണ് ഞാൻ ആദ്യമായി ലെനിനെ കാണുന്നത്. നമ്മുടെ പാർട്ടിയുടെ ഈ സമുന്നതനേതാവിനെ കാണുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. രാഷ്ട്രീയമായി മാത്രമല്ല. എന്റെ ഭാവനയിൽ ശാരീരികമായും വലിയ ആളായിരുന്നു ലെനിൻ. ഗാംഭീര്യമുള്ള, ആജ്ഞാശക്തിയുള്ള, ആജാനബാഹുവായ ഒരു വ്യക്തിയായാണ് അദ്ദേഹത്തെ ഞാൻ ഭാവനയിൽ കണ്ടത്. എന്നാൽ, എന്നെ നിരാശനാക്കിക്കൊണ്ട്: മറ്റു സാധാരണജനങ്ങളിൽനിന്ന് ഒട്ടും വിഭിന്നനല്ലാത്ത, തികച്ചും സാധാരണക്കാരനായി കാണപ്പെട്ട, ശരാശരി പൊക്കം പോലുമില്ലാത്ത ഒരാളെ ആണ് ഞാൻ കണ്ടത്. 'വലിയ ആളുകൾ' സമ്മേളനങ്ങൾക്കൊക്കെ വൈകിയെത്തുന്നതും, ജനങ്ങളാകെ അവരുടെ ദർശനത്തിനായി ശ്വാസമടക്കിപ്പിടിച്ച് കാത്തുനിൽക്കുന്നതുമൊക്കെ സാധാരണ സംഭവങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ! ഇനി അവർ പ്രത്യക്ഷപ്പെട്ടാലോ "ശ് ശ് ... നിശബ്ദരാകൂ.. അദ്ദേഹം വരുന്നു" എന്ന മട്ടിലുള്ള അടക്കിപ്പിടിച്ച മുന്നറിയിപ്പുകൾ കേൾക്കാം. ഈ ആചാരങ്ങൾ എനിക്ക് അനാവശ്യമായി തോന്നിയിരുന്നില്ല, കാരണം അത് ബഹുമാനം ജനിപ്പിക്കുകയും, മുദ്ര പതിപ്പിക്കുകയും ചെയ്യുന്നു. അവിടെ, പ്രതിനിധികളേക്കാൾ നേരത്തെ ലെനിൻ സമ്മേളനത്തിനെത്തുകയും അവിടെ ഒരു മൂലയിൽ സ്വയം ഒതുങ്ങി സമ്മേളനത്തിലെ സാധാരണപ്രതിനിധികളുമായി ഏറ്റവും സാധാരണതലത്തിലുള്ള ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്നു എന്ന അറിവ് എന്നെ നിരാശനാക്കി. നിങ്ങളിൽ നിന്നും മറച്ചുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അന്നിത് എന്തോ ചില അവശ്യനിയമങ്ങളുടെ ലംഘനം പോലെയാണ് എനിക്ക് തോന്നിയത്.

ഈ ലാളിത്യവും വിനയവും ആരാലും തിരിച്ചറിയപ്പെടാതെ ഒതുങ്ങിക്കൂടാനുള്ള ശ്രമം കുറഞ്ഞപക്ഷം, തന്റെ ഉയർന്ന പദവി എടുത്തുകാട്ടാതിരിക്കാനും സ്വയംശ്രദ്ധാകേന്ദ്രമാകാതെയിരിക്കാനുമുള്ള ഈ സ്വഭാവവിശേഷം പുതിയ ജനവർഗ്ഗത്തിന്റെ, മാനവികതയുടെ അണികളായ സാധാരണക്കാരായ ജനങ്ങളുടെ പുതിയ നേതാവെന്ന നിലയിൽ ലെനിന്റെ കരുത്തുറ്റ അംശമായിരുന്നു അത് എന്നു ഞാൻ പിന്നീടാണ് മനസ്സിലാക്കിയത്.

### യുക്തിയുടെ ശക്തി

ആ സമ്മേളനത്തിൽ ലെനിൻ നടത്തിയ രണ്ടു പ്രസംഗങ്ങളും ശ്രദ്ധേയമായിരുന്നു. ഒന്ന്, നിലവിലെ സാഹചര്യത്തെക്കുറിച്ചും രണ്ടാമത്തേത് കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചും ആയിരുന്നു. നിർഭാഗ്യവശാൽ, അവ സൂക്ഷിക്കപ്പെട്ടിട്ടില്ല. ആ പ്രസംഗങ്ങൾ പ്രചോദനം നൽകുന്നവയായിരുന്നു. മുഴുവൻ സമ്മേളനത്തേയും അത് ആവേശത്തിന്റെ പുതിയ തലത്തിലെത്തിച്ചു. അനിതരസാധാരണമായ ദൃഢവിശ്വാസത്തിന്റെ ശക്തി, വാദങ്ങളുടെ ലാളിത്യവും വ്യക്തതയും ചെറുതും എളുപ്പത്തിൽ മനസ്സിലാകുന്നതുമായ വാചകങ്ങൾ, അഹങ്കാരത്തിന്റെയും തലചുറ്റിക്കുന്ന അംഗവിക്ഷേപങ്ങൾ, ഇളക്കം സൃഷ്ടിക്കാൻ മാത്രം ഉദ്ദേശിച്ചുള്ള നാടകീയ പദപ്രയോഗങ്ങൾ എന്നിവയുടെ ഒക്കെ അഭാവം - ഇതെല്ലാം കൊണ്ട്, സാധാരണ പാർലമെന്ററി പ്രഭാഷകരുടെ പ്രസംഗങ്ങളിൽനിന്നും ഗുണപരമായി വിപരീതപ്പെട്ടിരുന്നു ലെനിന്റെ പ്രസംഗങ്ങൾ.

എന്നാൽ ലെനിന്റെ പ്രഭാഷണങ്ങളുടെ ഈ വശമല്ല ആ സമയത്ത് എന്നെ ആകർഷിച്ചത്. അവയിലുള്ള തടുക്കാൻ സാധിക്കാത്ത യുക്തിയുടെ ശക്തിയാണ് എന്നെ ആകർഷിച്ചത്. അത് കുറച്ചൊക്കെ സംക്ഷിപ്തമായിരുന്നെങ്കിലും, തന്റെ സദസ്സിനുമേൽ പിടിമുറുക്കുകയും ക്രമേണ അവരെ ആവേശം കൊള്ളിക്കുകയും പിന്നീട്, ചിലർ പറയുന്നതുപോലെ അവരെ മുഴുവനായും കീഴടക്കുകയും ചെയ്തു. പല പ്രതിനിധികളും പറഞ്ഞത് ഞാൻ ഓർക്കുന്നു, ലെനിന്റെ പ്രസംഗങ്ങളിലെ യുക്തി, അതിന്റെ ശക്തമായ കരങ്ങൽ നിങ്ങൾക്കുചുറ്റും ചുറ്റിപ്പിണഞ്ഞ് നിങ്ങളെ പിടിച്ചുനിർത്തും. അതിന്റെ പിടിയിൽ നിന്നും സ്വയംമോചിപ്പിക്കാൻ നിങ്ങൾ അശക്തരാകും. നിങ്ങൾ ഒന്നുകിൽ അതിനു കീഴടങ്ങണം, അല്ലെങ്കിൽ സമ്പൂർണ്ണ തോൽവി സമ്മതിച്ചു പിൻമാറണം.

എനിക്ക് തോന്നുന്നത്, ലെനിന്റെ പ്രഭാഷണങ്ങളുടെ ഈ പ്രത്യേകതകളാണ് ഒരു പ്രഭാഷകനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കലയുടെ പ്രധാന സവിശേഷത.

### പരാതികളില്ല

നമ്മുടെ പാർട്ടിയുടെ 1906-ലെ സ്റ്റോക്ക്ഹോം കോൺഗ്രസ്സിൽവെച്ചാണ് ലെനിനെ ഞാൻ രണ്ടാമതായി കാണുന്നത്. നിങ്ങൾക്കറിയാം. ഈ കോൺഗ്രസ്സിൽ ബോൾഷേവിക്കുകൾ ന്യൂനപക്ഷമായിരുന്നു. പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. അന്നാദ്യമായാണ് ഒരു പരാജിതന്റെ വേഷത്തിൽ ഞാൻ ലെനിനെ കാണുന്നത്. എന്നാൽ പരാജയത്തിനുമുന്നിൽ അടിപതറി, പരാതിപ്പെട്ടുകൊണ്ടിരിക്കുന്ന നേതാക്കളുമായി ഒരു സാമ്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. മറിച്ച്, നിലയ്ക്കാത്ത ഊർജ്ജപ്രവാഹമായി പരാജയം ലെനിനെ മാറ്റിമറിച്ചു. ഭാവിയിലെ വിജയങ്ങൾക്കായുള്ള പുതിയ പോരാട്ടങ്ങൾക്കായി അദ്ദേഹത്തിന്റെ അനുയായികളെ അതു പ്രചോദിപ്പിച്ചു. ലെനിനെ പരാജയപ്പെടുത്തി എന്നു ഞാൻ പറഞ്ഞു. എന്നാൽ എന്തുതരം പരാജയമായിരുന്നു അത്? സ്റ്റോക്ക്ഹോം കോൺഗ്രസ്സിൽ വിജയികളായ അദ്ദേഹത്തിന്റെ എതിരാളികളെ പ്ലെഖനോവ്, അക്സെൽറോഡ്, മാർട്ടോവ് മുതലായവരെ നോക്കിയാൽമാത്രം മതി. യഥാർത്ഥ വിജയികളുടെ യാതൊരു ലക്ഷണവും അവർക്കുണ്ടായിരുന്നില്ല. കാരണം, മെൻഷേവിസത്തിനെതിരേയുള്ള ലെനിന്റെ നിർദ്ദയമായ വിമർശനം അവരുടെ ശരീരത്തിൽ ഒടിയാത്ത ഒരെല്ലുപോലും ബാക്കിയില്ലാത്ത അവസ്ഥയിലാക്കി എന്നു പറയേണ്ടിവരും. ഞാൻ ഓർക്കുന്നു ഞങ്ങൾ ബോൾഷേവിക് പ്രതിനിധികൾ, കൂട്ടംചേരുകയും ഉപദേശം ആവശ്യപ്പെട്ടുകൊണ്ട് ലെനിനെ ഉറ്റുനോക്കുകയും ചെയ്തു. ചിലപ്രതിനിധികളുടെ പ്രസംഗങ്ങൾ തളർച്ചയുടേയും നിരുത്സാഹത്തിന്റെയും ലാഞ്ഛനകൾ ഉയർത്തുന്നുണ്ടായിരുന്നു. ഇത്തരം പ്രസംഗങ്ങളോട് ശക്തമായി ലെനിൻ പ്രതികരിച്ചത് ഞാൻ ഓർക്കുന്നു." ആവലാതിപ്പെടാതിരിക്കൂ സഖാക്കളേ, നമ്മൾ ശരിയുടെ പക്ഷത്തുണ്ട്, അതുകൊണ്ടുതന്നെ നമ്മുടെ വിജയം സുനിശ്ചിതവുമാണ്! ആവലാതിക്കാരായ ബുദ്ധിജീവികളോടുള്ള വെറുപ്പ്, നമ്മുടെ സ്വന്തം കരുത്തിലുള്ള വിശ്വാസം, വിജയത്തിനുള്ള ആത്മവിശ്വാസം- ഇതെല്ലാമാണ് ലെനിൻ ഞങ്ങളിൽ പതിപ്പിച്ചത്. ബോൾഷേവിക്കുകളുടെ തോൽവി താൽക്കാലികമാണെന്നും സമീപഭാവിയിൽത്തന്നെ ഞങ്ങൾ വിജയിക്കുമെന്നും ഞങ്ങൾക്ക് തോന്നി.

"പരാജയത്തിൽ ആവലാതിപ്പെടരുത്" ലെനിന്റെ പ്രവർത്തനങ്ങളുടെ സവിശേഷതയായിരുന്നു ഇത്. തനിക്കുചുറ്റും, അവസാനംവരെയും വിശ്വസ്തരായ, തങ്ങളുടെ കരുത്തിൽ വിശ്വാസമുള്ളവരുടെ സൈന്യത്തെ അണിനിരത്തുവാൻ ഇതാണ് അദ്ദേഹത്തെ സഹായിച്ചത്.

### പൊങ്ങച്ചം പാടില്ല.

1907-ൽ ലണ്ടനിൽ നടന്ന അടുത്ത കോൺഗ്രസ്സിൽ ബോൾഷേവിക്കുകൾ വിജയിച്ചു. ലെനിനെ ഒരു വിജയിയുടെ വേഷത്തിൽ ഞാൻ കാണുന്നത് അന്നാണ്. വിജയം ചില നേതാക്കളുടെ തല ഉയർത്തുകയും അവരെ അഹങ്കാരികളും പൊങ്ങച്ചക്കാരും ആക്കുകയും ചെയ്തു. പല സാഹചര്യങ്ങളിലും വിജയികളായി തുടങ്ങുന്ന അവർ തങ്ങളുടെ നേട്ടങ്ങളിൽ വിശ്രമിക്കുന്നു. ഒരു തരത്തിലും അവരെ പോലെ ആയിരുന്നില്ല ലെനിൻ. മറിച്ച്, സൂക്ഷ്മമമായും വിജയത്തിനുശേഷം അദ്ദേഹം കൂടുതൽ ശ്രദ്ധാലുവും ജാഗാരൂകനുമായി. ഞാൻ ഓർക്കുന്നു, ലെനിൻ നിരന്തരം പ്രതിനിധികളോട് ആവശ്യപ്പെടുമായിരുന്നു: ഒന്നാമതായി വിജയത്താൽ ലഹരിപിടിക്കരുത്, അതിൽ വീമ്പടിക്കരുത്. രണ്ടാമതായി വിജയത്തെ ഉറപ്പിച്ചെടുക്കേണ്ടതുണ്ട്. മൂന്ന്, ശത്രുവിന് അവന്റെ അവസാനത്തെ അടി കൊടുക്കേണ്ടതുണ്ട്, കാരണം, അവൻ അടിയേറ്റു വീണിട്ടേയുള്ളൂ, തകർക്കപ്പെട്ടിട്ടില്ല. "മെൻഷെവിക്കുകൾ പൂർണ്ണമായും അവസാനിച്ചു"എന്ന് നിസ്സാരമായി ഉറപ്പിച്ചു പറഞ്ഞ പ്രതിനിധികൾക്കുമേൽ അദ്ദേഹം പരിഹാസം ചൊരിഞ്ഞു. തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിൽ മെൻഷെവിക്കുകൾക്ക് ഇപ്പോഴും വേരുകളുണ്ടെന്ന് ചൂണ്ടിക്കാട്ടുവാൻ അദ്ദേഹത്തിന് ഒട്ടും പ്രയാസമുണ്ടായില്ല. അവരെ നൈപുണ്യത്തോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. അവനവന്റെ കരുത്തിനെ അമിതമായി ഗണിക്കുന്നതും ശത്രുവിന്റെ കരുത്തിനെ കുറച്ചുകാണുന്നതും ഒഴിവാക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

"വിജയത്തിൽ വീമ്പിളക്കരുത്" ഇതായിരുന്നു ലെനിന്റെ സ്വഭാവ സവിശേഷത. ശത്രുവിന്റെ കരുത്തിനെ ശരിയായി അളക്കാനും അപ്രതീക്ഷിത സന്ദർഭങ്ങളിൽ പാർട്ടിയെ സംരക്ഷിക്കാനും ഇതിലൂടെ അദ്ദേഹത്തിനു സാധിച്ചു.

### സിദ്ധാന്തത്തോടുള്ള കൂറ്

പാർട്ടിയിലെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ പാർട്ടി നേതാക്കൾ സാധാരണ

(ശേഷം 7-ാം പേജിൽ)

# ലെനിൻ-വിപ്ലവത്തിന്റെ മഹാപ്രതിഭ

*(6-ാം പേജിൽ നിന്ന്)*

മറികടക്കാറില്ല. ഭൂരിപക്ഷം എന്നത് ഒരു നേതാവിന് അംഗീകാരം നൽകേണ്ടുന്ന ഒരു ശക്തിയാണ്. മറ്റേതൊരു പാർട്ടി നേതാവിനെപ്പോലെയും ലെനിൻ ഇത് മനസ്സിലാക്കിയിരുന്നു. എന്നാൽ ലെനിൻ ഒരിക്കലും ഭൂരിപക്ഷത്തിന്റെ തടവുകാരനായിട്ടില്ല. പ്രത്യേകിച്ചും ഈ ഭൂരിപക്ഷത്തിന് ആശയപരമായോ തത്വാധിഷ്ഠിതമായോ ഒരു നിലപാട് ഇല്ലെങ്കിൽ. ചരിത്രത്തിലെ നിരവധി സന്ദർഭങ്ങളിൽ നമ്മുടെ പാർട്ടിയിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം, അല്ലെങ്കിൽ പാർട്ടിയുടെ താൽക്കാലിക താൽപ്പര്യങ്ങൾ, തൊഴിലാളിവർഗ്ഗത്തിന്റെ അടിസ്ഥാനതാൽപ്പര്യങ്ങളുമായി സംഘർഷത്തിലായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ, പാർട്ടിയിലെ ഭൂരിപക്ഷത്തിനും എതിരായാൽ കൂടി, തത്വാധിഷ്ഠിത നിലപാടിനെ പിന്തുണച്ച് ഒപ്പം നിൽക്കാൻ ലെനിന് ഒരു മടിയും ഉണ്ടായിട്ടില്ല. തന്നെയുമല്ല, അത്തരം അവസരങ്ങളിൽ എല്ലാവർക്കുമെതിരെ ഒറ്റയ്ക്ക് നിൽക്കാൻ യാതൊരു ഭയവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. "തത്വാധിഷ്ഠിതമായ നയം മാത്രമാണ് ശരിയായ നയം" എന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു.

ഇക്കാര്യത്തിൽ സവിശേഷതകൾ പ്രധാനമായും രണ്ടു വസ്തുതകളാണ്. ഒന്നാമത്തെ വസ്തുത: 1909-11-ൽ, പ്രതിവിപ്ലവത്താൽ തകർക്കപ്പെട്ട പാർട്ടി ഈ കാലഘട്ടത്തിൽ പൂർണ്ണമായ നാശത്തിന്റെ പാതയിലായിരുന്നു. പാർട്ടിയിൽ അത് പൂർണ്ണമായ അവിശ്വാസത്തിന്റെ നാളുകളായിരുന്നു. ബുദ്ധിജീവികൾ മാത്രമല്ല, തൊഴിലാളികൾ പോലും അക്കാലത്ത് വലിയതോതിൽ പാർട്ടി വിട്ടുപോയ്ക്കൊണ്ടിരുന്നു. ഒരു നിയമവിരുദ്ധ പ്രസ്ഥാനത്തിന്റെ ആവശ്യകതതന്നെ നിഷേധിക്കുന്ന കാലം. പ്രവർത്തനം നിർത്തുന്നതിന്റെയും തകർച്ചയുടേയും കാലം. അന്ന് മെൻഷേവിക്കുകളുടെ ഇടയിൽ മാത്രമല്ല, ബോൾഷെവിക്കുകൾക്ക് ഇടയിൽപോലും നിരവധി പക്ഷങ്ങളും ചായ്‌വുകളും ഉണ്ടായി. അതിൽ ഭൂരിഭാഗവും തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിൽ നിന്നും മുറിച്ചുമാറ്റപ്പെട്ടു. നിങ്ങൾക്കറിയാം, അക്കാലയളവിൽ തന്നെയാണ്, നിയമവിരുദ്ധ സംഘടനയെ പൂർണ്ണമായും പിരിച്ചുവിട്ട്, തൊഴിലാളികളെ ഒരു നിയമവിധേയ, ലിബറൽ സ്റ്റോലിപിൻ പാർട്ടിയായി സംഘടിപ്പിക്കാനുള്ള ആശയം ഉരുത്തിരിയുന്നത്. ആ സമയത്ത്, ഈ ചിന്തയൊരു പകർച്ചവ്യാധി പോലെ പടർന്നുപിടിച്ചപ്പോൾ ലെനിൻ മാത്രമാണ് അതിനു കീഴ്പ്പെടാതെ നിന്ന് പാർട്ടി ആദർശങ്ങളുടെ പതാക ഉയർത്തിപ്പിടിച്ചത്. അതിശയിപ്പിക്കുന്ന ക്ഷമയോടും അസാധാരണ സ്ഥിരതയോടും കൂടി പാർട്ടിയുടെ തകർന്നുചിതറിയ അണികളെ കൂട്ടിച്ചേർത്ത്, തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിലെ ഓരോ പാർട്ടിവിരുദ്ധ പ്രവണതയേയും അദ്ദേഹം നേരിട്ടു. അപൂർവ്വമായ ധൈര്യത്തോടും സമാനതകളില്ലാത്ത അശ്രാന്തപരിശ്രമത്താലും പാർട്ടിയുടെ ആശയത്തെ ലെനിൻ പ്രതിരോധിച്ചു.

നമുക്കറിയാം, പാർട്ടിയുടെ ആശയത്തിനായുള്ള പോരാട്ടത്തിൽ ലെനിൻ തന്നെയാണ് പിന്നീട് വിജയിയായത്.

രണ്ടാമത്തെ വസ്തുത: 1914-17 കാലഘട്ടത്തിൽ, സാമ്രാജ്യത്വയുദ്ധം അതിന്റെ മുഴുവൻ ശക്തിയിൽ ആഞ്ഞടിച്ചപ്പോൾ ഏകദേശം എല്ലാ, സോഷ്യലിസ്റ്റ്, സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും പൊതുവിൽ നിലനിന്ന ദേശസ്നേഹവികാരത്തിന് അടിപ്പെട്ട്, താന്താങ്ങളുടെ രാജ്യങ്ങളിലെ സാമ്രാജ്യത്വത്തിന്റ സേവനത്തിനായി സ്വയം സമർപ്പിച്ചു. ആ കാലഘട്ടത്തിൽ തന്നെയാണ് രണ്ടാം ഇന്റർനാഷണൽ അതിന്റെ പ്രഭാവം നഷ്ടപ്പെട്ട് മുതലാളിത്ത ചിന്താഗതികൾക്ക് വിധേയമായിത്തീരുകയും പ്ലെഖനോവ്, കൗട്സ്കി, ഗാസ്ഡേ തുടങ്ങിയവർ പോലും സങ്കുചിത ദേശീയവാദത്തിന്റെ വേലിയേറ്റത്തിൽ പിടിച്ചുനിൽക്കാനാകാതെ കടപുഴകി വീഴുകയും ചെയ്തത്. ആ സമയത്ത്, ലെനിൻ മാത്രമായിരുന്നു ഈ സങ്കുചിത ദേശീയവികാരത്തിനെതിരെയും ശാന്തിവാദത്തിനെതിരെയും ഉറച്ച പോരാട്ടത്തിനായി ഏതാണ്ട് ഒറ്റയ്ക്കുതന്നെ നിലകൊണ്ടത്. ഗാസ്ഡേമാരുടെയും കൗട്സ്കിമാരുടെയും വഞ്ചനയെ തള്ളിപ്പറഞ്ഞുകൊണ്ട്, ചഞ്ചലരായ 'വിപ്ലവകാരികളുടെ' അർദ്ധമനസ്സിനെ അടയാളപ്പെടുത്തിക്കൊണ്ട് അദ്ദേഹം നിലകൊണ്ടു. ലെനിനറിയാമായിരുന്നു അദ്ദേഹത്തിന് തുച്ഛമായ ഒരു ന്യൂനപക്ഷത്തിന്റെ പിന്തുണമാത്രമേ ഉള്ളൂ എന്ന്. എന്നാൽ അദ്ദേഹത്തെ സംബന്ധിച്ചടത്തോളം ഇതൊരു നിർണ്ണായക നിമിഷത്തിന്റേതല്ല, കാരണം അദ്ദേഹത്തിനറിയാമായിരുന്നു, തങ്ങൾക്കുമുന്നിൽ ഭാവിയുള്ള ശരിയായ നയം എന്നത് സ്ഥായിയായ അന്താരാഷ്ട്രീയതയുടെ നയമാണ്, തത്വാധിഷ്ഠിതമായതുമായ നയമാണ് ഒരേയൊരു ശരിയായ നയമെന്ന്. ഇങ്ങനെ പുതിയ ഇന്റർനാഷണലിനായുള്ള പോരാട്ടത്തിലും ലെനിൻ വിജയംവരിച്ചതായി നമുക്കറിയാം. "ആദർശത്തിലധിഷ്ഠിതമായ നയമാണ് ഒരേയൊരു ശരിയായനയം"-ഈ വിജയമന്ത്രം ഉപയോഗിച്ചുകൊണ്ടാണ് അടുക്കാൻപറ്റാതിരുന്ന ലക്ഷ്യങ്ങൾ ലെനിൻ പിടിച്ചെടുത്തതും തൊഴിലാളിവർഗ്ഗത്തിന്റെ മികച്ച ഘടകങ്ങളെ വിപ്ലവകാരിയായ മാർക്സിസത്തിലേയ്ക്ക് നേടിയെടുത്തതും.

## ജനങ്ങളിലുള്ള വിശ്വാസം

സൈദ്ധാന്തികരും പാർട്ടി നേതാക്കളും, രാജ്യങ്ങളുടെ ചരിത്രങ്ങൾ പരിചയമുള്ളവർ, വിപ്ലവചരിത്രങ്ങൾ ആദിമധ്യാന്തം പഠിച്ചിട്ടുള്ളവർ ഇവർക്കെല്ലാം ചിലപ്പോൾ ജുഗുപ്സാവഹമായ ഒരു അസുഖം ബാധിക്കാറുണ്ട്. ഈ അസുഖമാണ്-ബഹുജനങ്ങളോടുള്ള ഭയം, ജനങ്ങളുടെ സൃഷ്ടിപരമായ കരുത്തിലുള്ള അവിശ്വാസം! ഇതു ചിലപ്പോൾ ജനങ്ങൾക്കുമേൽ അധീശത്വ മനോഭാവമുള്ള നേതാക്കൾക്ക് ചിലപ്പോൾ ജന്മം നൽകും. ഇവർ, വിപ്ലവചരിത്രത്തിൽ വലിയ അവഗാഹം ഇല്ലെങ്കിൽക്കൂടിയും, പഴയ ഘടനകളെ തകർത്ത് പുതിയത് നിർമ്മിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. ഇത്തരം ആഭിജാത്യ മനോഭാവത്തിനു കാരണം, ചിലഘടകങ്ങൾ കൈവിട്ടുപോകാം, ജനങ്ങൾ വളരെയധികം നശീകരണം നടത്താം തുടങ്ങിയ ഭയമാണ്. പുസ്തകങ്ങളിൽനിന്നും ജനത്തെ പഠിപ്പിച്ച് അവരുടെ വഴികാട്ടിയുടെ വേഷം കെട്ടാനുള്ള ആഗ്രഹവും. എന്നാൽ ജനങ്ങളിൽനിന്ന് പഠിക്കാനുള്ള വൈമുഖ്യവുമാണ് ഇത് സൃഷ്ടിക്കുന്നത്.

ഇത്തരം നേതാക്കളുടെ നേർവിപരീതമായിരുന്നു ലെനിൻ. തൊഴിലാളിവർഗ്ഗത്തിന്റെ സൃഷ്ടിപരമായ കരുത്തിലും വർഗ്ഗപരമായ സഹജവാസനയുടെ വിപ്ലവകരമായ കാര്യക്ഷമതയിലും ഇത്രമേൽ ആഴത്തിലുള്ള വിശ്വാസമർപ്പിക്കുകയും ചെയ്ത മറ്റൊരു വിപ്ലവകാരിയെ ലെനിൻ അല്ലാതെ എനിക്കറിയില്ല. ലെനിനെ പോലെ, "വിപ്ലവത്തിന്റെ കുഴപ്പങ്ങളുടെയും, "ബഹുജനങ്ങളുടെ അനധികൃത നടപടികളുടെ കലാപങ്ങളുടെയും" പുറംമോടിക്കാരായ വിമർശകരെ ഇത്ര നിർദ്ദയമായി ശിക്ഷിച്ചിട്ടുള്ള മറ്റൊരു വിപ്ലവകാരി ഉണ്ടാകില്ല. ഞാൻ ഓർക്കുകയാണ്, ഒരിക്കൽ ഒരു സംഭാഷണത്തിനിടയിൽ ഒരു സഖാവ് പറഞ്ഞു"വിപ്ലവത്തിനുശേഷം സാധാരണരീതിയിലുള്ള കാര്യങ്ങൾ വരണം", ലെനിൻ പരിഹാസത്തോടെ മറുപടി നൽകി: "കാര്യങ്ങളുടെ ഏറ്റവും ശരിയായ രീതി എന്നത് വിപ്ലവകരമായ രീതിയാണെന്നത്, വിപ്ലവകാരികൾ ആകാൻ ആഗ്രഹിക്കുന്ന ജനങ്ങളും മറക്കുന്നു എന്നത് വളരെ സഹതാപാർഹമാണ്".

അതുകൊണ്ടുതന്നെ, അത്യുദ്ധതമായി ഇരുന്ന് ജനങ്ങളെ നോക്കുന്നവരോടും പുസ്തകങ്ങളിൽ നിന്നും അവരെ പഠിപ്പിക്കാൻ ശ്രമിക്കുന്നവരോടും ലെനിനുപുച്ഛമായിരുന്നു. അതുകൊണ്ടുതന്നെ, ലെനിന്റ നിരന്തരനിർദ്ദേശം- ജനങ്ങളിൽനിന്നും നിരന്തരം പഠിക്കുക, അവരുടെ പ്രവൃത്തികളെ മനസ്സിലാക്കാൻ ശ്രമിക്കുക, ജനങ്ങളുടെ പോരാട്ടത്തിന്റെ അനുഭവങ്ങളെ ശ്രദ്ധാപൂർവ്വം പഠിക്കുക.

ബഹുജനങ്ങളുടെ സൃഷ്ടിപരമായ കരുത്തിലുള്ള വിശ്വാസം-പൊടുന്നനെയുള്ള പ്രക്രിയകളെ മനസ്സിലാക്കി, അതിന്റെ മുന്നേറ്റത്തെ തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ ചാലിലേയ്ക്ക് നയിക്കുവാനും ലെനിനെ സഹായിച്ച, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ സവിശേഷത ഇതായിരുന്നു.

## വിപ്ലവത്തിന്റെ മഹാപ്രതിഭ

ലെനിൻ വിപ്ലവത്തിനായി ജനിച്ചയാളാണ്. സത്യത്തിൽ, വിപ്ലവങ്ങളുടെ പൊട്ടിപ്പുറപ്പെടലിന്റെ പ്രതിഭയും, വിപ്ലവനേതൃത്വം എന്ന കലയുടെ ഏറ്റവും മഹാനായ അദ്ധ്യാപകനുമായിരുന്നു അദ്ദേഹം. വിപ്ലവപ്രക്ഷോഭത്തിന്റെ സമയത്തുള്ളതുപോലെ സ്വതന്ത്രനായും സന്തോഷവാനായും അദ്ദേഹത്തെ വേറെ കാണാൻ സാധിക്കുകയില്ലായിരുന്നു. ഞാനീ പറഞ്ഞതിന്റെ അർത്ഥം എല്ലാ വിപ്ലവപ്രക്ഷോഭങ്ങളേയും ഒരേപോലെ അദ്ദേഹം അംഗീകരിച്ചിരുന്നുവെന്നോ ഏതു സമയത്തും സാഹചര്യത്തിലുമുള്ള വിപ്ലവാരംഭങ്ങളെ അദ്ദേഹം അനുകൂലിച്ചിരുന്നു എന്നോ അല്ല. ഒരിക്കലുമല്ല. ഞാൻ അർത്ഥമാക്കിയതെന്തെന്നാൽ, വിപ്ലവപോരാട്ടങ്ങളുടെ സമയത്താണ് ഏറ്റവും സമ്പൂർണ്ണരൂപത്തിൽ ലെനിന്റെ ഉൾക്കാഴ്ചയുടെ പ്രതിഭ ഏറ്റവും വ്യക്തമാകുന്നത്. വിപ്ലവത്തിന്റെ സമയത്ത് അദ്ദേഹം അക്ഷരംപ്രതി പൂത്തുവിരിയുകയും ഒരു പ്രവാചകൻ ആവുകയും വർഗ്ഗങ്ങളുടെ മുന്നേറ്റത്തിലും വിപ്ലവത്തിന്റെ ചുറ്റിപ്പിണയലുകളുടെ സാധ്യതകളിലും അമഗ്നനാകുകയും ചെയ്യും. തന്റെ ഉള്ളംകൈയിലെ വരകൾ പോലെ അദ്ദേഹത്തിന് അവയെല്ലാം കാണാനാകുമായിരുന്നു. ഞങ്ങളുടെ പാർട്ടി വൃത്തങ്ങളിൽ "വെള്ളത്തിലെ മത്സ്യത്തെപ്പോലെയാണ്, വിപ്ലവവേലിയേറ്റത്തിൽ ലെനിൻ നീന്തുന്നതെന്ന്" ഞങ്ങൾ പറഞ്ഞിരുന്നത് വെറുതേയല്ല. അതുപോലെയായിരുന്നു ലെനിന്റെ തന്ത്രപരമായ മുദ്രാവാക്യങ്ങളുടെ അത്ഭുതകരമായ വ്യക്തതയും; അദ്ദേഹത്തിന്റെ വിപ്ലവപദ്ധതികളുടെ ആകർഷകമായ ധീരതയും. ലെനിന്റെ സവിശേഷതകൾ ചൂണ്ടിക്കാട്ടുന്ന രണ്ടു വസ്തുതകൾ കൂടെ ഞാൻ ഓർത്തുപോകുന്നു.

ഒന്നാമത്തെ വസ്തുത: ഒക്ടോബർ വിപ്ലവത്തിനുതൊട്ടുമുമ്പുള്ള കാലം. മുന്നിലും പിന്നിലും പ്രതിസന്ധിയാൽ പൊറുതിമുട്ടിയ ലക്ഷക്കണക്കിനു തൊഴിലാളികളും കർഷകരും സൈനികരും സമാധാനവും സ്വാതന്ത്ര്യവും ആവശ്യപ്പെടുകയായിരുന്നു. മുതലാളിത്തവും സൈനിക മേധാവികളും യുദ്ധം അവസാനിപ്പിക്കാൻ എന്ന വ്യാജേന ഒരു സൈനിക ഏകാധിപത്യത്തിനായി ശ്രമിക്കുന്നു. 'പൊതുജനാഭിപ്രായം' എന്ന സൃഷ്ടിയും, 'സോഷ്യലിസ്റ്റ്' എന്നു വിളിക്കപ്പെടുന്ന പാർട്ടികളും ബോൾഷേവിക്കുകളോട് ശത്രുതയിലായിരിക്കുകയും നമ്മളെ ജർമ്മൻ ചാരന്മാരായി മുദ്രകുത്തുകയും ചെയ്തു. ബോൾഷേവിക് പാർട്ടിയെ ഒളിവിലയയ്ക്കാനുള്ള കെരൻസ്കിയുടെ ശ്രമങ്ങൾ ചില്ലറ വിജയം നേടുകയും ചെയ്തു. അപ്പോഴും ശക്തവും അച്ചടക്കമുള്ളതുമായ ആസ്ട്രിയൻ-ജർമ്മൻ സൈന്യങ്ങൾ നമ്മുടെ തളർന്ന, തകർന്നുകൊണ്ടിരിക്കുന്ന സൈന്യങ്ങളെ നേരിടുകയായിരുന്നു. പടിഞ്ഞാറൻ യൂറോപ്പിലെ "സോഷ്യലിസ്റ്റുകൾ"-"യുദ്ധത്തിലെ സമ്പൂർണ്ണജയത്തിനായി" തങ്ങളുടെ സർക്കാരുകളുമായി അനുഗ്രഹീതമായ സഖ്യത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അപ്പോൾ.

അങ്ങനെയൊരു സാഹചര്യത്തിൽ ഒരു പ്രക്ഷോഭം ആരംഭിക്കുന്നതിൽ എന്താണ് അർത്ഥം? അത്തരം ഒരു സാഹചര്യത്തിൽ പ്രക്ഷോഭം ആരംഭിക്കുകയെന്നാൽ എല്ലാം അപകടത്തിലാക്കുക എന്നാണ് അർത്ഥം. എന്നാൽ ലെനിൻ അപകടത്തെ ഭയന്നില്ല. കാരണം തന്റെ പ്രവചനപരമായ കണ്ണിലൂടെ അദ്ദേഹം കണ്ടറിഞ്ഞു; ഒരു പ്രക്ഷോഭം ഒഴിച്ചുകൂടാനാവാത്തതാണ്, അതു വിജയിക്കും. റഷ്യയിൽ അങ്ങനെയൊരു പ്രക്ഷോഭം ഉണ്ടായെങ്കിൽ മാത്രമേ, സാമ്രാജ്യത്വയുദ്ധം അവസാനിക്കുകയുള്ളൂ. യുദ്ധത്താൽ തളർന്ന പടിഞ്ഞാറൻ ജനവിഭാഗങ്ങളെ അതുണർത്തും. സാമ്രാജ്യത്വയുദ്ധത്തെ അത് ഒരു ആഭ്യന്തരയുദ്ധമാക്കി മാറ്റും. ഒരു പ്രക്ഷോഭം സോവിയറ്റുകളുടെ ഒരു റിപ്പബ്ലിക്കിനെ സ്വാഗതം ചെയ്യും. ആ സോവിയറ്റ് റിപ്പബ്ലിക് ലോകമൊട്ടാകെയുള്ള വിപ്ലവമുന്നേറ്റങ്ങളുടെ ചാലകശക്തിയായി പ്രവർത്തിക്കും.

നമുക്കറിയാം, ലെനിന്റെ വിപ്ലവകരമായ ദീർഘദർശിത്വം സാമാനതകളില്ലാത്ത കൃത്യതയോടെ പിന്നീട് സ്ഥാപിക്കപ്പെട്ടു. രണ്ടാമത്തെ വസ്തുത: ഒക്ടോബർ വിപ്ലവത്തിന്റെ ആദ്യദിനങ്ങൾ, കമ്മിസാറന്മാരുടെ ജനകീയ കൗൺസിൽ, ജനറൽ ഡുക്കോനിൻ എന്ന കലാപകാരിയായ കമാൻഡർ ഇൻചീഫിനെ, എല്ലാ ശത്രുതകളും അവസാനിപ്പിക്കാനും, ജർമ്മൻകാരുമായി വെടിനിർത്തലിനുള്ള ചർച്ചകൾ ആരംഭിക്കാനുമായി നിർബന്ധിക്കാൻ ശ്രമിക്കുകയായിരുന്നു. ഞാനോർക്കുന്നു, ലെനിൻ, ക്രൈലെങ്കോ(ഭാവി കമാൻഡർ ഇൻചീഫ്), ഒപ്പം ഞാനും, ഡുക്കാനിനുമായി നേരിട്ടു ചർച്ച നടത്താനായി പെട്രോഗ്രാഡിലെ ജനറൽ സ്റ്റാഫ് ആസ്ഥാനത്തേയ്ക്കു പോയി. അതൊരു ദാരുണമായ നിമിഷമായിരുന്നു. ഡുക്കാനിനും ഫീൽഡ് ആസ്ഥാനവും കമ്മിസാറന്മാരുടെ ജനകീയ കൗൺസിലിന്റെ ഉത്തരവിനെ അനുസരിക്കാൻ വിസമ്മതിച്ചു. സൈനിക ഉദ്യോഗസ്ഥരാകട്ടെ പൂർണ്ണമായും ഫീൽഡ് ആസ്ഥാനത്തിന്റെ നിയന്ത്രണത്തിലായിരുന്നു. സൈനികരെ സംബന്ധിച്ചിടത്തോളം, ഈ 14 ദശലക്ഷത്തിന്റെ സൈന്യം എന്തുപറയുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. വളരെയധികം വിധേയരാക്കപ്പെട്ടവരായിരുന്നു അവർ. മാത്രവുമല്ല, ഈ പറയപ്പെടുന്ന സൈനിക സംവിധാനങ്ങൾ തന്നെയാണ്, സോവിയറ്റ് ശക്തിയോട് ഏറ്റവും ശത്രുത കാണിച്ചിട്ടുള്ളതും. പെട്രോഗ്രാഡിൽതന്നെ, നമുക്കറിയാം, സൈനിക കേഡറ്റുകളുടെ കലാപം ഉരുത്തിരിയുകയായിരുന്നു. തന്നെയുമല്ല, കെരൻസ്കിയും പെട്രോഗ്രാഡിലേയ്ക്ക് മാർച്ച് ചെയ്യുകയായിരുന്നു. ഞാൻ ഓർക്കുന്നു; അന്ന് ആ നേരിട്ടുള്ള സംഭാഷണത്തിലെ അൽപ്പവിരാമത്തിനുശേഷം ലെനിന്റെ മുഖം പെട്ടെന്ന് പ്രകാശമാനമായി. വ്യക്തമായും അദ്ദേഹം ഒരു തീരുമാനത്തിലെത്തിയിരുന്നു. "നമുക്ക് വർലെസ്സ് സ്റ്റേഷനിലേയ്ക്ക് പോകാം", അദ്ദേഹം പറഞ്ഞു. "അതു നമുക്ക് പിന്തുണ നൽകും. ജനറൽ ഡുക്കോനിനെ പുറത്താക്കിക്കൊണ്ട് നമുക്ക് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാം. സഖാവ് ക്രൈലെങ്കോയെ പകരം കമാൻഡർ ഇൻ ചീഫ് ആക്കാം. എന്നിട്ട് ഓഫീസർമാരുടെ തലയ്ക്കു മുകളിലൂടെ സൈനികരോട് അഭ്യർത്ഥിക്കാം. അവരോട് സൈനിക മേധാവികളെ വളഞ്ഞ്, ശത്രുതകൾ അവസാനിപ്പിച്ച് ആസ്ട്രിയൻ-ജർമ്മൻ സൈനികരോട് ബന്ധം സ്ഥാപിച്ച് സമാധാനത്തിന്റെ ആവശ്യം സ്വന്തം കൈയ്യാൽ നിറവേറ്റാൻ അഭ്യർത്ഥിക്കാം" ഇത് ഇരുട്ടിൽ നിന്നുള്ള കുതിച്ചുചാട്ടം ആയിരുന്നു. എന്നാൽ ഈ കുതിച്ചുചാട്ടത്തിൽ നിന്ന് ലെനിൻ പിന്മാറിയില്ല. മറിച്ച് കൂടുതൽ ആവേശത്തോടെ അദ്ദേഹം അത് ചെയ്യുകയാണ് ഉണ്ടായത്. കാരണം, സൈന്യത്തിന് സമാധാനം വേണമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതിലേക്കുള്ള മാർഗ്ഗത്തിലെ തടസ്സങ്ങളെല്ലാം തുടച്ചുനീക്കി അവർ സമാധാനം നേടുകയും ചെയ്യും. അദ്ദേഹത്തിനറിയാമായിരുന്നു സമാധാനം സ്ഥാപിക്കുവാനുള്ള ഈ രീതി, ആസ്ട്രിയൻ-ജർമ്മൻ സൈനികർക്കു മേലും പ്രഭാവം ചെലുത്തുമെന്ന്. അങ്ങനെ, എല്ലാ കോണിലും സമാധാനത്തിനായുള്ള തീവ്രാഭിലാഷത്തിനായി നിരുപാധികം അവർ നിയന്ത്രണം കൈമാറും.

ഇവിടെയും നമുക്കറിയാം, ലെനിന്റെ വിപ്ലവകരമായ ദീർഘവീക്ഷണം പിന്നീട് അതേപോലെ തന്നെ ഉറപ്പിക്കപ്പെട്ടു.

ഒരു പ്രതിഭാശാലിയുടെ ഉൾക്കാഴ്ച്ച, അതിലൂടെ ആസന്നമായ സംഭവങ്ങളെ അതിവേഗത്തിൽ ഗ്രഹിക്കാനും അതിന്റെ അന്തരാർത്ഥങ്ങളെ നിർവ്വചിക്കാനും സാധിക്കുന്ന ലെനിന്റെ ഈ ഗുണവിശേഷമാണ് വിപ്ലവപ്പോരാട്ടത്തിന്റെ വഴിത്തിരിവുകളിൽ ശരിയായ തന്ത്രവും വ്യക്തമായ പ്രവർത്തനപദ്ധതിയും ആവിഷ്കരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ●

# നവംബർ സോഷ്യലിസ്റ്റ് വിപ്ലവശതാബ്ദി ആചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴയിൽ

നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ജില്ലാതല ആചരണ പരിപാടികളുടെ ഉദ്ഘാടനം ആലപ്പുഴയിൽ നടന്നു. ജനുവരി 25,26,27 തീയതികളിലായി ഐശ്വര്യ ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന പരിപാടികളുടെ ഭാഗമായി നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും സോവിയറ്റ് രാഷ്ട്ര നിർമ്മിതിയുടെയും ചരിത്രം അനാവരണം ചെയ്യുന്ന 'മാനവശക്തി ചരിത്രപ്രദർശനം', സെമിനാറുകൾ, കലാസാംസ്കാരിക സംഗമങ്ങൾ എന്നിവ സംഘടിപ്പിച്ചു. ഫാസിസ്റ്റ് വിപത്തിൽ നിന്നും ലോകത്തെ രക്ഷിക്കുവാനായി ജീവൻ ബലിയർപ്പിച്ച രണ്ട് കോടി റഷ്യൻ സഖാക്കളുടെ സ്മരണയ്ക്ക് മുൻപിൽ പുഷ്പാർച്ചന നടത്തിക്കൊണ്ടാണ് ആചരണ പരിപാടികൾ ആരംഭിച്ചത്. മാനവശക്തി ചരിത്രപ്രദർശന നഗരിക്ക് മുമ്പിൽ സ്ഥാപിച്ച രക്തസാക്ഷി മണ്ഡപത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ്, സംസ്ഥാന സെക്രട്ടേറിയേറ്റംഗവും ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായ സഖാവ് ഡോ.വി.വേണുഗോപാൽ, ജില്ലാ സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വർഗ്ഗീസ് എം. ജേക്കബ്, എസ്.സീതിലാൽ, ആർ.പാർത്ഥസാരഥി വർമ്മ എന്നിവർ പുഷ്പചക്രങ്ങൾ അർപ്പിച്ചു. തുടർന്ന് മാനവശക്തി ചരിത്രപ്രദർശനം സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. "സോവിയറ്റ് രാഷ്ട്രത്തിന്റെ ചരിത്രം ഇന്നത്തെ തലമുറയ്ക്ക് ഒരു മുത്തശ്ശിക്കഥ പോലെ തോന്നിയേക്കാം. ഏവർക്കും ഭക്ഷണവും വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും തൊഴിലുമെല്ലാം നൽകുന്ന ഒരു രാഷ്ട്രം നിലനിന്നിരുന്നുവെന്നത് അവിശ്വസനീയമായി കരുതിയേക്കാം. ഇന്നത്തെ മുതലാളിത്ത ലോകത്തിൽ രൂക്ഷമാകുന്ന പ്രതിസന്ധിയും വർദ്ധിച്ചുവരുന്ന ജീവിത ദുരിതങ്ങളുമാണ് അങ്ങനെ ചിന്തിക്കുവാൻ കാരണമാകുന്നത്. മെച്ചപ്പെട്ട ജീവിതത്തെ കുറിച്ചുള്ള സങ്കൽപ്പങ്ങൾ പോലും അസാധ്യമാക്കുന്ന സാമൂഹ്യസാഹചര്യമാണ് ഇന്നുള്ളത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നത് ഒരു നൂറ്റാണ്ട് മുമ്പ് നടന്ന നവംബർ വിപ്ലവത്തിന്റെ പാഠങ്ങളാണ്" – ആചരണപരിപാടികൾ ഉദ്ഘാടനം ചെയ്തുകൊണ്ട് സഖാവ് ലൂക്കോസ് പറഞ്ഞു. തുടർന്ന് നടന്ന ഏകദിന ചിത്രകലാക്യാമ്പ് രാജാ രവിവർമ്മ കോളെജ് റിട്ട. പ്രിൻസിപ്പാൾ ആർട്ടിസ്റ്റ് ടി.എ.എസ്.മേനോൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ.ജി.ഉണ്ണികൃഷ്ണൻ, ബാലമുരളീകൃഷ്ണൻ, എം.ഹുസൈൻ, എ.റ്റി.ദുർഗ്ഗാദാസ്, ഇ.കെ.ഭഗത്സിംഗ്, അനിൽ ജയൻ, സതീഷ് വാഴവേലിൽ, ദേവദാസ്, ആർ.പാർത്ഥസാരഥി വർമ്മ, സി.ഹണി തുടങ്ങിയവർ പങ്കെടുത്തു. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിവിധ ഭാവങ്ങൾക്ക് നിറങ്ങൾ ചാലിച്ചു നൽകിയ ചിത്രങ്ങൾ ഏകദിനക്യാമ്പിലൂടെ സൃഷ്ടിക്കപ്പെട്ടു. ഈ ചിത്രങ്ങളും തുടർന്ന് പ്രദർശിപ്പിച്ചു.



മാനവശക്തി എക്സിബിഷൻ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു



ലെനിൻ അനുസ്മരണയോഗം കേന്ദ്രകമ്മിറ്റിയംഗം സഖാവ് കെ.രാധാകൃഷ്ണ ഉദ്ഘാടനം ചെയ്യുന്നു

വൈകുന്നേരം നടന്ന 'ലെനിൻ അനുസ്മരണ സമ്മേളനം' എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റിയംഗവും കർണ്ണാടക സംസ്ഥാന സെക്രട്ടറിയുമായ സഖാവ് കെ. രാധാകൃഷ്ണ ഉദ്ഘാടനം ചെയ്തു. .സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി സഖാവ് വി.വേണുഗോപാൽ അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ടി.മുരളി, പി.ആർ. സതീശൻ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി നഗരത്തിൽ പ്രകടനവും നടന്നു. തുടർന്ന് രാത്രി റഷ്യൻ ചലച്ചിത്രകാരൻ സർജി ഐസൻസ്റ്റീൻ സംവിധാനം ചെയ്ത 'ബാറ്റിൽഷിപ്പ് പൊട്ടംകീൻ' എന്ന ക്ലാസിക് ചലച്ചിത്രത്തിന്റെ പ്രദർശനവും നടന്നു.

ജനുവരി 26ന് രാവിലെ, 'വിജ്ഞാനവികാസവും വിദ്യാഭ്യാസവും സോഷ്യലിസത്തിൽ' എന്ന വിഷയത്തിൽ പ്രഭാഷണപരമ്പര നടന്നു. വ്യക്തിത്വവികാസം കുട്ടികളിൽ, സോവിയറ്റ് സമൂഹത്തിലെ വിദ്യാഭ്യാസം, ശാസ്ത്രം സോഷ്യലിസത്തിൽ എന്നീ വിഷയങ്ങളിൽ യഥാക്രമം മിനി കെ.ഫിലിപ്പ് (സംസ്ഥാന പ്രസിഡന്റ്, എഐഎംഎസ്എസ്), എം.ഷാജർഖാൻ (സംസ്ഥാന സെക്രട്ടറി, ഓൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി), ഡോ. കെ.ഹരിപ്രസാദ് (സംസ്ഥാന കോ-ഓർഡിനേറ്റർ, മെഡിക്കൽ സർവീസ് സെന്റർ) എന്നിവർ പ്രഭാഷണം നടത്തി. ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കോ-ഓർഡിനേറ്റർ കെ.ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് ആർ.അപർണ സ്വാഗതവും ജില്ലാ സെക്രട്ടറി ശിൽപ എസ്. കൃതജ്ഞതയും പറഞ്ഞു. തുടർന്ന് നടന്ന 'സ്ത്രീ വിമോചനവും സോഷ്യലിസവും' എന്ന സെമിനാർ മുൻ എംപി സി.എസ്.സുജാത ഉദ്ഘാടനം ചെയ്തു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.എം.എ.ബിന്ദു വിഷയാവതരണം നടത്തി. സ്ത്രീകളെ ഗാർഹിക ഉത്തരവാദിത്വത്തിൽ നിന്നും ശിശുപരിപാലനത്തിൽ നിന്നും മോചിപ്പിച്ചുകൊണ്ട് പൊതുരംഗത്തേയ്ക്കും സാമൂഹ്യപുരോഗതിയുടെ ചാലകശക്തിയായ ഉത്പ്പാദനരംഗത്തെയ്ക്കും കൊണ്ടുവന്ന സോവിയറ്റ് മാതൃകയാണ് സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക് പാഠമാകേണ്ടതെന്ന് അഡ്വ. ബിന്ദു ചൂണ്ടിക്കാണിച്ചു. പി.കെ.മേദിനി, അഡ്വ.ഡി.ലില്ലി, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല.കെ. ജോൺ, കെ.ജെ.ഷീല, വി.ഉഷാകുമാരി, ടി.ആർ.രാജിമോൾ എന്നിവർ പ്രസംഗിച്ചു.എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് സൗഭാഗ്യലക്ഷ്മി അധ്യക്ഷത വഹിച്ചു.

വൈകുന്നേരം നടന്ന, 'സോഷ്യലിസവും ലോകസമാധാനവും' എന്ന സെമിനാർ പൊതുമരാമത്ത് -രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്തു. "ലോകസമാധാനത്തിന്റെ കവാലാളായി സോവിയറ്റ് യൂണിയൻ നിലനിന്നിരുന്നതെങ്ങനെയെന്ന് ഇന്നത്തെ കലുഷിതമായ സാഹചര്യത്തിൽ പരിശോധിക്കേണ്ടതാണെന്നും ഇത്തരം ചർച്ചകൾ ഇന്ന് നടക്കാത്തത് വേദനാകരമാണെ"ന്നും സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റംഗം ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. "സാമ്രാജ്യത്വസ്വഭാവമാർജ്ജിച്ച മുതലാളിത്ത വ്യവസ്ഥ യുദ്ധങ്ങൾ സൃഷ്ടിക്കും. സോവിയറ്റ് യൂണിയന്റെ പതനത്തിന് ശേഷം ശീതയുദ്ധം അവസാനിച്ചുവെന്നും ലോകസമാധാനം സ്ഥാപിക്കപ്പെട്ടുവെന്നും വലതുപക്ഷ മാധ്യമങ്ങൾ ആഘോഷിച്ചു.എന്നാൽ പിന്നീടങ്ങോട്ട് അമേരിക്കയുടെ നേതൃത്വത്തിൽ രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലും പരമാധികാരത്തിലും കൈകടത്തുന്നതും ഇറാഖിനെയും അഫ്ഗാനിസ്ഥാനെയും ലിബിയയെയും പോലെയുള്ള രാഷ്ട്രങ്ങളെ തുടച്ചുനീക്കുന്നതും പോലെയുള്ള ആക്രമണങ്ങളാണ് കാണുവാൻ സാധിച്ചത്"- വിഷയാവതരണത്തിൽ അദ്ദേഹം സൂചിപ്പിച്ചു. അഡ്വ.മാത്യു വേളങ്ങാടൻ, അഡ്വ.ബി.കെ.രാജഗോപാൽ, എൻ.ഉദയകുമാർ ടി.കോശി,കെ.ആർ.ശശി തുടങ്ങിയവർ പ്രസംഗിച്ച സെമിനാറിൽ സഖാവ് എസ്. സീതിലാൽ അധ്യക്ഷനായിരുന്നു. തുടർന്ന്, മിതമുരളിയും സംഘവും അവതരിപ്പിച്ച വയലിൻ ഫ്യൂഷനും നടന്നു.

ഡോ.ചേരാവള്ളി ശശി ഉദ്ഘാടനം ചെയ്ത കവിയരങ്ങോടെയാണ് സമാപനദിവസത്തെ പരിപാടികൾ ആരംഭിച്ചത്.എഐഡിവൈഒ ജില്ലാ വൈസ് പ്രസിഡന്റ് കെ.ബിമൽജി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡോ.ഷാജി ഷണ്മുഖം, മാവേലിക്കര ജയദേവൻ, എം.കൃഷ്ണകുമാർ, മാരാരിക്കുളം വിജയൻ, തോട്ടപ്പള്ളി രവീന്ദ്രനാഥ്, എൻ.കെ. പ്രകാശൻ, ബി.ജോസുകുട്ടി, ഡി.ബി.അജിത്കുമാർ, എം.എസ്.സുജാത, നാസർ ഇബ്രാഹീം, കുഞ്ഞുമോൾ ബെന്നി, മധു ചെങ്ങന്നൂർ, സി.ജീവൻ, ബിബിൻ ബേബി, പി.സി. കുഞ്ഞുമോൻ,കെ.പി.പ്രീതി, എം.ടി.ആനന്ദൻ തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു. എൻ.ആർ.അജയകുമാർ സ്വാഗതവും പി.കെ. ശശി കൃതജ്ഞതയും പറഞ്ഞു.

വൈകുന്നേരം നടന്ന, 'റഷ്യൻകലയും സാഹിത്യവും സമൂഹത്തിൽ സൃഷ്ടിച്ച സ്വാധീന'മെന്ന സെമിനാർ പ്രൊഫ.ആർ.ഇന്ദുലാൽ ഉദ്ഘാടനം ചെയ്തു. എം.കൃഷ്ണകുമാർ വിഷയാവതരണം നടത്തി. ആർ. പാർത്ഥ സാരഥിവർമ്മ അധ്യക്ഷത വഹിച്ച സെമിനാറിൽ എൻ.എസ്.പ്രകാശ്, എൻ.കെ. ബിജു, ടി.വിശ്വകുമാർ എന്നിവർ പ്രസംഗിച്ചു. എൻ.കെ.ശശികുമാർ സ്വാഗതവും ടി.ഷിജിമോൻ കൃതജ്ഞതയും പറഞ്ഞു. തുടർന്ന് നടന്ന സമാപന സമ്മേളനം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. ആർഎംപിഐ നേതാവും ഇടതുപക്ഷ ഐക്യമുന്നണി ചെയർമാനുമായ കെ.എസ്. ഹരിഹരൻ മുഖ്യാതിഥിയായിരുന്നു. വർഗ്ഗീസ് എം. ജേക്കബ് അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ടി.ബി.വിശ്വനാഥൻ, സി.വി.പീതാംബരൻ, കെ.പി.മനോഹരൻ, എം.മുരളി, കെ. ആർ.ഓമനക്കുട്ടൻ എന്നിവർ പ്രസംഗിച്ചു.

ആചരണ പരിപാടികൾക്ക് മുന്നോടിയായി ജനുവരി 21 ലെനിൻ അനുസ്മരണ ദിനത്തിൽ നടന്ന വിളംബരജാഥ, അമ്പലപ്പുഴയിൽ ജില്ലാ സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ജാഥാ ക്യാപ്റ്റൻ എസ്.സീതിലാലിന് ചെങ്കൊടി നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. ആലപ്പുഴ എവിജെ ജംഗ്ഷനിൽ നടന്ന ജാഥയുടെ സമാപനം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. ആചരണപരിപാടികളിലാകമാനം ആവേശകരമായ ബഹുജന പങ്കാളിത്തവും പിന്തുണയും ലഭിച്ചു.

●



ഏകദിന ചിത്രകലാക്യാമ്പ് രാജാ രവിവർമ്മാ കോളേജ് റിട്ട.പ്രിൻസിപ്പാൾ ആർട്ടിസ്റ്റ് ടി.എ.എസ്.മേനോൻ ഉദ്ഘാടനം ചെയ്യുന്നു

# നവംബർ വിപ്ലവശതാബ്ദി ആചരണം

## കൊടുങ്ങല്ലൂരിൽ ഹ്രസ്വ ചലച്ചിത്ര മേള




സമാപനസമ്മേളനം പ്രൊഫ.ഐ.ഷൺമുഖദാസ് ഉദ്ഘാടനം ചെയ്യുന്നു

എഐഡിവൈഒ തൃശൂർ ജില്ലാ കമ്മിറ്റിയുടേയും ലൂമിയർ ഫിലിം സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ മേത്തല ഫിനിക്സ് ജംഗ്ഷനിൽ ഹ്രസ്വ ചലച്ചിത്ര മേള സംഘടിപ്പിച്ചു. മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവ ശതാബ്ദി ആചരണത്തിന്റെ ഭാഗമായി എഐഡിവൈഒ സംസ്ഥാനക്കമ്മിറ്റി നടത്തിവരുന്ന പരിപാടികളുടെ ഭാഗമായിട്ടാണ് രണ്ട് ദിവസങ്ങളിലായി മേള സംഘടിപ്പിച്ചത്. സംസ്ഥാന പ്രസിഡന്റ് എൻ.കെ.ബിജു ഉൽഘാടനം ചെയ്തു. സ്വാഗത സംഘം ചെയർമാൻ ബക്കർ മേത്തല അദ്ധ്യക്ഷത വഹിച്ചു. ചെമ്മീൻ സിനിമയുടെ സഹസംവിധായകൻ ടി.കെ.വാസുദേവൻ അന്തിക്കാട്, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു, സിനിമ പ്രവർത്തകൻ രാജേഷ് നാരായണൻ, ലൂമിയർ ഫിലിം സൊസൈറ്റി പ്രസിഡന്റ് സജീവൻ പണിക്കശ്ശേരി എന്നിവരും പ്രസംഗിച്ചു.

ഹ്രസ്വ സിനിമകളെയും സംവിധായകരേയും എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് എം.പ്രദീപൻ പരിചയപ്പെടുത്തി. സമ്മേളനത്തിനോടുനുബന്ധിച്ച് ടി.കെ വാസുദേവൻ അന്തിക്കാടിനെ ഹ്രസ്വ ചലച്ചിത്ര സംവിധായകൻ കെ.കെ.സുധാകരൻ പൊന്നാടയണിയിച്ച് ആദരിച്ചു.

രണ്ടാം ദിവസം സംഘടിപ്പിച്ച ഡയറക്ടേഴ്സ് മീറ്റിൽ, പ്രദർശിപ്പിക്കപ്പെട്ട സിനിമകളുടെ അണിയറ പ്രവർത്തകരുമായി സംവാദം നടന്നു. എ.വി.ബെന്നി മോഡറേറ്ററായിരുന്നു. ഗ്യാലപ്പ് പോളിലൂടെ ഏറ്റവും നല്ല ജനപ്രിയ ചിത്രമായി തെരഞ്ഞെടുത്ത റഷീദ് പാറയ്ക്കൽ സംവിധാനം ചെയ്ത 'കണ്ടിന്യൂ' എന്ന സിനിമക്ക് തിരക്കഥാകൃത്ത് പി.എസ്. റഫീക്ക് അവാർഡ് സമ്മാനിച്ചു. പ്രദർശിപ്പിക്കപ്പെട്ട എല്ലാ ഹ്രസ്വസിനിമകളുടെയും സംവിധായകരെ മോമെന്റോ നൽകി ആദരിച്ചു.

സമാപന സമ്മേളനം സിനിമാ നിരൂപകൻ പ്രൊഫ.ഐ.ഷൺമുഖദാസ് ഉൽഘാടനം ചെയ്തു. ലോകത്തിലെ ആദ്യത്തെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത് റഷ്യയിലാണെന്ന് അദ്ദേഹം സ്മരിച്ചു. സംസ്കാരത്തിലും കലാമൂല്യത്തിലും ഔന്നത്യം തെളിയിക്കുന്ന സിനിമകൾ പൂർണ്ണമായി ഇന്ന് അവഗണിക്കപ്പെടുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നമ്മുടെ നാട്ടിലെ സമാന്തര സിനിമകളെന്ന നിലയിൽ ഹ്രസ്വ സിനിമകളെ പ്രോൽസാഹിപ്പിക്കണമെന്നും സാംസ്കാരിക മുന്നേറ്റങ്ങൾ എന്ന നിലയിൽ ഇത്തരം മേളകളും തുറന്ന ചർച്ചകളും നാട്ടിൽ കൂടുതലായി ഉണ്ടായിവരണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. യോഗത്തിൽ എഐഡിവൈഒ ജില്ലാ പ്രസിഡന്റ് എ.എം.സുരേഷ് അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ്, ബാനർ സാംസ്കാരിക സമിതി ജില്ലാ സംഘാടകൻ സി.കെ.ശിവദാസൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി അഡ്വ.സുജ ആന്റണി, സി.ആർ.ഉണ്ണീകൃഷ്ണൻ, സ്വാഗത സംഘം ജോയിന്റ് കൺവീനർമാരായ കെ.വി.രാജീവൻ, കെ.വി.വിനോദ് എന്നിവർ സംസാരിച്ചു. എഐഡിവൈഒ ജില്ലാ സെക്രട്ടറി എ.വി.ബെന്നി സ്വാഗതവും നന്ദഗോപൻ കൊട്ടുവള്ളിക്കാട് നന്ദിയും പറഞ്ഞു. സമാപന സമ്മേളനത്തിനു ശേഷം 'എ മാൻ വിത്ത് എ മൂവി ക്യാമറ' എന്ന സോവിയറ്റ് സിനിമയും പ്രദർശിപ്പിച്ചു. ●

## വൈക്കത്ത് സിനിമാപ്രദർശനവും ചർച്ചയും




ബാബു കിളിരൂർ ചർച്ച ഉദ്ഘാടനം ചെയ്യുന്നു

നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് എഐഡിവൈഒ വൈക്കം മേഖലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, 'സോവിയറ്റ് സിനിമ സമൂഹത്തിൽ സൃഷ്ടിച്ച സ്വാധീനം' എന്ന വിഷയത്തിൽ ചർച്ചയും 'മദർ' സിനിമയുടെ പ്രദർശനവും നടന്നു. സാഹിത്യകാരനും നാടകപ്രവർത്തകനുമായ ബാബു കിളിരൂർ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രഭാഷണം നടത്തി. എഐഡിവൈഒ കോട്ടയം ജില്ലാ സെക്രട്ടറി സഖാവ് അനിലാ ബോസ് അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജില്ലാപ്രസിഡന്റ് സഖാവ് രജിതാ ജയറാം, എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.കെ.കണ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. സഖാക്കൾ ടി.കെ. ചൈത്രജൻ സ്വാഗതവും ജിതിൻ തമ്പി കൃതജ്ഞതയും രേഖപ്പെടുത്തി. ●

## ആലപ്പുഴ ബീച്ചിൽ മണൽശിൽപ്പ നിർമ്മാണം




മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരണത്തിന്റെ ഭാഗമായി ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷ(എഐഡിവൈഒ)ന്റെ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ബീച്ചിൽ മണൽ ശിൽപ്പ നിർമ്മാണം നടത്തി. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശിൽപ്പിയായ മഹാനായ ലെനിന്റെ ശിൽപ്പം എഐഡിവൈഒ ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഹണി, അനീഷ് എന്നിവരുടെ നേതൃത്വത്തിലാണ് നിർമ്മിച്ചത്. ആലപ്പുഴ കടപ്പുറത്ത് എത്തിയ ആയിരക്കണക്കിന് ജനങ്ങൾ ശിൽപ്പനിർമ്മാണത്തിന് സാക്ഷ്യം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പാർത്ഥസാരഥിവർമ്മ മുഖ്യപ്രസംഗം നടത്തി. എസ്‌യുസിഐ(സി) ടൗൺ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് എം.എ.ബിന്ദു, എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് റ്റി.ആർ.രാജിമോൾ തുടങ്ങിയവർ പ്രസംഗിച്ചു. ●

# നേതാജി സുഭാഷ് ചന്ദ്രബോസ് അനുസ്മരണം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ യുവജന-വിദ്യാർത്ഥി-വനിതാ സംഘടനകളുടെ നേതൃത്വത്തിൽ ജനുവരി 23 നേതാജി ജയന്തി സംസ്ഥാനത്തും വ്യാപകമായി ആചരിക്കപ്പെട്ടു.

എഐഡിവൈഒയും എഐഡിഎസ്ഒയും സംയുക്തമായി എറണാകുളം മേനകയിൽ സംഘടിപ്പിച്ച നേതാജി ദിനാചരണപരിപാടിയിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രഭാഷണം നടത്തി.

എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് രശ്മിരവി അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ ഡിവൈഒ ജില്ലാ നേതാക്കളായ സഖാക്കൾ കെ.പി.സാൽവിൻ, എ.രജീന, ബി.ഗോപൻ എന്നിവർ പ്രസംഗിച്ചു. എഐഡിഎസ്ഒ ജില്ലാ ജോയിന്റ് സെക്രട്ടറി സഖാവ് നിലീന മോഹൻകുമാർ സ്വാഗതവും സഖാവ് ആഷ്ന തമ്പി നന്ദിയും പറഞ്ഞു.

എഐഡിവൈഒ, എഐഎംഎസ്എസ്, എഐഡിഎസ്ഒ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നേതാജി സുഭാഷ് ചന്ദ്രബോസ് അനുസ്മരണയോഗം നടന്നു. ചാവക്കാട് ബ്ലാങ്ങാട് സെന്ററിൽ നടന്ന സമ്മേളനത്തിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി എ.വി. ബെന്നി മുഖ്യപ്രസംഗം നടത്തി. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് എ.എം.സുരേഷ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ചാവക്കാട് ലോക്കൽ കമ്മിറ്റിയംഗം സി.വി.പ്രേംരാജ്, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി അഡ്വ.സുജ ആന്റണി, സുകന്യകുമാർ (എഐഡിഎസ്ഒ), സി.ആർ.ഉണ്ണികൃഷ്ണൻ (ബാനർ സംസ്ക്കാരിക സമിതി) തുടങ്ങിയവരും പ്രസംഗിച്ചു. സഖാക്കൾ ബേബി വൽസൻ സ്വാഗതവും എം.ബി.വിനോദ് നന്ദിയും പറഞ്ഞു.

കോഴിക്കോട് കുറ്റ്യാടിയിലും ഉള്ളേരിയിലും അനുസ്മരണയോഗങ്ങൾ നടന്നു. രണ്ടു യോഗങ്ങളിലും എഐഡിവൈഒ സംസ്ഥാനപ്രസിഡന്റ് എൻ.കെ.ബിജു മുഖ്യപ്രസംഗകനായിരുന്നു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി കെ.റഹിം അദ്ധ്യക്ഷത വഹിച്ചു.

പത്തനംതിട്ടയിൽ നടന്ന യോഗത്തിൽ എഐഡിവൈഒ ജില്ലാ കൺവീനർ ലക്ഷ്മി ആർ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ സംസ്ഥാന വൈസ്പ്രസിഡന്റ് വി.ഡി.സന്തോഷ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.ജി.അനിൽകുമാർ, റജി മലയാലപ്പുഴ എന്നിവർ പ്രസംഗിച്ചു. ജെതിൻ ആർ. സ്വാഗതവും നിത്യാമോൾ കെ.പി. നന്ദിയും പറഞ്ഞു.

തിരുവനന്തപുരത്ത് പിഎംജിയിൽ നേതാജി സ്ക്വയറിനുമുന്നിൽ നടന്ന യോഗം എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എസ്.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി എ.ഷൈജു, വി.സുജിത്ത്, ജെ.മാനവ് എന്നിവർ പ്രസംഗിച്ചു. എമിൽ സ്വാഗതവും ഗൗതമൻ നന്ദിയും പറഞ്ഞു.

പാലക്കാട് ചിറ്റൂർ അണിക്കോട് ജംഗ്ഷനിൽ ആഭിമുഖ്യത്തിൽ നടന്ന ആചരണയോഗം സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.എം.ബീവി അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ്, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് എ. സജീന, കെ.പ്രദീപ് തുടങ്ങിയവർ പ്രസംഗിച്ചു. സഖാക്കൾ എ.ഹസീന സ്വാഗതവും എൻ.സുഗന്ധി നന്ദിയും പറഞ്ഞു. ●



കുറ്റ്യാടിയിൽ നടന്ന നേതാജി അനുസ്മരണയോഗം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു




എറണാകുളത്ത് നേതാജി ജയന്തി ആചരണം എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

# ഫിഡൽ കാസ്ട്രോ ആർദ്ര ഹൃദയനായ ധീരനായ കമ്മ്യൂണിസ്റ്റ് നേതാവ്

**സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിലെ ധീരനായ കമ്മ്യൂണിസ്റ്റ് നേതാവും ക്യൂബൻ വിപ്ലവത്തിന്റെ ശില്പിയുമായ സഖാവ് ഫിഡൽ കാസ്ട്രോയ്ക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഡിസംബർ 4ന് കൽക്കത്തയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ചെയ്ത പ്രസംഗത്തിന്റെ മലയാള പരിഭാഷ**




**കൽക്കത്തയിൽ നടന്ന ഫിഡൽ കാസ്ട്രോ അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പ്രസംഗിക്കുന്നു**

ആഗോള സാമ്രാജ്യത്വത്തിനെതിരെ അക്ഷീണവും സന്ധിരഹിതവും ധീരവുമായ പോരാട്ടം നടത്തിയ മഹാനായ വിപ്ലവകാരിയും ക്യൂബൻ വിപ്ലവത്തിന്റെ കാവൽ ഭടനുമായ സഖാവ് ഫിഡൽ കാസ്ട്രോയ്ക്ക് ആദരാഞ്ജലി അർപ്പിക്കുന്നതിനുവേണ്ടിയാണ് നമ്മൾ ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നത്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും ലോക സോഷ്യലിസ്റ്റ് വ്യവസ്ഥ തകരുകയും ചെയ്തിട്ടും മാർക്സിസം-ലെനിനിസത്തിൽ അടിയുറച്ച് വിശ്വസിക്കുകയും സോഷ്യലിസത്തോട് അചഞ്ചലമായ കൂറുപുലർത്തുകയും ചെയ്തുകൊണ്ട് ജീവിതാന്ത്യംവരെ അദ്ദേഹം പോരാട്ടം തുടർന്നു. നമ്മെ വിട്ടുപിരിയുന്ന ഒരു നേതാവിനെ, ഒരു മഹാനെ, ഒരു പ്രമുഖ വ്യക്തിത്വത്തെ, ഒരു സഖാവിനെ, അനുസ്മരിക്കുന്നതിന് ഒറ്റ ഉദ്ദേശമേയുള്ളൂ. അവരുടെ ജീവിതസമരങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യുക എന്നതാണത്. അല്ലെങ്കിൽ അനുസ്മരണങ്ങൾ അർത്ഥശൂന്യമായ ചടങ്ങുകളായിത്തീരും.

സഖാവ് ഫിഡൽ കാസ്ട്രോയുടെ ജീവിതത്തിലെ ഇതിഹാസമാനമാർന്ന സമരങ്ങളെക്കുറിച്ച് നിങ്ങളിൽ പലരും കേട്ടിരിക്കും. ഉജ്ജ്വലമായ ആ ഏടുകളിൽ ചിലത് നമ്മൾ കൈക്കൊണ്ട അനുശോചന പ്രമേയത്തിലും ഇടം പിടിച്ചിട്ടുണ്ട്. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. എന്റെ പ്രസംഗത്തിന്റെ ഒരു ആമുഖമെന്നോണം, ഇന്ന് ഏറെ വിസ്മരിക്കപ്പെട്ടിരിക്കുന്ന ചരിത്രത്തിന്റെ ചില ഏടുകൾ ഓർത്തെടുക്കാൻ മാത്രമേ ഞാൻ ശ്രമിക്കുന്നുള്ളൂ.

രണ്ടാം ലോകയുദ്ധത്തിൽ ഹിറ്റ്ലർ നേതൃത്വം നൽകിയ, ജർമ്മനിയും ഇറ്റലിയും ജപ്പാനുമുൾപ്പെട്ട ഫാസിസ്റ്റ് അച്ചുതണ്ട് ശക്തികൾക്കെതിരായ പോരാട്ടത്തിൽ മുന്നിൽ നിന്നത് മഹാനായ സ്റ്റാലിനും സോവിയറ്റ് സോഷ്യലിസവും ചെമ്പടയുമായിരുന്നു. സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനും സ്റ്റാലിന്റെ നേതൃത്വവുമില്ലായിരുന്നെങ്കിൽ യുദ്ധത്തിൽ ഹിറ്റ്ലറെ പരാജയപ്പെടുത്തുക അസാദ്ധ്യമായിരുന്നു. കടുത്ത കമ്മ്യൂണിസ്റ്റ് വിരുദ്ധരായ പ്രമുഖർ പോലും ഈ വസ്തുത അംഗീകരിച്ചിട്ടുണ്ട്. ലോകത്ത് അഭൂതപൂർവ്വമായ ഒരു സാഹചര്യം ഉടലെടുത്ത സന്ദർഭമായിരുന്നു അത്. ചെമ്പട വിമോചിപ്പിച്ച പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം സോഷ്യലിസത്തിന്റെ കൊടിക്കൂറ പാറുന്നകാലം. മഹാനായ മാവോസെതുങ്ങിന്റെ നേതൃത്വത്തിൽ ചൈനീസ് വിപ്ലവം വിജയത്തോടടുക്കുകയായിരുന്നു. സഖാവ് ഹോചിമിന്റെ നേതൃത്വത്തിൽ വിയറ്റ്നാമിലെ വിമോചനപ്പോരാട്ടം ഉച്ചസ്ഥായിയിലെത്തിയിരുന്നു. സാമ്രാജ്യത്വ ശക്തികളുടെ നഗ്നമായ കൊള്ളക്കിരയായിക്കൊണ്ടിരുന്ന ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും കോളനികളിലും അർദ്ധകോളനികളിലും സോവിയറ്റ് സോഷ്യലിസത്തിന്റെ സഹായത്താൽ സ്വാതന്ത്ര്യ സമരങ്ങൾ അലയടിച്ചുയരാൻ തുടങ്ങിയിരുന്നു. ചിലയിടങ്ങളിൽ കമ്മ്യൂണിസ്റ്റുകളുടെ നേതൃത്വത്തിലും മറ്റിടങ്ങളിൽ ദേശീയ ബൂർഷ്വാസിയുടെ നേതൃത്വത്തിലുമായിരുന്നു ഈ പോരാട്ടങ്ങൾ നടന്നിരുന്നത്. രണ്ടാം ലോക യുദ്ധത്തിന് അവസാനമായപ്പോഴത്തെ ലോകസാഹചര്യം ഇതായിരുന്നു. സോഷ്യലിസം വലിയ മുന്നേറ്റങ്ങൾ കൈവരിക്കുകയും ദേശീയ സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെടുകയും ചെയ്തതോടെ ലോക സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ അവരുടെ അന്ത്യദിനങ്ങൾ എണ്ണി ഭയചകിതരായി കഴിയുകയായിരുന്നു. ഇതായിരുന്നു അന്നത്തെ ലോക സാഹചര്യം.

മനുഷ്യൻ ചരിത്രത്തിന്റെ സൃഷ്ടിയാണെന്ന്, മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്ത പഠിക്കുന്ന നമുക്കറിയാം. എന്നാൽ ചിലർ ചരിത്രം രചിക്കുന്നു. സാമൂഹ്യ വികാസ നിയമങ്ങൾക്കനുസൃതമായിത്തന്നെയാണ് അവർ ചരിത്രത്തിന്റെ ഗതി തിരിച്ചുവിടുന്നത്. ഒരു പ്രത്യേക കാലത്ത്, പ്രത്യേക സാമൂഹ്യ വ്യവസ്ഥയിൽ, മാറ്റത്തിനായുള്ള സാമൂഹ്യ ത്വരയുടെയും സാമൂഹ്യാവശ്യകതയുടെയും ഫലമായി ജനങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് മാർഗ്ഗദർശനം നൽകാൻ കഴിവുള്ള ഒരു ചിന്തകൻ, ഒരു നേതാവ് ഉയർന്നുവരുന്നു. മതമുന്നേറ്റങ്ങളിൽ ഇത് സംഭവിച്ചിട്ടുണ്ട്. പിന്നീട്, ജന്മിത്തത്തിനെതിരായ ബൂർഷ്വാ ജനാധിപത്യ വിപ്ലവഘട്ടത്തിലും അത്തരം നേതാക്കൾ ഉണ്ടായിട്ടുണ്ട്. എന്നാൽ, എല്ലാവരുടെയും ചിന്തയുടെ ഔന്നത്യവും ബോധനിലവാരവുമൊക്കെ ഒരുപോലെയായിരുന്നില്ലെന്ന് മാത്രം. ഓരോന്നിനും അതിന്റേതായ സവിശേഷതകളുണ്ടായിരുന്നു. അതുപോലെ, മാർക്സിസത്താൽ നയിക്കപ്പെടുന്ന മുതലാളിത്തവിരുദ്ധ തൊഴിലാളിവർഗ്ഗ വിപ്ലവഘട്ടത്തിലും, എല്ലാ മാർക്സിസ്റ്റ് ചിന്തകരുടെയും പോരാളികളുടെയും ചിന്തയുടെ ഔന്നത്യവും ബോധനിലവാരവുമൊക്കെ ഒരുപോലെയല്ല. വീക്ഷണത്തിലും സമീപനത്തിലുമൊക്കെ അടിസ്ഥാനപരമായ യോജിപ്പും ഏകതാനതയുമൊക്കെ നിലനിൽക്കുമ്പോഴും ഓരോരുത്തർക്കും അവരുടേതായ സവിശേഷതകളുമുണ്ടായിരിക്കും.

മറ്റൊരു കാര്യംകൂടി ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാലഘട്ടത്തിൽ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് യുക്തിപരമായ പരിസമാപ്തിയുണ്ടാകണമെങ്കിൽ സന്ധിയില്ലാതെ പൊരുതുന്ന വിപ്ലവപ്പോരാളികൾ കമ്മ്യൂണിസത്തെ പുൽകുകയോ അതിന്റെ ഉറച്ച അനുഭാവികളായിരിക്കുകയോ വേണമെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആശയം എന്റെ ഭാഷയിൽ പറഞ്ഞുവെന്നേയുള്ളൂ. നമ്മുടെ രാജ്യത്ത് നേതാജി സുഭാഷ്ചന്ദ്രബോസ് ഉറച്ച കമ്മ്യൂണിസ്റ്റ് അനുഭാവിയായിരുന്നു. സോവിയറ്റ് യൂണിയനോടും മഹാനായ സ്റ്റാലിനോടും അദ്ദേഹത്തിന് ആഴമാർന്ന ആദരവുണ്ടായിരുന്നു. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ശക്തിയാർജ്ജിക്കണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. ഇന്ത്യയുടെ ലക്ഷ്യം കമ്മ്യൂണിസമാണെന്ന് അന്നത്തെ ഒരു വിപ്ലവകാരിയായിരുന്ന ബാരിൻ ഘോഷിന് അയച്ച കത്തിൽ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തിരുന്നു. ഭഗത് സിംഗാകട്ടെ സ്വയം മാർക്സിസ്റ്റാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സ്വാതന്ത്ര്യ സമരകാലത്ത് ഏതാണ്ടെല്ലാ നേതാക്കന്മാർക്കും സോവിയറ്റ് യൂണിയനോട് വലിയ ആദരവുണ്ടായിരുന്നു. രവീന്ദ്രനാഥ ടാഗോർ, ശരത്ചന്ദ്ര ചാറ്റർജി, പ്രേംചന്ദ്, നസ്രുൾ, സുബ്രഹ്മണ്യ ഭാരതി തുടങ്ങിയവരൊക്കെ ഇതിൽപ്പെടും. ചൈനയിലെ സൺയാത്സെന്നും ഇന്തോനേഷ്യയിലെ സുകാർണോയും ഇതേ വീക്ഷണമുള്ളവരായിരുന്നു. മറ്റു രാജ്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ പോരാളികൾക്കും ഇതേ അഭിപ്രായമാണുണ്ടായിരുന്നത്.

1945ൽ യുദ്ധം അവസാനിച്ചതോടെ ലോകമെമ്പാടും കമ്മ്യൂണിസ്റ്റ് മുന്നേറ്റങ്ങളുടെ ഒരു വേലിയേറ്റമുണ്ടായി. ഞങ്ങളുടെ ചെറുപ്പകാലത്ത് ഞങ്ങൾ അത് കണ്ടതാണ്. ഫിഡൽ കാസ്ട്രോയുടെ ഉദയവും 1959ൽ ക്യൂബൻ വിപ്ലവത്തിന്റെ വിജയകരമായ പരിസമാപ്തിയുമുണ്ടായത് പക്ഷേ, ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പിൻവാങ്ങാൻ തുടങ്ങുന്ന സമയത്താണ്. സഖാവ് സ്റ്റാലിനും അതിനുശേഷം സഖാവ് മാവോ സെതുങ്ങും ജീവിച്ചിരുന്ന കാലത്തോളം, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആധികാരിക നേതൃത്വവും വഴികാട്ടികളുമെന്ന നിലയിൽ, ലോകത്തെ തൊഴിലാളിവർഗ്ഗ വിപ്ലവമുന്നേറ്റങ്ങൾക്കും കോളനികളിലെ ദേശീയ വിമോചന സമരങ്ങൾക്കും ശരിയായ ദിശ കാണിച്ചുകൊടുത്തിരുന്നു. അവരുടെ ഉറച്ച ശിഷ്യനും പിൻഗാമിയുമായിരുന്നു സഖാവ് ശിബ്ദാസ് ഘോഷ്. 1956ൽ ക്രൂഷ്ചേവ് സോവിയറ്റ് യൂണിയനിൽ അധികാരം പിടിച്ചെടുക്കുകയും തിരുത്തൽവാദത്തിന്റെ വാതിൽ തുറന്നിടുകയും ചെയ്തതോടെ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഒരു പ്രതിസന്ധി ഉടലെടുത്തു. ഗുരുതരമായ ഭവിഷ്യത്തുകളെക്കുറിച്ച് അന്നുതന്നെ സഖാവ് ശിബ്ദാസ് ഘോഷ് മുന്നറിയിപ്പു നൽകിയിരുന്നു. 1956-ൽ നടന്ന സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സിന്റെ രേഖകൾ വിശകലനം ചെയ്തതിലൂടെ ക്രൂഷ്ചേവിന്റെ നിഗമനങ്ങൾ തിരുത്തൽവാദത്തിന്റെ പ്രളയത്തിന് വാതിൽ തുറന്നുകൊടുക്കുമെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്ത ആദ്യ കമ്മ്യൂണിസ്റ്റ് നേതാവ് അദ്ദേഹമായിരുന്നുവെന്നാണ് ഇതുവരെയുള്ള ഞങ്ങളുടെ മനസ്സിലാക്കൽ. ലെനിനിസത്തിന്റെ ആധികാരിക വ്യാഖ്യാതാവ് സ്റ്റാലിനായതുകൊണ്ടുതന്നെ സ്റ്റാലിനെ ആക്രമിക്കുന്നത് ലെനിനെ ആക്രമിക്കുന്നതിന് സമമാണെന്നും അദ്ദേഹം പറഞ്ഞു. ലെനിനിസത്തെ ആക്രമിക്കുന്നതാകട്ടെ മാർക്സിസത്തെ ആക്രമിക്കുന്നതിന് തുല്യവും. ഇപ്രകാരം തിരുത്തൽവാദത്തിലേയ്ക്കും പ്രതിവിപ്ലവത്തിലേയ്ക്കുമുള്ള പാത മലർക്കെ തുറക്കപ്പെട്ടു. ഒരു മാർക്സിസ്റ്റ് ചിന്തകനെന്ന നിലയിൽ 1956-ൽത്തന്നെ സഖാവ് ശിബ്ദാസ് ഘോഷ് ഈ ചരിത്രപ്രധാനമായ വിശകലനം അവതരിപ്പിച്ചു.

മാർക്സിസം ഒരു വരട്ടുവാദമല്ലെന്നും സൃഷ്ടിപരമായ ഒരു ശാസ്ത്രമാണെന്നുമുള്ള കാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ലെനിൻ മാർക്സിന്റെയും ഏംഗൽസിന്റെയും പാഠങ്ങൾ വെറുതെ ഉരുവിട്ട് പഠിക്കുകയല്ല, അതിന്റെ സാരാംശം സ്വാംശീകരിക്കുകയാണ് ചെയ്തത്. ലെനിൻതന്നെ പറയുന്നു: "മാർക്സിസ്റ്റ് ദർശനം പരിപൂർണ്ണവും അലംഘനീയവുമായ ഒന്നാണ് എന്നല്ല നമ്മൾ കണക്കാക്കുന്നത്, നേരെമറിച്ച്, ആ ശാസ്ത്രത്തിന്റെ തറക്കല്ലിടൽ മാത്രമേ നടന്നിട്ടുള്ളൂ എന്ന ബോദ്ധ്യം നമുക്കുണ്ട്. ജീവിതത്തിന്റെ കുതിപ്പിനൊപ്പം നിലകൊള്ളണമെങ്കിൽ സോഷ്യലിസ്റ്റുകൾക്ക് നാനാദിശകളിലേയ്ക്ക് അതിനെ വികസിപ്പിക്കേണ്ടിവരും. റഷ്യൻ സോഷ്യലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ സ്വതന്ത്രമായ ഒരു വിപുലീകരണം അനിവാര്യമാണെന്നു തന്നെയാണ് അഭിപ്രായം. കാരണം, ഈ ദർശനം പൊതുവായ മാർഗ്ഗനിർദ്ദേശതത്വങ്ങൾ മാത്രമാണ് പ്രദാനം ചെയ്യുന്നത്. ആ തത്വങ്ങൾ ഇംഗ്ലണ്ടിൽ പ്രയോഗത്തിൽ വരുത്തുന്നത് ഫ്രാൻസിൽനിന്ന് വ്യത്യസ്തമായും ഫ്രാൻസിൽ ജർമ്മനിയിൽനിന്ന് വ്യത്യസ്തമായും ജർമ്മനിയിൽ റഷ്യയിൽനിന്ന് വ്യത്യസ്തമായും ആയിരിക്കും."മാർക്സിനും ഏംഗൽസിനും ശേഷമുള്ള കാലയളവിൽ ലെനിൻ മാർക്സിസത്തെ വികസിപ്പിക്കുകയും നമ്മൾ അതിനെ ലെനിനിസം എന്ന് വിളിക്കുകയും ചെയ്യുന്നു. ലെനിനിസം, സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും കാലഘട്ടത്തിലെ മാർക്സിസമാണെന്ന് നിർവ്വചിച്ചത് സ്റ്റാലിനാണ്. പിന്നീട്, മാർക്സിസം-ലെനിനിസത്തിന്റെ വിജ്ഞാന ശേഖരത്തിലേയ്ക്ക് സ്റ്റാലിൻ സംഭാവനകൾ നൽകി. തുടർന്ന് മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ എന്നിവരുടെ ശിഷ്യനായി മാവോ സെതുങ്ങ് ഉയർന്നുവന്നു. അദ്ദേഹം മാർക്സിസം-ലെനിനിസത്തെ ചൈനീസ് മണ്ണിൽ മൂർത്തവൽക്കരിക്കുകയും ആ പ്രക്രിയയിലൂടെ മാർക്സിസം-ലെനിനിസത്തെ കൂടുതൽ വികസിപ്പിക്കുകയും നമ്മൾ അതിനെ മാവോചിന്ത എന്ന് വിളിക്കുകയും ചെയ്യുന്നു. ഇവരുടെയെല്ലാം ശിഷ്യനായ സഖാവ് ശിബ്ദാസ് ഘോഷ് ഇന്ത്യൻ മണ്ണിൽ മാർക്സിസം-ലെനിനിസത്തെ മൂർത്തവൽക്കരിച്ചുകൊണ്ട്, തത്വചിന്ത, പ്രത്യയശാസ്ത്രം, രാഷ്ട്രീയം, സദാചാരം, നൈതികത, സംസ്കാരം എന്നിങ്ങനെ നാനാ രംഗങ്ങളിൽ അതിനെ വിപുലീകരിക്കുകയും വികസിപ്പിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്തു. സാർവ്വദേശീയ തലത്തിലെ മാറിവരുന്ന സാഹചര്യങ്ങൾക്കും ആധുനിക ശാസ്ത്രത്തിന്റെ വികാസത്തിനും പുതുതായി പ്രത്യക്ഷപ്പെടുന്ന പ്രശ്നങ്ങൾക്കും പ്രതിഭാസങ്ങൾക്കുമൊക്കെ നിരക്കുംപടിയാണ് അദ്ദേഹം ഈ കൃത്യം നിർവ്വഹിച്ചത്. അതിലൂടെ സർഗ്ഗധനനായ ഒരു പ്രതിഭാശാലിയുടെ മുദ്രയാണ് അദ്ദേഹം പതിപ്പിച്ചത്. നമ്മൾ അതിനെയാണ് ശിബ്ദാസ് ഘോഷ് ചിന്ത എന്നുവിളിക്കുന്നത്.

### ക്രൂഷ്ചേവ് നേതൃത്വത്തിന്റെ തിരുത്തൽവാദ ലൈൻ

ക്രൂഷ്ചേവ് സ്റ്റാലിനെ ആക്രമിക്കാൻ തുടങ്ങിയതോടെ, സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രചാരണത്തിന് ആ അവസരം ഉപയോഗപ്പെടുത്തി. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവ ഭീതിയിൽ കഴിയുകയായിരുന്നു അതുവരെ അവർ. ലോകമെമ്പാടും സ്റ്റാലിനെതിരായ അപവാദ പ്രചാരണങ്ങൾ കൊടുമ്പിരികൊണ്ടു. ഇന്നും അത് തുടരുന്നു. സഖാവ് ശിബ്ദാസ് ഘോഷ് ഇത് കൃത്യമായി മുൻകൂട്ടി കണ്ടിരുന്നു. അതുകൊണ്ടാണ്, സ്റ്റാലിന്റെ ആധികാരികതയെ ആക്രമിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നത് ലെനിനെ സ്ഥാനഭ്രഷ്ടനാക്കാനും ലെനിനിസത്തെ ആക്രമിക്കാനും മാത്രമേ ഉപകരിക്കൂ എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകിയത്. അതിനർത്ഥം മാർക്സിസത്തെത്തന്നെ കടന്നാക്രമിക്കുക എന്നതായിരിക്കും. അതുതന്നെയാണ് പിന്നീട് സംഭവിച്ചത്. അതേത്തുടർന്ന് ക്രൂഷ്ചേവ് പല മാർക്സിസ്റ്റ് വിരുദ്ധ ആശയങ്ങളും പ്രചരിപ്പിക്കാൻ തുടങ്ങി. സാമ്രാജ്യത്വം യുദ്ധമുണ്ടാക്കുന്നു എന്നതായിരുന്നു ലെനിന്റെ കണ്ടെത്തൽ. അതായത്, സാമ്രാജ്യത്വം നിലനിൽക്കുവോളം യുദ്ധമുണ്ടാക്കിക്കൊണ്ടി

(ശേഷം 11-ാം പേജിൽ)

# കാസ്ട്രോയുടെ മരണം ലാറ്റിനമേരിക്കൻ ജനതയ്ക്ക് പിതാവ് നഷ്ടപ്പെട്ട പ്രതീതി സൃഷ്ടിച്ചു

(10-ാം പേജിൽ നിന്ന്)

രിക്കും എന്നർത്ഥം. 1950 കളിൽ സോഷ്യലിസ്റ്റ് ചേരി വളരെയേറെ കരുത്താർജിക്കുകയും ലോകമെമ്പാടും ശക്തമായ സമാധാന പ്രസ്ഥാനങ്ങൾ വികസിച്ചുവരികയും ചെയ്തിരുന്നു. ഇതെല്ലാം കണ്ട് മതിമറന്ന ക്രൂഷ്ചേവ് ഇനി സാമ്രാജ്യത്വ യുദ്ധ ഭീഷണി ഉണ്ടാകില്ല എന്ന് പ്രഖ്യാപിച്ചു. ഈ തെറ്റായ കാഴ്ചപ്പാടിനെ വിമർശിച്ചുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചത് സാമ്രാജ്യത്വമുള്ള കാലത്തോളം യുദ്ധ ഭീഷണിയുമുണ്ടാകും എന്നാണ്. എന്നാൽ, സോഷ്യലിസ്റ്റ് ചേരിയും ലോകത്തെ സാമ്രാജ്യത്വവിരുദ്ധ സമാധാന പ്രസ്ഥാനവും ശരിയായ പാതയിൽ മുന്നേറുകയാണെങ്കിൽ അതിന് യുദ്ധം ഒഴിവാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. അതായത്, മാറിയ ലോകസാഹചര്യത്തിൽ, ശാക്തിക സന്തുലനത്തിന്റെ കാലയളവിൽ, യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യതയും സമാധാനം സംരക്ഷിക്കാനുള്ള സാദ്ധ്യതയും ഒരുപോലെ യാഥാർത്ഥ്യമാണെന്നർത്ഥം. ക്രൂഷ്ചേവ് മുന്നോട്ടുവച്ചതായിരുന്നില്ല, ഇതായിരുന്നു അന്നത്തെ ലോകസാഹചര്യത്തെക്കുറിച്ചുള്ള ശരിയായ വ്യാഖ്യാനം. ബൂർഷ്വാ പാർലമെന്റുകളെ ജനേച്ഛയുടെ ഉപകരണമായി പരിവർത്തനപ്പെടുത്താമെന്നും വ്യത്യസ്ത രാജ്യങ്ങളിൽ സമാധാനപരമായ മാർഗ്ഗത്തിലൂടെ വിപ്ലവം സാദ്ധ്യമാക്കാമെന്നും തുടർന്ന് ക്രൂഷ്ചേവ് പറഞ്ഞു. ഇത് തികച്ചും വിപ്ലവവിരുദ്ധവും അങ്ങേയറ്റം തിരുത്തൽവാദപരവും പരിഷ്കരണവാദപരവുമായ സിദ്ധാന്തമായിരുന്നു. തുടർന്ന്, ലെനിനും സ്റ്റാലിനും ആവിഷ്കരിച്ച സമാധാനപരമായ സഹവർത്തിത്വം എന്ന ആശയത്തെ ക്രൂഷ്ചേവ്, എല്ലിധവും സമാധാനം നിലനിർത്തുക എന്നതിലേയ്ക്ക് ചുരുക്കി. സാമ്രാജ്യത്വ ശക്തികൾ എവിടെയെങ്കിലും യുദ്ധ ഭീഷണി മുഴക്കിയാൽ അതിനെ ശക്തമായി ചെറുക്കാൻ മുന്നോട്ടുവരേണ്ടതില്ലെന്നും ക്രൂഷ്ചേവ് കൂട്ടിച്ചേർത്തു. കാരണം അത് യുദ്ധത്തിന്, ആണവയുദ്ധത്തിനുപോലും വഴിവയ്ക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ വാദഗതി. അതുകൊണ്ടുതന്നെ വിട്ടുവീഴ്ച ചെയ്തേ പറ്റൂ. അങ്ങനെ അദ്ദേഹം സമാധാനപരമായ സഹവർത്തിത്വം എന്ന തത്വത്തെ സമാധാനപരമായ കീഴടങ്ങലായി തരംതാഴ്ത്തി. മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽനിന്നുതന്നെ ക്രൂഷ്ചേവ് വ്യതിചലിച്ചു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന് മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ് എന്നീ ആചാര്യന്മാർ വമ്പിച്ച പ്രാധാന്യമാണ് കൽപ്പിച്ചിട്ടുള്ളത്. എന്നാൽ ക്രൂഷ്ചേവ് നേതൃത്വം മുന്നോട്ടുവച്ചത് 'തൊഴിലാളവർഗ്ഗ സർവ്വാധിപത്യ'ത്തിനുപകരം 'ജനങ്ങളുടെ സർവ്വാധിപത്യം' എന്ന ആശയമാണ്. ഇങ്ങനെ പല മേഖലകളിലും മാർക്സിസ്റ്റിതരവും തിരുത്തൽവാദപരവുമായ ആശയങ്ങളാണ് അവർ മുന്നോട്ടുവച്ചത്. റിവിഷനിസ്റ്റ് ചിന്തയെക്കുറിച്ച് ലെനിൻ പറഞ്ഞത് മാർക്സിസത്തിന്റെ കുപ്പായമണിഞ്ഞ മുതലാളിത്ത ചിന്ത എന്നത്രെ. എല്ലാത്തരം വഷളൻ ആശയങ്ങളും അവർ വിളമ്പിക്കൊണ്ടിരുന്നു. ശക്തമായ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ഇത് ആശയക്കുഴപ്പവും അനൈക്യവും വിതച്ചു. ആഗോളമായി അലയടിച്ചുകൊണ്ടിരുന്ന സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളെയും ഇത് പിന്നോട്ടടിച്ചു. തുടർന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം ക്രമേണ പ്രകടമായി. ചൈനീസ് പാർട്ടി നമ്മുടെ പാർട്ടിയെപ്പോലെ ക്രൂഷ്ചേവിന്റെ തിരുത്തൽവാദ ലൈനിനെ എതിർക്കാൻ തുടങ്ങി. തുടക്കത്തിൽ ആശയക്കുഴപ്പംമൂലം അവർ ക്രൂഷ്ചേവിനെ പിന്തുണച്ചിരുന്നു. പിന്നീട് അവർ തെറ്റ് സമ്മതിക്കുകയും വിയോജിപ്പ് തുറന്നു പറയുകയും ചെയ്തു. മോസ്കോയെയും ബീജിങ്ങിനെയും പിന്തുണയ്ക്കുന്ന രണ്ട് ധാരകളായി കമ്മ്യൂണിസ്റ്റ് ചേരി വിഭജിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ക്യൂബൻ വിപ്ലവവും സഖാവ് ഫിഡൽ കാസ്ട്രോയുടെ ഉദയവും സംഭവിക്കുന്നത്. മഹാന്മാരായ സ്റ്റാലിന്റെയും മാവോയുടെയും നേതൃത്വത്തിൽ, ഉന്നതമായ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്താൽ സായുധമായി, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഊർജ്ജസ്വലമായി മുന്നേറുന്ന സാഹചര്യം, കാസ്ട്രോ പോരാട്ടം നയിക്കുന്ന കാലമായപ്പോഴേയ്ക്കും പിൻവാങ്ങിയിരുന്നു. തിരുത്തൽവാദം ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുമേൽ പിടി മുറുക്കിക്കഴിഞ്ഞ സമയത്തായിരുന്നു കാസ്ട്രോയുടെ ഉദയം.

**സഖാവ് ശിബ്ദാസ് ഘോഷ് ശരിയായ വിശകലനം അവതരിപ്പിച്ചു**

ഇവിടെ, സഖാവ് ശിബ്ദാസ് ഘോഷിന്റെ നേതൃത്വത്തിൽ നമ്മുടെ പാർട്ടി നൽകിയ ചില സംഭാവനകളെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്. പുതിയ തലമുറയ്ക്ക് ഇതേക്കുറിച്ച് ധാരണയുണ്ടാവില്ല. ഈ വേദിയിലിരിക്കുന്നവർക്കും ഞങ്ങളുടെ പ്രായമുള്ളവർക്കും 1950 കളിലെ സാഹചര്യത്തെക്കുറിച്ച് അറിയാം. ഹിറ്റ്ലറുടെ ഫാസിസത്തിനെതിരെ ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇറ്റലിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും വലിയ സമരം നടത്തി. അന്ന് ഈ രണ്ട് പാർട്ടികളും വളരെ ശക്തമായിരുന്നു. ഫ്രാൻസിലെ ബൂർഷ്വാ ഭരണാധികാരികൾ ഫാസിസ്റ്റുകളെ എതിർത്തില്ല. അവർ രാജ്യത്തുനിന്ന് പലായനം ചെയ്യുക്കയാണുണ്ടായത്. കമ്മ്യൂണിസ്റ്റുകളാണ് ചെറുത്തുനിൽപ്പ് നടത്തിയത്. ഇറ്റലിയും ഫ്രാൻസും കൂടാതെ ഗ്രീസ്, ജപ്പാൻ, ഇന്തോനേഷ്യ, മലേഷ്യ, ബർമ്മ(മ്യാൻമർ), ഇറാൻ, ഇറാക്ക്, ഫിലിപ്പൈൻസ്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തമായിരുന്നു. തിരുത്തൽവാദം ശക്തിയാർജിച്ചതോടെ ഈ പാർട്ടികളെല്ലാം ക്ഷയിച്ചുപോയി. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിലനിന്ന ഒരു ദൂഷ്യവശത്തെക്കുറിച്ച് അഥവാ പരിമിതിയെക്കുറിച്ച് ആദ്യമായി ചൂണ്ടക്കാണിച്ചത് 1948ൽ സഖാവ് ശിബ്ദാസ് ഘോഷാണ്. അനുകൂലഘടകങ്ങളൊന്നുമില്ലാതെ, എല്ലാ വൈതരണികളെയും മറികടന്നുകൊണ്ട് നമ്മുടെ പാർട്ടി കെട്ടിപ്പടുക്കാനുള്ള കഠിനമായ പോരാട്ടത്തിന്റെ മദ്ധ്യത്തിലായിരുന്നു അദ്ദേഹമന്ന്. ഒരു നേരത്തെ ഭക്ഷണമോ, പാർപ്പിടം പോലുമോ അന്നുണ്ടായിരുന്നില്ല. അന്നാണ്, 'കമ്മ്യൂണിസ്റ്റ് ചേരിയുടെ സ്വയം വിമർശനം' എന്ന ചരിത്രപ്രധാനമായ ലേഖനം അദ്ദേഹമെഴുതുന്നത്. അതിലദ്ദേഹം ചൂണ്ടിക്കാണിച്ചു: "ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കൈവരിച്ച നിരവധിയായ നേട്ടങ്ങളെയും അനുഷ്ഠിച്ച ഉജ്ജ്വലമായ ത്യാഗങ്ങളെയും അഭിമാനത്തോടെയും ആദരവോടെയും സ്മരിക്കുമ്പോൾ തന്നെ, അതിന്റെ ഗുരുതരമായ പരിമിതികൾ ചൂണ്ടിക്കാണിക്കുന്നതിനും ഞങ്ങൾ ഒട്ടും അമാന്തിക്കുന്നില്ല... ലോക കമ്മ്യൂണിസ്റ്റ് ചേരിയുടെ ഇന്നത്തെ നേതൃത്വം വലിയൊരു പരിധിവരെ യാന്ത്രിക ചിന്താപ്രക്രിയയാലും... വിമർശന രഹിതമായി, അന്ധമായി അംഗീകരിക്കുന്ന പ്രവണതയാലും സ്വാധീനിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഈ ഗുരുതരമായ പരിമിതികൾക്ക് കാരണം...". വൈരുദ്ധ്യാത്മക പ്രക്രിയയ്ക്കുപകരം ഈ യാന്ത്രിക ചിന്താപ്രക്രിയയും നേതൃത്വത്തോടുള്ള അന്ധമായ വിധേയത്വവും ഭാവിയിൽ അപകടമുണ്ടാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പുനൽകി. കൃത്യമായും അതുതന്നെ സംഭവിക്കുകയും ചെയ്തു. സ്റ്റാലിൻ മരിക്കുന്നതുവരെ അദ്ദേഹം ശരിയായ പാതയിലൂടെ മുന്നോട്ടുപോകുകയും മറ്റുള്ളവർ അദ്ദേഹത്തെ അന്ധമായി പിന്തുടരുകയുമാണുണ്ടായത്. സ്റ്റാലിന്റെ നിര്യാണത്തിനുശേഷം ക്രൂഷ്ചേവ് നേതൃത്വം പിടിച്ചെടുക്കുകയും സ്റ്റാലിൻ വിരുദ്ധ പ്രചാരണം ആരംഭിക്കുകയും ചെയ്തതോടെ, പലരിലും ആശയക്കുഴപ്പമുണ്ടാകുകയും പലരും പല സംശയങ്ങളും ഉന്നയിക്കുകയും ചെയ്തെങ്കിലും ഒരു വിഭാഗം അന്ധമായി സോവിയറ്റ് പാർട്ടിയെ പിന്തുടരുകയും മറ്റുള്ളവർ ചൈനീസ് പാർട്ടിയെ പിന്തുടരുകയും ചെയ്യുന്ന സ്ഥിതിയായി. നമ്മുടെ പാർട്ടി തുടക്കംമുതൽ തന്നെ അന്ധതയിൽനിന്ന് മുക്തമായിരുന്നു. സ്റ്റാലിനെയും മാവോയെയും സഖാവ് ശിബ്ദാസ് ഘോഷ് അളവറ്റ ആദരവോടെയാണ് കണ്ടത്. അവരുടെ ശിഷ്യൻ എന്നാണ് മരിക്കുന്നതുവരെ അദ്ദേഹം വിശേഷിപ്പിച്ചത്. അതികായരായ ഈ മാർക്സിസ്റ്റ് ആചാര്യന്മാരുമായുള്ള ഒരു താരതമ്യവും അദ്ദേഹം അനുവദിച്ചില്ല. എന്നാൽ ഒരിക്കലുമദ്ദേഹം ഇവരെ അന്ധമായി പിന്തുടർന്നുമില്ല. വൈരുദ്ധ്യാത്മക പ്രയോഗപദ്ധതിയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം എല്ലാം വിശകലനവിധേയമാക്കിയത്. സ്റ്റാലിനോട് ഏറെ ആദരവ് പുലർത്തുമ്പോൾത്തന്നെ ചില കാര്യങ്ങളിൽ അദ്ദേഹത്തെ വിമർശിക്കാനും സഖാവ് ശിബ്ദാസ് ഘോഷ് മുതിർന്നു. മാവോ സെതുങ്ങിന്റെ കാര്യത്തിലും അദ്ദേഹം ചില വിമർശനങ്ങൾ മുന്നോട്ടുവച്ചിരുന്നു. പല രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾ ശിഥിലമായപ്പോഴും നമ്മുടെ പാർട്ടി ഒറ്റക്കെട്ടായി നിലകൊണ്ടത് നിങ്ങൾ കണ്ടതാണ്. ഒറ്റക്കെട്ടായി നിലകൊണ്ടുവെന്ന് മാത്രമല്ല വളരുകയും ചെയ്തു. രാജ്യമെമ്പാടും നമ്മൾ വളർന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളും കർഷകരും വിദ്യാർത്ഥികളും യുവാക്കളും വനിതകളുമെല്ലാം നമ്മുടെ പാർട്ടിയിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഈ വളർച്ചയുടെ ഊർജ്ജം ലഭിക്കുന്നതെവിടെനിന്നാണ്? സഖാവ് ശിബ്ദാസ് ഘോഷ് പ്രദാനം ചെയ്ത മാർക്സിസം-ലെനിനിസത്തിന്റെ സമ്പുഷ്ടവും വികസിതവുമായ ധാരണയുടെ അടിസ്ഥാനത്തിലാണ് നമ്മുടെ പാർട്ടി പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ അകാല നിര്യാണത്തെത്തുടർന്ന് ഉറ്റ സഖാവായ സഖാവ് നിഹാർ മുഖർജി ആ ഉന്നതമായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ധാരണയെ ആധാരമാക്കി നമ്മുടെ പാർട്ടിക്ക് നേതൃത്വം നൽകി. സഖാവ് നിഹാർ മുഖർജിയുടെ വേർപാട്, പാർട്ടിയെ നയിക്കാനുള്ള ചുമതല നമ്മിൽ അർപ്പിതമായിരിക്കുകയാണ്. അതേ പാതയിൽക്കൂടിത്തന്നെ നമ്മൾ മുന്നോട്ടുപോകുന്നു. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിൽ പൊരുതുവോളം നമ്മുടെ രാജ്യത്തുമാത്രമല്ല സാർവ്വദേശീയമായിത്തന്നെ നമ്മുടെ പാർട്ടിക്ക് സുപ്രധാന പങ്ക് വഹിക്കാൻ കഴിയും. അത് ആവശ്യകതയാണ്, നമ്മൾ അത് നിറവേറ്റുക തന്നെ ചെയ്യും. നമ്മുടെ സഖാക്കളുടെ അറിവിലേയ്ക്കായിട്ടാണ് ഇക്കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്.

**കാസ്ട്രോയെ പ്രചോദിപ്പിച്ചത് ശ്രേഷ്ഠ വികാരങ്ങളാണ്**

തിരുത്തൽവാദി ക്രൂഷ്ചേവ് നേതൃത്വം സൃഷ്ടിച്ച പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വേണം സ.ഫിഡൽ കാസ്ട്രോയുടെ നന്മ വിലയിരുത്താൻ. നമ്മുടെ ബംഗാളി മുഖപത്രം ഗണദാബിയിൽ മുമ്പ് പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ രണ്ട് പ്രസംഗങ്ങൾ, അടുത്ത കാലത്തെ അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങൾ, നിരീക്ഷണങ്ങൾ, അദ്ദേഹത്തിന്റെ ജീവിത സമരത്തിലെ ചില സന്ദർഭങ്ങൾ എന്നിവയൊക്കെ പരിശോധിച്ചതിൽനിന്ന് എനിക്ക് വ്യക്തമായത് അദ്ദേഹത്തെ പ്രചോദിപ്പിച്ചത് ഉന്നതവും ശ്രേഷ്ഠവുമായ ഹൃദയ വികാരങ്ങളായിരുന്നു എന്നതാണ്. അടിച്ച

(ശേഷം 12-ാം പേജിൽ)

# കർഷക പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ മിനിസിവിൽസ്റ്റേഷൻ മാർച്ചും ധർണ്ണയും നടത്തി

വനാതിർത്തിയിൽ റെയിൽപ്പാളവേലികളും കൽമതിലുകളും നിർമ്മിച്ച് വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കുക, വിളനാശത്തിന് വിപണിവിലക്ക് തുല്യമായ നഷ്ടപരിഹാരം നൽകുക, കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ആദിവാസിയുവാവിന്റെ കുടുംബത്തിന് 10 ലക്ഷം രൂപയും സർക്കാർ ജോലിയും നൽകുക, എല്ലാ ആദിവാസി കോളനികളും വൈദ്യുതീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വയനാട് ജില്ല കർഷക പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ കർഷകരും ആദിവാസികളും 2017 ജനുവരി 20 ന് സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷനുമുന്നിൽ മാർച്ചും ധർണ്ണയും നടത്തി.

ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡണ്ട് അഡ്വ. കെ.അബ്ദുൾറഹ്മാൻ ഉദ്ഘാടനം ചെയ്തു. വന്യമൃഗ സങ്കേതങ്ങൾക്കകത്ത് വന്യമൃഗങ്ങൾക്ക് സൈ്വര്യജീവിതം അസാദ്ധ്യമാക്കുന്ന നടപടികളാണ് ടൂറിസത്തിന്റെയും മറ്റും പേരിൽ സർക്കാർ ചെയ്യുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. വന്യമൃഗശല്യം പരിഹരിക്കുന്ന കാര്യത്തിൽ സർക്കാറിന്റെ ഭാഗത്തുനിന്നുള്ള കുറ്റകരമായ അനാസ്ഥ അവസാനിപ്പിക്കണമെന്നും വിളനാശത്തിനും ജീവാപായത്തിനും മതിയായ നഷ്ടപരിഹാരം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.




**സുൽത്താൻബത്തേരിയിൽ നടന്ന മിനി സിവിൽസ്റ്റേഷൻ മാർച്ച് ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.കെ.അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു**

കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡണ്ട് ഡോ. വി.സത്യാനന്ദൻ നായർ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് ടോമി വടക്കുംചേരി, സെക്രട്ടറി വി.കെ.സദാനന്ദൻ, ദേവസ്യ പുറ്റനാൽ, പി.കെ.ഭഗത്, സി.എൻ.മുകുന്ദൻ എന്നിവർ പ്രസംഗിച്ചു. സ്വതന്ത്ര മൈതാനിയിൽ നിന്നാരംഭിച്ച മാർച്ചിന് പി.എം.പത്മനാഭൻ, കെ.ജയപ്രകാശ്, ഗോപാലകൃഷ്ണൻ, രമേശ് പള്ളിവയൽ, വി.ബാലൻ, പി.സി.ഷിൻസ്, ബാബു ചെറുമൂല തുടങ്ങിയവർ നേതൃത്വം നൽകി. ●

# മാർക്സിസം ആഴത്തിൽ ഉൾക്കൊള്ളണമെങ്കിൽ ജീവിതത്തിന്റെ സർവ്വാംശങ്ങളിലും അത് പ്രയോഗിക്കണം

(11-ാം പേജിൽ നിന്ന്)

മർത്തപ്പെടുന്നവരോട് അളവറ്റ ഹൃദയബന്ധമില്ലെങ്കിൽ ഒരാൾക്ക് വിപ്ലവകാരിയാകാനാകില്ലെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചിട്ടുണ്ട്. ഈ വികാരം ജീവത്തായി നിലനിർത്തിയില്ലെങ്കിൽ വിപ്ലവ ജീവിതവും സജീവമായിരിക്കില്ല. ഒരിക്കൽ പീഡിതരോട് ഉണ്ടായിരുന്ന വൈകാരിക ബന്ധം നിലനിർത്താനായില്ലെങ്കിൽ, അവരുടെ കണ്ണീരിന്റെയും കദനത്തിന്റെയും ചൂട് മനസ്സിൽ സൂക്ഷിക്കാനായില്ലെങ്കിൽ, ആ വൈകാരികജ്ജ്വാലയിൽ സ്വയം സ്ഫുടം ചെയ്തെടുക്കാനായില്ലെങ്കിൽ, ഒരാളുടെ വിപ്ലവവീര്യം ക്രമേണ ചോർന്നുപോകും. ചിലരിൽ അത് എന്നെന്നേയ്ക്കുമായി അസ്തമിക്കും. ശ്രേഷ്ഠമായ മാനസിക ഭാവങ്ങളാൽ പ്രചോദിതമായി ആരംഭിക്കുന്ന വിപ്ലവജീവിതം ആ വൈകാരികതയെ, സർവ്വതല സ്പർശിയും അക്ഷീണവുമായ സമരത്തിലൂടെ പോഷിപ്പിച്ച്, ഊട്ടിവളർത്തി, വിശാലമാക്കി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. സഖാവ് ഫിഡലിന്റെ കാര്യത്തിൽ, ശ്രേഷ്ഠമായ ഈ വൈകാരിക ഭാവങ്ങളാണ് അദ്ദേഹത്തിന് ജീവിതാന്ത്യം വരെ അജയ്യമായ ശക്തി പ്രദാനം ചെയ്തത്.

### ക്യൂബൻ വിപ്ലവം അങ്ങേയറ്റം കഠിനമായിരുന്നു

ക്യൂബയിലെ വിപ്ലവം വിജയത്തിലെത്തിക്കാൻ എത്രത്തോളം ബുദ്ധിമുട്ടായിരുന്നു എന്ന് ഇന്ന് ഊഹിക്കാൻ പോലുമാവില്ല. സോവിയറ്റ് വിപ്ലവത്തെ അനുസ്മരിപ്പിക്കുന്നതാണ് അത്. സോവിയറ്റ് വിപ്ലവം പൂർത്തിയായ ഉടൻതന്നെ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികളിൽനിന്ന് രൂക്ഷമായ ആക്രമണമാണ് നേരിടേണ്ടിവന്നത്. ആദ്യം ലെനിന്റെയും പിന്നീട് സ്റ്റാലിന്റെയും നേതൃത്വത്തിൽ നവജാത സോഷ്യലിസ്റ്റ് രാഷ്ട്രം ആ ആക്രമണങ്ങളെയെല്ലാം തുരത്തി. അതേ സമയം തന്നെ, സോവിയറ്റ് വിപ്ലവം ചൈനീസ് വിപ്ലവത്തിന് പ്രചോദനമാകുകയും അതിന് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. വിപ്ലവകാരികൾക്ക് സോവിയറ്റ് യൂണിയനിൽനിന്ന് സഹായം ലഭിച്ചു. ചൈന സോവിയറ്റ് യൂണിയനുമായി അതിർത്തി പങ്കിടുന്നുണ്ട്. സഖാവ് മാവോ സെതുങ്ങിന്റെ നേതൃത്വത്തിൽ 20 ലക്ഷം വരുന്ന ചൈനീസ് ചെമ്പട 8500 കി.മീ ദൂരമാണ് താണ്ടിയത്. അമേരിക്കൻ പോർവിമാനങ്ങൾ നിരന്തരം അവർക്കുമേൽ ബോംബ് വർഷിച്ചു. ചിയാങ് കൈഷേക് ഗവണ്മെന്റ് അവർക്കുമേൽ കൊടിയ ആക്രമണം അഴിച്ചുവിടുകയും ചെയ്തു. ഇതോടെ ചെമ്പടയ്ക്ക് സോവിയറ്റ് അതിർത്തിയിൽ അഭയം പ്രാപിക്കേണ്ടിവന്നു. അവിടെ വച്ച് അവർ വീണ്ടും സൈന്യത്തെ പുനഃസ്സംഘടിപ്പിച്ചു. വർദ്ധിത വീര്യത്തോടെ അവർ പ്രത്യാക്രമണത്തിന് തയ്യാറായി. പട്ടിണികൊണ്ടും രോഗങ്ങൾമൂലവും നദികളിലെ ഒഴുക്കിൽപ്പെട്ടുമൊക്കെ ലക്ഷക്കണക്കിന് പേർ അതിനകം മരിച്ചുകഴിഞ്ഞിരുന്നു. 20 ലക്ഷം 20,000 ആയി ചുരുങ്ങി. ആ സന്ദർഭത്തിൽ മാവോ പറഞ്ഞു: 'ഇനി നമ്മൾ ജയിക്കാൻ പോകുകയാണ്. മുമ്പ് നമുക്ക് 20 ലക്ഷം ഭടന്മാരുണ്ടായിരുന്നു. ഇപ്പോൾ സുപരീക്ഷിതരായ 20,000 സേനാനായകരാണുള്ളത്'. വിപ്ലവ വിജയമാഘോഷിച്ചുകൊണ്ടുള്ള ആദ്യ സമ്മേളനം ബീജിങ്ങിൽ നടന്നു. മാവോ സെതുങ്ങ് പ്രസംഗിക്കാനായി എഴുന്നേറ്റു. എന്നാൽ മൈക്കിനുമുന്നിൽ ആദ്ദേഹത്തിന്റെ തൊണ്ടയിടറി. അദ്ദേഹത്തിന് പ്രസംഗിക്കാൻ കഴിഞ്ഞില്ല. കണ്ണീർ കവിളിലൂടെ ഒഴുകി. വിപ്ലവ പോരാട്ടത്തിൽ ജീവൻ ബലിയർപ്പിച്ച ലക്ഷക്കണക്കിന് പോരാളികളെ അദ്ദേഹം സ്മരിക്കുകയായിരുന്നു. ഈ വിപ്ലവത്തിൽ അതിർത്തി കടന്നുള്ള സഹായം സോവിയറ്റ് യൂണിയനിൽ നിന്നുണ്ടായി. മഹാനായ നേതാവ് ഹോചിമിന്റെ കീഴിൽ ഐതിഹാസികമായ പോരാട്ടമാണ് വിയറ്റ്നാമിലും നടന്നത്. ആദ്യം അവർ ഫ്രഞ്ച് സാമ്രാജ്യത്വ ശക്തിക്കെതിരെ പൊരുതി. രണ്ടാം ലോകയുദ്ധ സമയത്ത് ജാപ്പനീസ് സാമ്രാജ്യത്വ ശക്തിക്കെതിരെയും ഒടുവിൽ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയും അവർ പടവെട്ടി. മൂന്ന് വമ്പൻ സാമ്രാജ്യത്വ രാജ്യങ്ങൾക്കെതിരെയായിരുന്നു അവരുടെ പോരാട്ടം. സോഷ്യലിസ്റ്റ് ചൈനയുമായി അതിർത്തി പങ്കിട്ട വിയറ്റ്നാമിനും സഹായം ലഭിച്ചു. എന്നാൽ ക്യൂബ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രവുമായും അതിർത്തി പങ്കിടുന്നില്ല. അതുകൊണ്ടുതന്നെ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ നിന്നും ഒരു സഹായവും ലഭിച്ചതുമില്ല. വിദൂരമായ ലാറ്റിനമേരിക്കയിൽ, അടിമുടി സംഹാരാത്മകമായ, സായുധമായ അമേരിക്കൻ സാമ്രാജ്യത്വത്തിൽനിന്ന് വെറും 90 മൈൽ കടൽകൊണ്ട് വേർതിരിക്കപ്പെട്ട ഒരു കൊച്ചുദ്വീപ്. ഇന്ന് ക്യൂബയുടെ ജനസംഖ്യ ഒരു കോടി 10 ലക്ഷമാണ്. വിപ്ലവത്തിന്റെ സമയത്ത് അത് വെറും 60–70 ലക്ഷമേ ഉണ്ടായിരുന്നുള്ളൂ. ഇതുപോലുള്ള ഒരു രാജ്യത്ത് വിപ്ലവം വിജയിപ്പിക്കാൻ, അതും തിരുത്തൽവാദത്തിന്റെ ആക്രമണത്തിൽപ്പെട്ട് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ദുർബലമായിരിക്കുന്ന സമയത്ത്, എത്രത്തോളം ദേശസ്നേഹവും അടിച്ചമർത്തപ്പെട്ടവരോടുള്ള അളവറ്റ കൂറും നിശ്ചയദാർഢ്യവും ആവശ്യമാണെന്നോർക്കുക. ഈ പശ്ചാത്തലത്തിൽ വേണം കാസ്ട്രോയുടെ വ്യക്തിത്വത്തെ മനസ്സിലാക്കാനെന്ന് ഞാൻ എല്ലാവരെയും ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം ഒരു ആശയക്കുഴപ്പം ദൂരീകരിക്കേണ്ടതായുണ്ട്. വെറും 82 സഖാക്കളുമായാണ് അദ്ദേഹം സമരമാരംഭിക്കുന്നത് എന്നത് ശരിയാണ്. എന്നാൽ അവരെക്കൊണ്ടുമാത്രമാണ് വിപ്ലവം വിജയിപ്പിച്ചത് എന്ന് കരുതരുത്. വിപ്ലവപൂർവ്വ ക്യൂബയിൽ ജനങ്ങളുടെ പ്രക്ഷോഭങ്ങളെയെല്ലാം ബാറ്റിസ്റ്റയുടെ അഴിമതി നിറഞ്ഞ, സ്വേച്ഛാധിപത്യ ഗവണ്മെന്റ് ക്രൂരമായി അടിച്ചമർത്തുകയായിരുന്നു. കാസ്ട്രോ സമരമാരംഭിച്ചതോടെ ജനങ്ങൾ വൻതോതിൽ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരക്കാനും ബാറ്റിസ്റ്റ സർക്കാരിനെതിരെ വമ്പൻ പണിമുടക്കുകളും സമരങ്ങളും സംഘടിപ്പിക്കാനും തുടങ്ങി. സൈന്യത്തിലും നല്ലൊരു പങ്ക് കാസ്ട്രോയെ പിന്തുണച്ചു. ആഭ്യന്തര സാഹചര്യം ഇത്രയേറെ അനുകൂലമായിരുന്നില്ലെങ്കിൽ ക്യൂബയിൽ വിപ്ലവം വിജയിക്കുമായിരുന്നില്ല.

1991 ൽ സോവിയറ്റ് യൂണിയൻ തകർക്കപ്പെട്ടതിനുശേഷം, 'ബേ ഓഫ് പിഗ്സിൽ' നടന്ന പോരാട്ട വിജയത്തിന്റെ വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ, ഭാവിയിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് കാസ്ട്രോ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: ''പ്രതീക്ഷാനിർഭരമായി ലോകത്തെ ഉറ്റുനോക്കുന്ന, പുരോഗമനാശയങ്ങളുള്ള, സാമൂഹ്യ നീതിയും ദേശാഭിമാനവും സ്വാതന്ത്ര്യവും സ്വപ്നം കാണുന്ന എല്ലാ ജനങ്ങളും, മനോഹരമായ ഒരു ലോകം സൃഷ്ടിക്കുന്നതിനെക്കുറിച്ച് സ്വപ്നം കാണുന്ന എല്ലാ ജനങ്ങളും, പിന്തിരിപ്പൻ, ഫാസിസ്റ്റ് മുതലാളിത്ത ആശയഗതികളുമായി യാങ്കികൾ ഭരിക്കുന്ന ഒരു ലോകത്ത് കഴിയേണ്ടിവരുന്നതിനെ അങ്ങേയറ്റം വെറുക്കുന്ന എല്ലാ ജനങ്ങളും, ചരിത്രം അല്പമെങ്കിലും അറിയുന്ന, മനുഷ്യ നന്മയ്ക്കുതകുന്ന ശ്രേഷ്ഠമായ ആശയങ്ങളും സങ്കല്പങ്ങളും മൂല്യങ്ങളുമുള്ള, എല്ലാ ജനങ്ങളും പ്രതീക്ഷിക്കുന്നത് ലോകത്ത് ഇനിയും ചെറുത്തുനില്പ് വളർന്നുവരുമെന്നും സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രം അതിജീവിക്കുമെന്നുമാണ്"

### കമ്മ്യൂണിസത്തോടുള്ള അചഞ്ചലമായ കൂറ്

അതേ പ്രസംഗത്തിൽത്തന്നെ അദ്ദഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു: "പട്ടണങ്ങളിലെ ചേരികളിൽ താമസിക്കുന്ന ലക്ഷക്കണക്കിനാളുകൾ, കേറിക്കിടക്കാൻ ഒരു കൂരയില്ലാത്ത ലാറ്റിനമേരിക്കയിലെ ലക്ഷക്കണക്കിന് കുഞ്ഞുങ്ങൾ, ഒരു തുള്ളി മരുന്നോ ചികിത്സയോ കിട്ടാത്ത ലക്ഷക്കണക്കിന് രോഗികൾ, സ്കൂളുകളും വിദ്യാഭ്യാസവുമൊക്കെ അപ്രാപ്യരായവർ, രക്ഷിക്കാൻ കഴിയുമായിരുന്നിട്ടും അകാലത്തിൽ മരിച്ചുപോയവർ, തങ്ങളുടെ രാജ്യങ്ങളിൽ അടിസ്ഥാന ചികിത്സാ സംവിധാനമെങ്കിലുമുണ്ടായിരുന്നെങ്കിൽ രക്ഷപ്പെടുമായിരുന്ന, വർഷംതോറും ലാറ്റിനമേരിക്കയിൽ മരിച്ചുവീഴുന്ന രണ്ടുലക്ഷം കുഞ്ഞുങ്ങൾ, നിർദ്ദാക്ഷിണ്യമായ ചൂഷണത്തിനിരയായി ഭിക്ഷാടനത്തിലേയ്ക്കും വേശ്യാവൃത്തിയിലേയ്ക്കും തള്ളിയിടപ്പെടുന്ന സ്ത്രീകൾ, തൊഴിൽരഹിതരായ ജനകോടികൾ, ഭിക്ഷക്കാർ, നിന്ദിതർ – ഇവർക്കൊക്കെ വികസിത മുതലാളിത്ത രാജ്യങ്ങളിൽനിന്ന് എന്തുകിട്ടി? മൂന്നാംലോക രാജ്യങ്ങളിലെ അസഹനീയമായ ഈ ദുരിതങ്ങൾക്ക് ആരാണുത്തരവാദികൾ? വികസിത മുതലാളിത്ത രാജ്യങ്ങളാണ് ഇതിനുത്തരവാദികൾ. അമേരിക്കയാണ് അവരുടെ തലവൻ. മുതലാളിത്ത ലോകം 400 കോടി ജനങ്ങൾക്ക് പട്ടിണിയും ദുരിതങ്ങളും മാത്രമേ നൽകിയിട്ടുള്ളു എന്ന് കുറച്ച് ദിവസങ്ങൾക്കുമുമ്പ് ഞാൻ പറഞ്ഞിരുന്നു. അത്രമാത്രം.... ക്യൂബ ഇന്ന് ഏറ്റവും നീതിയുക്തവും ശ്രേഷ്ഠവും മനുഷ്യത്വപരവുമായ ആശയങ്ങളുടെ സുരക്ഷിത സ്ഥാനമാണ്... ചരിത്രം ഈ സുപ്രധാന ഉത്തരവാദിത്വമാണ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്.... നമ്മുടെ രാജ്യത്തെ ഇപ്പോഴത്തെ തലമുറയോടും വരാനിരിക്കുന്ന തലമുറകളോടും മാത്രമല്ല ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ജനങ്ങളോടുമുള്ള ഉത്തരവാദിത്വമാണത്. അമേരിക്കൻ സാമ്രാജ്യത്വത്തെ ചെറുത്തേ മതിയാകൂ. നമുക്കത് കഴിയുമെന്ന്, നമ്മളത് ചെയ്യുമെന്ന്, നമ്മൾ വിജയിക്കുമെന്ന് നമുക്ക് തെളിയിക്കേണ്ടതുണ്ട്. ആവശ്യം വന്നാൽ നമ്മളത് തെളിയിക്കും. ആരെങ്കിലുമത് തെളിയിക്കേണ്ടതുണ്ടെങ്കിൽ അത് നമ്മളായിരിക്കും. നമ്മളത് തെളിയിക്കും. ലോകത്തെ നമ്മൾ നിരാശപ്പെടുത്തില്ല; വിപ്ലവത്തിന്റെ കൊടിക്കൂറ പാറിച്ച് വിമോചനത്തിനായി പൊരുതുന്ന വിപ്ലവകാരികളെ നമ്മൾ നിരാശപ്പെടുത്തില്ല; ഒരു നല്ല ലോകം സ്വപ്നം കാണുന്നവരെ നമ്മൾ നിരാശപ്പെടുത്തില്ല.... അവരുടെ ആശയങ്ങളോട് താല്പര്യങ്ങളോട് എന്നും കൂറുപുലർത്തിയിട്ടുള്ളവരാണ് കമ്മ്യൂണിസ്റ്റുകൾ, യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ. പാരീസ് കമ്മ്യൂൺ മുതലിങ്ങോട്ട് എത്രയോ മഹത്തായ ഉദാഹരണങ്ങൾ ഇക്കാര്യത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. മാഡ്രിഡും സ്പാനിഷ് റിപ്പബ്ലിക്കും വിദേശസൈന്യത്തിൽനിന്ന് സംരക്ഷിച്ചുനിർത്താൻ അവർ വലിയ പോരാട്ടം നടത്തി; ഹിറ്റ്ലറുടെ, മുസ്സോളിനിയുടെ, കോളനികളിലെ സേനകൾക്കൊക്കെ എതിരെ അവർ പൊരുതി; ഹിറ്റ്ലറുടെ സൈന്യം സോവിയറ്റ് യൂണിയനിലേയ്ക്ക് അതിക്രമിച്ച് കയറിയതിനുശേഷം നാഗരികതയെ പ്രതിരോധിച്ചത് അവരാണ്. ഈ യുദ്ധത്തിൽ ജീവൻ വെടിഞ്ഞ 2 കോടി ആളുകളെ നമ്മൾ ഒരിക്കലും മറക്കില്ല. മറ്റുള്ളവർ അവരെ മറന്നേക്കാം, പക്ഷേ നമ്മൾ മറക്കില്ല. ആരാണ് ആ യുദ്ധത്തിന്റെ മുൻ നിരയിലുണ്ടായിരുന്നത്? സുശിക്ഷിതരായ ഫാസിസ്റ്റ് സേനയെ നേരിടാൻ, ഏറ്റവും അപകടകരമായ മേഖലകളിൽ നിലയുറപ്പിച്ചത് കമ്മ്യൂണിസ്റ്റുകളാണ്. കമ്മ്യൂണിസ്റ്റുകളുടെ യഥാർത്ഥ സ്വാഭാവമിതാണ്; നിങ്ങൾ ആ വിഭാഗത്തിൽ പെടുന്നവരാണ്."

സോവിയറ്റ് സോഷ്യലിസത്തിന്റെ തകർച്ചയ്ക്കുശേഷം അദ്ദേഹം നടത്തിയ പ്രസംഗമാണിത്. ഇവ്വിധമൊരുപ്രഖ്യാപനം നടത്തണമെങ്കിൽ മാർക്സിസത്തിൽ, കമ്മ്യൂണിസത്തിൽ, സോഷ്യലിസത്തിൽ എത്ര അടിയുറച്ച ബോദ്ധ്യമുണ്ടായിരിക്കണം! ദരിദ്രരും പീഡിതരുമായ ജനങ്ങളോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹവും അനുകമ്പയുമൊക്കെ ആഴമാർന്നതായിരുന്നു. അവരുടെ കഷ്ടപ്പാടുകളിൽ അദ്ദേഹം അങ്ങേയറ്റം വേദനിച്ചു. ക്യൂബയുടെ സമ്പദ്ഘടന അത്ര ശക്തമൊന്നുമായിരുന്നില്ല. ദീർഘനാളത്തെ സാമ്രാജ്യത്വ ചൂഷണം അതിനെ തകർത്തിരുന്നു. വിപ്ലവത്തിനുശേഷം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആക്രമണങ്ങളെ നേരിടേണ്ടിവന്നതിനാൽ, സാമ്പത്തിക പുനരുദ്ധാരണത്തിനായി ക്യൂബയ്ക്ക് സോവിയറ്റ് യൂണിയന്റെ സഹായം അഭ്യർത്ഥിക്കേണ്ടിവന്നു. കരിമ്പും പുകയിലയും മാത്രമാണ് ക്യൂബയിൽ ഉല്പാദിപ്പിച്ചിരുന്നത്. ഇതുരണ്ടും കയറ്റുമതി ചെയ്താണ് അവർ നിലനിൽക്കുന്നത്. നേരത്തെ അമേരിക്ക ഇതുരണ്ടും ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ, വിപ്ലവത്തിനുശേഷം, ക്യൂബയെ ശ്വാസം മുട്ടിച്ചുകൊല്ലുന്നതിനായി അമേരിക്ക സമ്പൂർണ്ണമായ സാമ്പത്തിക ഉപരോധം ക്യൂബയ്ക്കുമേൽ അടിച്ചേൽപിച്ചു. ക്രൂഷ്ചേവായിരുന്നു അന്ന് അധികാരത്തിൽ. സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രം പൂർണ്ണമായും തകർക്കപ്പെട്ടിരുന്നില്ല, ജീർണ്ണിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. 1990 ലാണ് അത് പൂർണ്ണമായും തകർക്കപ്പെട്ടത്. ജീർണ്ണത തുടങ്ങുന്നത് 1956 ലാണ്. എന്നാൽ അടിസ്ഥാന പ്രമാണങ്ങളെ അത് കാര്യമായി ബാധിച്ചിരുന്നില്ല. ഉദാഹരണമായി ഒരു സംഭവം പറയാം. 56ലോ 57ലോ എന്ന് കൃത്യമായി ഓർമ്മിക്കാൻ കഴിയുന്നില്ല. ഈജിപ്തിൽ കൂടി ഒഴുകുന്ന സൂയസ് കനാലിന്റെ ഉടമസ്ഥത ഒരു ഇംഗ്ലീഷ്-ഫ്രഞ്ച് കമ്പനിക്കായിരുന്നു. ഈജിപ്ത് ഗവണ്മെന്റ് അത് ദേശസാൽക്കരിച്ചു. ബ്രിട്ടനും ഫ്രാൻസും അമേരിക്കൻ പിന്തുണയോടെ ഈജിപ്തിനെ ആക്രമിച്ചു. ഈജിപ്തിനുമേൽ ബോംബ് വർഷിക്കുകയും കരസേനയെ ഇറക്കുകയും ചെയ്തു. ക്രൂഷ്ചേവായിരുന്നു അധികാരത്തിലെങ്കിലും സ്റ്റാലിന്റെ റഷ്യയുടെ പ്രതാപവും പാരമ്പര്യവും നഷ്ടപ്പെട്ടിരുന്നില്ല. 12 മണിക്കൂറിനുള്ളിൽ ആക്രമണം നിർത്തിയില്ലെങ്കിൽ ലണ്ടനും പാരീസിനും മേൽ ബോംബാക്രമണം നടത്തുമെന്ന് സോവിയറ്റ് യൂണിയൻ അന്ത്യശാസനം നൽകി. ബ്രിട്ടനിലെയും ഫ്രാൻസിലെയും ജനങ്ങളോട് സോവിയറ്റ് യൂണിയൻ പറഞ്ഞത് അവരോട് യാതൊരു വിരോധവുമില്ല എന്നാണ്. നിങ്ങളുടെ ഗവണ്മെന്റുകൾ ഈജിപ്തിനുമേൽ ആക്രമണം നടത്തുന്നു. അത് അവസാനിപ്പിക്കുന്നതിനായി നിങ്ങൾ മുന്നോട്ടുവരിക. 12 മണിക്കൂർ അന്ത്യശാസനമാണ് നൽകിയിരുന്നതെങ്കിലും 6 മണിക്കൂറിനുള്ളിൽ ആക്രമണം അവസാനിപ്പിച്ചു. ഭയചകിതരായ ബ്രിട്ടനും ഫ്രാൻസും ഉടൻ പിൻവാങ്ങുകയായിരുന്നു. അന്നും സോവിയറ്റ് യൂണിയന് അത്രത്തോളം ആജ്ഞാശക്തിയുണ്ടായിരുന്നു. സ്റ്റാലിന്റെ പ്രഭാവം പൂർണ്ണമായി തുടച്ചുനീക്കാൻ കഴിഞ്ഞി

(ശേഷം 13-ാം പേജിൽ)

**മോസ്കോയെയും ബീജിങ്ങിനെയും പിന്തുണയ്ക്കുന്ന രണ്ട് ധാരകളായി കമ്മ്യൂണിസ്റ്റ് ചേരി വിഭജിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ക്യൂബൻ വിപ്ലവവും സഖാവ് ഫിഡൽ കാസ്ട്രോയുടെ ഉദയവും സംഭവിക്കുന്നത്. മഹാന്മാരായ സ്റ്റാലിന്റെയും മാവോയുടെയും നേതൃത്വത്തിൽ, ഉന്നതമായ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്താൽ സായുധമായി, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഊർജ്ജ്വസ്വലമായി മുന്നേറുന്ന സാഹചര്യം, കാസ്ട്രോ പോരാട്ടം നയിക്കുന്ന കാലമായപ്പോഴേയ്ക്കും പിൻവാങ്ങിയിരുന്നു. തിരുത്തൽവാദം ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുമേൽ പിടിമുറുക്കിക്കഴിഞ്ഞ സമയത്തായിരുന്നു കാസ്ട്രോയുടെ ഉദയം.**

# സോവിയറ്റ് റിവിഷനിസത്തെ കാസ്ട്രോ വിമർശിച്ചു

(12–ാം പേജിൽ നിന്ന്)

രുന്നില്ല എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഈ സംഭവം പറഞ്ഞത്. സോവിയറ്റ് യൂണിയൻ ക്യൂബയെ സഹായിച്ചിരുന്നു. ക്യൂബയിൽനിന്ന് പഞ്ചസാര ഇറക്കുമതി ചെയ്തുകൊണ്ട് ആ രാജ്യത്തിനാവശ്യമായതെല്ലാം പകരം നൽകി. സൈനിക സഹായവും നൽകിയിരുന്നു. 60–62 കാലത്ത് ക്രൂഷ്ചേവ് നേതൃത്വം പക്ഷേ ഗുരുതരമായ ഒരു പിശക് കാണിച്ചു. അവർ ക്യൂബയിൽ റോക്കറ്റ് വിക്ഷേപിണികൾ രഹസ്യമായി സ്ഥാപിച്ചു. ഇക്കാര്യത്തിൽ കാസ്ട്രോയ്ക്ക് അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് അത് ചെയ്യണമെന്നായിരുന്നു കാസ്ട്രോയുടെ അഭിപ്രായം. എന്നാൽ ക്രൂഷ്ചേവ് അതിന് തയ്യാറായില്ല. അമേരിക്ക ഇത് മനസ്സിലാക്കി. ഇത് ന്യൂക്ലിയർ മിസൈൽ ബേസ് ആണെന്നും അമേരിക്കയ്ക്ക് ഭീഷണിയാണെന്നും അവർ നിലപാടെടുത്തു. അവർ സൈനികമായ തടസ്സം സൃഷ്ടിക്കുകയും കരീബിയൻ കടലിൽ ഒറ്റ സോവിയറ്റ് കപ്പൽപോലും പ്രവേശിക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. സോവിയറ്റ് യൂണിയനും പകരം ഭീഷണി മുഴക്കി. എന്നാൽ, ഒടുവിൽ ക്രൂഷ്ചേവ് പിൻവാങ്ങുകയും റോക്കറ്റ് വിക്ഷേപിണികൾ എടുത്തുമാറ്റുകയും ചെയ്തു. അന്ന് ഏറെ ഒച്ചപ്പാടിനിടയാക്കിയ ഈ സംഭവം കരീബിയൻ പ്രതിസന്ധി എന്നാണറിയപ്പെടുന്നത്. ക്യൂബയെ ആക്രമിക്കില്ലെന്ന ഉറപ്പ് അമേരിക്കയിൽനിന്ന് ക്രൂഷ്ചേവിന് ലഭിച്ചിരുന്നു. എന്നാൽ ഈ ഉറപ്പ് അർത്ഥശൂന്യമാണെന്നായിരുന്നു സഖാവ് ശിബ്ദാസ് ഘോഷിന്റെ അഭിപ്രായം. അമേരിക്ക ഏതായാലും ക്യൂബയെ ആക്രമിക്കാൻ പോകുന്നില്ല. ക്യൂബ ഐക്യരാഷ്ട്ര സഭയിൽ അംഗമായിരുന്നതിനാൽ അതത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. ലാറ്റിൻ അമേരിക്ക ഒന്നാകെ ക്യൂബയുടെ പക്ഷത്തായിരുന്നു. അമേരിക്കൻ ജനതയാകട്ടെ, അമേരിക്കയുടെ വിയറ്റ്നാം ആക്രമണത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്ന സമയവുമായിരുന്നു. അതുകൊണ്ടൊക്കെത്തന്നെ ക്യൂബയുടെ മേൽ സൈനികാക്രമണം നടത്തുക അമേരിക്കയ്ക്ക് എളുപ്പമായിരുന്നില്ല. അതുകൊണ്ടാണ് അമേരിക്കയിൽനിന്ന് കിട്ടിയ ഉറപ്പിന് ഒരു വിലയുമില്ലെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞത്. നേരെമറിച്ച് ക്യൂബൻ ടെറിട്ടറിയായ ഗ്വാണ്ടനാമോയിൽ അമേരിക്കയുടെ സൈനികത്താവളം പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇത് നിർത്തലാക്കാനും ആ സ്ഥലം ക്യൂബയ്ക്ക് നൽകാനും അമേരിക്കയ്ക്കുമേൽ സമ്മർദ്ദം ചെലുത്തുകയാണ് സോവിയറ്റ് യൂണിയൻ ചെയ്യേണ്ടിയിരുന്നത്. അതൊന്നും ക്രൂഷ്ചേവ് ചെയ്തില്ല. ടർക്കിയിൽ ആണവ സംവിധാനമുണ്ടാക്കാനുള്ള അമേരിക്കയുടെ എല്ലാ നടപടികളും അവസാനിപ്പിക്കണമെന്നും നാറ്റോ സഖ്യം പിരിച്ചുവിടണമെന്നും ക്രൂഷ്ചേവ് ആവശ്യപ്പെടേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ചൈനയും ക്രൂഷ്ചേവിനെ വിമർശിച്ചിരുന്നു. ഇതെല്ലാം അന്ന് രാഷ്ട്രീയ രംഗത്ത് വലിയ കോളിളക്കമുണ്ടാക്കിയിരുന്നു. കാസ്ട്രോയ്ക്കും ക്രൂഷ്ചേവുമായി ഇക്കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു എന്നത് പ്രകടമായിരുന്നു. കാസ്ട്രോയുടെ പ്രസംഗങ്ങളിൽനിന്ന് അത് വ്യക്തമാകുന്നുണ്ട്.

### മാർക്സിസം–ലെനിനിസത്തെ സമ്പുഷ്ടമാക്കൽ

കാസ്ട്രോ മാർക്സിസം ലെനിനിസത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്നെങ്കിലും, മാർക്സ്, ഏംഗൽസ്, ലെനിൻ,സ്റ്റാലിൻ, മാവോ, സഖാവ് ശിബ്ദാസ് ഘോഷ് എന്നിവരെപ്പോലെ ഒരു മാർക്സിസ്റ്റ് ദാർശനികന്റെ സ്ഥാനമായിരുന്നില്ല അദ്ദേഹത്തിനുണ്ടായിരുന്നത്. ഒരു മൂർത്ത സാഹചര്യത്തിൽ മാർക്സിസം മൂർത്തരൂപത്തിൽ പ്രയോഗത്തിൽ വരുത്തുന്നവരെല്ലാം തീർച്ചയായും മാർക്സിസ്റ്റ് ദർശനത്തെ സമ്പുഷ്ടമാക്കും വിധം ചില സംഭാവനകൾ നൽകുന്നുണ്ടെന്ന് ഒരു ചർച്ചയിൽ സഖാവ് ഘോഷ് വ്യക്തമാക്കിയിരുന്നു. “എസ്‌യുസിഐ(സി) മാത്രമാണ് ഇന്ത്യയിലെ ഒരേയൊരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി” എന്ന കൃതിയിൽ ഇത് കാണാം. വിയറ്റ്നാം വിപ്ലവത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, വിയറ്റ്നാം വിപ്ലവം ഉജ്ജ്വലമായിരുന്നെങ്കിലും ഒരു മാർക്സിസ്റ്റ് ചിന്തകന് ജന്മം നൽകാൻ അതിനായില്ല, എന്നത്രെ. പാർട്ടിക്കുള്ളിൽ നടന്ന ഒരു ചർച്ചയിൽ ഒരു ദൗർബല്യം എന്ന നിലയിൽ ഇക്കാര്യം അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

### തിരുത്തൽവാദ ഗൂഢാലോചന പ്രതിവിപ്ലവം സാദ്ധ്യമാക്കിത്തീർത്തു

ക്രൂഷ്ചേവിന്റെ സ്വാധീനംമൂലം കാസ്ട്രോയ്ക്ക് സ്റ്റാലിനെക്കുറിച്ച് ചില സന്ദേഹങ്ങളുണ്ടായിരുന്നു എന്നത് വേദനാകരം തന്നെയാണ്. സ്റ്റാലിനെ പലപ്പോഴും പ്രകീർത്തിച്ചിട്ടുള്ള കാസ്ട്രോ ചില സ്റ്റാലിൻ വിരുദ്ധ പരാമർശങ്ങളും നടത്തിയിട്ടുണ്ട്. മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരെയാണ് അദ്ദേഹം ആധികാരികമായ നേതൃത്വമായി അംഗീകരിച്ചത്. മാവോ നേതൃത്വത്തിന്റെ വിപ്ലവകരമായ വൈശിഷ്ട്യം തിരിച്ചറിയാനും അദ്ദേഹത്തിന് കഴിഞ്ഞില്ല. മാവോ ശക്തനായ മാർക്സിസ്റ്റ് പ്രാമാണികനായിരുന്നു. എന്നാൽ കാസ്ട്രോ ഇത് തിരിച്ചറിഞ്ഞില്ല. ലെനിൻ വരെയുള്ളവരുടെ പ്രാമാണികതയേ അദ്ദേഹം അംഗീകരിച്ചുള്ളൂ. ക്യൂബൻ വിപ്ലവത്തിന്റെയും കാസ്ട്രോ നേതൃത്വത്തിന്റെയും പരിമിതിയായിരുന്നു ഇത്. ഇത് ഇവിടെ പറയാതെ വയ്യ. അതോടൊപ്പംതന്നെ വേദനാകരമായ ഒരു കാര്യംകൂടി പറയേണ്ടതുണ്ട്. സ്റ്റാലിനെയും മാവോയെയും ഗുരുനാഥന്മാരായി കണ്ടിരുന്നെങ്കിൽ, അവരെ പ്രാമാണിക മാർക്സിസ്റ്റ് നേതൃത്വമായി അംഗീകരിച്ചിരുന്നെങ്കിൽ, അദ്ദേഹം പ്രദർശിപ്പിച്ച ഉന്നത നിലവാരം കൂടുതൽ ഔന്നത്യത്തിലെത്തുമായിരുന്നു, കൂടുതൽ തിളക്കമാർന്ന ഒരു സ്ഥാനം ചരിത്രത്തിൽ അദ്ദേഹം കൈവരിക്കുമായിരുന്നു.

എങ്ങനെയാണ് തിരുത്തൽവാദം പ്രത്യക്ഷപ്പെട്ടത്, അതിന്റെ കാരണങ്ങൾ എന്തായിരുന്നു, മുതലാളിവർഗ്ഗം സോഷ്യലിസത്തിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നത്, സമ്പദ്ഘടനയിൽനിന്ന് വലിയൊരു പരിധിവരെ മുതലാളിത്തം നിർമ്മാർജ്ജനം ചെയ്യപ്പെടുകയും രാഷ്ട്രീയ മേഖലയിൽ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ശക്തിപ്പെടുകയും ചെയ്യുമ്പോൾത്തന്നെ മനസ്സ്, ചിന്ത, ആശയം തുടങ്ങിയ മേഖലകളിൽ എങ്ങനെയാണ് ബൂർഷ്വാ വ്യക്തിവാദം അവശേഷിക്കുന്നത്, ചിന്തയുടെ മേഖലയിൽ നിലനിൽക്കുന്ന സ്വകാര്യ സ്വത്തുടമ മനോഭാവം എങ്ങനെയാണ് അടിത്തറയെ തകർക്കുന്നതിനായി ഉപരിഘടനയിൽനിന്ന് ആക്രമണം നടത്തുന്നത് തുടങ്ങിയ കാര്യങ്ങളൊക്കെ സഖാവ് ശിബ്ദാസ് ഘോഷിൽനിന്ന് നമ്മൾ പഠിച്ചിട്ടുണ്ട്. ഈ വിഷയങ്ങളൊക്കെ പല ചർച്ചകളിലായി സഖാവ് ശിബ്ദാസ് ഘോഷ് വിശദമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ വായിച്ചിട്ടുള്ളവർക്കും പ്രസംഗങ്ങൾ കേട്ടിട്ടുള്ളവർക്കും ഇത് നന്നായറിയാം. തിരുത്തൽവാദം എങ്ങനെയാണ് സോഷ്യലിസത്തെ അപകടപ്പെടുത്തിയതെന്നും എങ്ങനെയാണ് ക്രൂഷ്ചേവിൽ ആരംഭിച്ച് ഗോർബച്ചേവിൽ പൂർത്തിയായ മുതലാളിത്ത പ്രതിവിപ്ലവം ആവിഷ്കരിക്കപ്പെട്ടതെന്നും, സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ പാർട്ടി വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇവ്വിധത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ കാസ്ട്രോയ്ക്ക് കഴിഞ്ഞിട്ടില്ല.

### സോവിയറ്റ് യൂണിയനിൽ ഒരു പ്രതിവിപ്ലവ സാദ്ധ്യത സ്റ്റാലിൻ മുൻകൂട്ടിക്കണ്ടു

സോവിയറ്റ് യൂണിയനിൽ തിരുത്തൽവാദം കരിനിഴൽ വീഴ്ത്തുന്നത് സ്റ്റാലിൻ തന്റെ അവസാനകാലത്ത് തിരിച്ചറിഞ്ഞിരുന്നു എന്നകാര്യം കൂടി ഇവിടെ സൂചിപ്പിക്കുകയാണ്. സോവിയറ്റ് യൂണിയനിൽ മുതലാളിത്തം തിരിച്ചുവരാനുള്ള സാദ്ധ്യതയെക്കുറിച്ച് അദ്ദേഹം സിപിഎസ്‌യുവിന്റെ 19–ാം കോൺഗ്രസ്സ് രേഖയിൽ സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ പാർട്ടി അതൊരു പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റൊരു പോരാട്ടത്തിന് അദ്ദേഹം തയ്യാറെടുക്കുകയായിരുന്നു എന്ന് വ്യക്തം. എന്നാൽ 19–ാം കോൺഗ്രസ്സ് കഴിഞ്ഞ് ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹം കുറച്ചുകാലം കൂടി ജീവിച്ചിരുന്നെങ്കിൽ സോവിയറ്റ് യൂണിയനിൽ സംഭവിച്ച ദുരന്തം ഒരുപക്ഷേ ഒഴിവായിപ്പോയേനെ. ആ സമരം സഖാവ് മാവോ സേതുങ് ചൈനയിൽ സാംസ്കാരിക വിപ്ലവം എന്ന രൂപത്തിൽ നടത്തി. മുതലാളിത്ത പാതക്കാർ ചൈനയിൽ തലപൊക്കിയപ്പോൾ മാവോയുടെ കണ്ണും കാതുമായിരുന്ന പല നേതാക്കളും അധഃപതിച്ചുപോയി. അനാരോഗ്യം അദ്ദേഹത്തെ സജീവ പ്രവർത്തനത്തിൽ നിന്ന് പിന്നാക്കം വലിക്കുകയും ചെയ്തു. എന്നിട്ടും ചൈനയിലെ സോഷ്യലിസത്തെ സംരക്ഷിക്കാനായി മാവോ സാംസ്കാരിക വിപ്ലവത്തിന്റെ കൊടിക്കൂറ അചഞ്ചലം ഉയർത്തിപ്പിടിച്ചു. എന്നാൽ അത് വിജയകരമായി പൂർത്തിയാക്കാൻ അദ്ദേഹത്തിനും കഴിഞ്ഞില്ല. അത് അപൂർണ്ണമായി അവശേഷിച്ചു. കാസ്ട്രോ മാവോ ചിന്തയുമായി അടുപ്പം പുലർത്തിയിരുന്നോ എന്നറിയില്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൊന്നും ഇത് പരാമർശിച്ച് കണ്ടിട്ടില്ല. എന്നാൽ, വിപ്ലവകരമായ ഉൾക്കാഴ്ചമൂലം ഒരുകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടിരുന്നു എന്ന് വ്യക്തമാണ്. അത് സോഷ്യലിസത്തിൽ ഭൗതിക നേട്ടങ്ങൾ പ്രദാനം ചെയ്യുന്നതു സംബന്ധിച്ചായിരുന്നു.

തിരുത്തൽ വാദത്തിന്റെ പിടിയിലമർന്ന സോവിയറ്റ് പാർട്ടിയെ വിമർശിച്ചുകൊണ്ട് സഖാവ് ശിബ്ദാസ് ഘോഷ് ഇപ്രകാരം നിരീക്ഷിച്ചു: സോഷ്യലിസത്തിൽ തൊഴിലാളികളുടെ സോഷ്യലിസ്റ്റ് ബോധവും നൈതിക-സദാചാര നിലവാരവും നിരന്തരം ഉയർത്തിയെടുക്കുകയാണെങ്കിൽ അത് ഉല്പാദനത്തെ ശക്തിപ്പെടുത്തുകയും സോവിയറ്റ് ജനതയുടെ വർദ്ധിച്ചുവരുന്ന ഭൗതികവും സാംസ്കാരികവുമായ ആവശ്യകതകളെ തൃപ്തിപ്പെടുത്താൻ പ്രാപ്തമാക്കുകയും ചെയ്യും. സോഷ്യലിസം അതുവഴി പുരോഗതി പ്രാപിക്കുകയും ചെയ്യും. സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ നിയമങ്ങളെ സംബന്ധിച്ച് സ്റ്റാലിൻ നൽകിയ സൈദ്ധാന്തിക വ്യാഖ്യാനം ഇപ്രകാരമാണ്. എന്നാൽ, ഉല്പാദനത്തിൽ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളെ എവ്വിധവും മറികടക്കുക എന്ന മുദ്രാവാക്യമാണ് ക്രൂഷ്ചേവ് ഉയർത്തിയത്. അതോടൊപ്പം സോവിയറ്റ് ജനതയുടെ ഉപഭോക്തൃ താല്പര്യങ്ങളെ അധികമധികം തൃപ്തിപ്പെടുത്തുംവിധം ഭൗതിക നേട്ടങ്ങൾ പ്രദാനം ചെയ്യുകയുമുണ്ടായി. ഇത് മുതലാളിത്ത രാജ്യങ്ങൾ അവലംബിക്കുന്ന രീതിയാണ്. അതായത്, ഒരാൾ കൂടുതൽ അദ്ധ്വാനിച്ചാൽ അയാൾക്ക് കൂടുതൽ പ്രതിഫലം കിട്ടും. പക്ഷേ, ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രചോദനം ഉയർന്ന പ്രത്യയശാസ്ത്ര ബോധമോ നൈതിക സദാചാര ധാരണയോ ആയിരിക്കില്ല എന്നർത്ഥം. പണത്തിനുള്ള ആർത്തി കൊണ്ടായിരിക്കും ഒരാൾ കൂടുതൽ പണിയെടുക്കുക. നമ്മുടെ രാജ്യത്ത് തൊഴിലാളികൾ ഓവർടൈം പണിയെടുക്കുന്നതുപോലെ. ഭൗതികനേട്ടങ്ങൾ നൽകുന്ന ഈ സോവിയറ്റ് നയത്തെ സഖാവ് ശിബ്ദാസ് ഘോഷ് നിശിതമായി വിമർശിച്ചു. സോഷ്യലിസത്തിൽ മുതലാളിത്ത നിയമങ്ങളാണ് നടപ്പിലാക്കുന്നതെന്ന് സോവിയറ്റ് നേതൃത്വത്തിന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇത് സോഷ്യലിസത്തെ അപകടപ്പെടുത്തും. മറ്റുപല വീക്ഷണകോണിൽനിന്നും അദ്ദേഹം ഈ വിഷയം വിശകലനം ചെയ്തു. സഖാവ് ഘോഷിന്റെ ആഴ്ന്നിറങ്ങുന്ന ഈ വിശകലനം പരിശോധിക്കാൻ സഖാവ് കാസ്ട്രോയ്ക്ക് അവസരമുണ്ടായിക്കാണില്ല. എന്നാൽ ക്യൂബ

(ശേഷം 14–ാം പേജിൽ)

## സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച ശിൽപ്പശാല




**ശിൽപ്പശാലയിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാനസെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തുന്നു. വേദിയിൽ പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, ഡോ.കെ. ഗോപകുമാർ, ഡോ.ശ്രീജിത്, പ്രൊഫ.പി.എൻ.തങ്കച്ചൻ, പ്രൊഫ.ജോൺസൺ എന്നിവർ**

**എ**ഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി (എഐഎസ്ഇസി)യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഈശ്വരചന്ദ്ര വിദ്യാസാഗർ സാംസ്കാരിക കേന്ദ്രത്തിൽവച്ച് ശിൽപ്പശാല സംഘടിപ്പിച്ചു.

എഐഎസ്ഇസി സംസ്ഥാന സെക്രട്ടറി ഷാജർഖാൻ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വിഷയാവതരണം നടത്തി. സംസ്ഥാന വൈസ്പ്രസിഡന്റ് പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ചർച്ചയിൽ ടെക്നിക്കൽ എജ്യൂക്കേഷൻ മുൻ ജോയിന്റ് ഡയറക്ടർ ഡോ.കെ.ഗോപകുമാർ, തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗം മുൻ തലവൻ ഡോ. ശ്രീജിത്ത്, കോട്ടയം ആർഐറ്റി ഇലക്ട്രോണിക് വിഭാഗം മുൻ തലവൻ പ്രൊഫ. പി.എൻ.തങ്കച്ചൻ, കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ പ്രൊഫ.പി.കെ.സജി, പ്രൊഫ. ജോൺസൺ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റിന് മുന്നിൽ വച്ചു.

1.കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി പിരിച്ചുവിടുകയും കോളേജുകളെ പഴയതുപോലെ നിലനിർത്തുകയും ചെയ്യുക. 2.ഇന്റേണൽ അസസ്മെന്റിന് കാര്യക്ഷമമായ സംവിധാനം രൂപീകരിക്കുക. 3.വിദ്യാഭ്യാസ യോഗ്യതയും അഭിരുചിയും ഉള്ളവർക്ക് മാത്രം പ്രവേശനം നൽകുക. 4.വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങൾ തടയാൻ നടപടി സ്വീകരിക്കുക. 5.സ്വയംഭരണ കോളേജുകളെ നിയന്ത്രിക്കാൻ നടപടിയെടുക്കുക. ●

# സാമ്രാജ്യത്വത്തിനെതിരെ ജീവിതാന്ത്യംവരെ കാസ്ട്രോ വിട്ടുവീഴ്ചയില്ലാതെ പോരാടി

*(13-ാം പേജിൽ നിന്ന്)*

ൻ വിപ്ലവത്തിന്റെ 30-ാം വാർഷികം ആചരിക്കുന്ന വേളയിൽ 1989 ജനുവരി 8ന് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: “ബഹുമതികൾ നൽകുന്ന രീതി നമ്മുടെ വിപ്ലവചരിത്രത്തിന്റെ അഭേദ്യഭാഗമാണ്. എന്നാൽ ഭൗതികനേട്ടത്തെക്കാൾ പ്രധാനപ്പെട്ട ഘടകങ്ങളാണ് അതിലുള്ളത് എന്നകാര്യം ഞാൻ മുമ്പും സൂചിപ്പിച്ചിട്ടുണ്ട്, ഇപ്പോഴും പറയുന്നു, ഇനിയും പറയാൻ മടിക്കുകയുമില്ല. മുതലാളിത്ത ലോകമാകെ ഭൗതികനേട്ടങ്ങൾക്ക് ചുറ്റുമാണ് കറങ്ങുന്നത്. ധാർമ്മിക വശങ്ങൾക്കൊന്നും അവർ യാതൊരു പരിഗണനയും നൽകുന്നില്ല. എന്നാൽ ഭൗതിക നേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന മുതലാളിത്ത രീതി സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയയിൽ അവലംബിക്കാനേ പാടില്ല. ഭൗതിക നേട്ടങ്ങൾക്ക് യാതൊരു സ്ഥാനവുമില്ലാത്തതും സാഹസികമായി പ്രവർത്തിക്കേണ്ടതുമായ എത്രയോ മേഖലകളാണ് സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ നമുക്ക് എടുത്ത് കാണിക്കാനുള്ളത്. അവിടെയെല്ലാം നൈതികതയ്ക്കാണ് പരമപ്രാധാന്യം നൽകുന്നത്... ഭൗതിക നേട്ടങ്ങളല്ല അടിസ്ഥാന ഘടകം, അതിനെയല്ല വച്ചുവാഴിക്കേണ്ടത് എന്നുതന്നെയാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. അങ്ങനെ കരുതിയാൽ അത് വിപരീത ഫലമുളവാക്കുകതന്നെ ചെയ്യും.”സഖാവ് കാസ്ട്രോയുടെ കുറിക്കുകൊള്ളുന്ന ഈ വിശകലനം എന്നെ ശരിക്കും അത്ഭുതപ്പെടുത്തി. കാരണം, ഭൗതിക നേട്ടങ്ങൾ പ്രദാനം ചെയ്യുന്ന മുതലാളിത്തരീതി പിന്തുടർന്നുകൊണ്ട് സോഷ്യലിസ്റ്റ് വ്യവസ്ഥയെ മുന്നോട്ടുകൊണ്ടുപോകാനാവില്ലെന്ന്, മാർക്സിസ്റ്റ് തത്വചിന്ത ആഴത്തിൽ പരിശോധിക്കാതെ, മാവോചിന്തയും ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളും ഹൃദിസ്ഥമാക്കാതെതന്നെ, സഹജമായ വിപ്ലവ ഉൾക്കാഴ്ച കൊണ്ടുമാത്രം അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് സോഷ്യലിസത്തെ മുന്നോട്ടുകൊണ്ടുപോകില്ലെന്നു മാത്രമല്ല അതിനെ അപായപ്പെടുത്തുമെന്നും അദ്ദേഹം മുൻകൂട്ടിക്കണ്ടു. ഇത് അങ്ങേയറ്റം ആശ്ചര്യകരവും പ്രശംസനീയവും തന്നെ. അതുകൊണ്ടാണ് ഈ ഭാഗം ഞാൻ നിങ്ങളെ വായിച്ചുകേൾപ്പിച്ചത്.

### സോവിയറ്റ് തിരുത്തൽവാദ ലൈനിനെ കാസ്ട്രോ വിമർശിച്ചിരുന്നു

1968 ൽ അദ്ദേഹം നടത്തിയ ഒരു പ്രസംഗത്തിൽനിന്ന് ഒരു ഭാഗം ഞാൻ വായിച്ചു കേൾപ്പിക്കാം. ഇതിൽ പരോക്ഷമായി അദ്ദേഹം ക്രൂഷ്ചേവിനെ വിമർശിക്കുന്നുണ്ട്. ചെക്കോസ്ലോവാക്യയിൽ പ്രതിവിപ്ലവം നടക്കുകയും സോവിയറ്റ് യൂണിയനും മറ്റ് വാഴ്സാ സഖ്യരാഷ്ട്രങ്ങളും അങ്ങോട്ട് സൈന്യത്തെ അയയ്ക്കുകയും ചെയ്ത സന്ദർഭമായിരുന്നു അത്. സോവിയറ്റ് യൂണിയൻ ചെക്കോസ്ലോവാക്യ പിടിച്ചടക്കാൻ ശ്രമിക്കുകയാണെന്ന് സാമ്രാജ്യത്വ രാജ്യങ്ങൾ ആരോപിക്കുകയും ചെയ്തു. അന്ന് ഈ വിഷയം വലിയ വാദപ്രതിവാദങ്ങൾക്കിടയാക്കിയിരുന്നു. കാസ്ട്രോ സോവിയറ്റ് യൂണിയന്റെ നടപടിയെ പിന്തുണച്ചിരുന്നു. നമ്മുടെ പാർട്ടിയുടെ നിലപാടും അതുതന്നെയായിരുന്നു. സോവിയറ്റ് യൂണിയന്റെ തിരുത്തൽവാദ നിലപാടുകളും സ്റ്റാലിന്റെ ആധികാരികത നിഷേധിക്കുകയും അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുകയും ചെയ്ത നടപടികളുമാണ് ചെക്കോസ്ലോവാക്യയിൽ പ്രതിവിപ്ലവത്തിന് വഴിവച്ചതെന്ന് സഖാവ് ശിബ്ദാസ് ഘോഷ് വിശദീകരിച്ചു. എന്നാൽ ഇത്ര ആഴത്തിൽ ഈ വിഷയത്തെ സഖാവ് കാസ്ട്രോ സമീപിച്ചില്ല. വ്യക്തി സ്വാതന്ത്ര്യം സ്ഥാപിക്കാനും എതിരഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ബഹുകക്ഷി ജനാധിപത്യം വേണമെന്നും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം അവസാനിപ്പിക്കണമെന്നും മറ്റുമുള്ള മുദ്രാവാക്യങ്ങൾ അവിടെ ഉയർത്തപ്പെട്ടിരുന്നു. ഈ മുദ്രാവാക്യങ്ങൾ ഉയർത്താൻ കാരണമായത് സോവിയറ്റ് തിരുത്തൽവാദം തന്നെയാണെന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചു. ഈ അതി- ഉദാരവാദത്തെ അപലപിച്ചുകൊണ്ട് കാസ്ട്രോ പറഞ്ഞു: “അവിടെ യഥാർത്ഥത്തിൽ ഭ്രാന്തമായ ഉദാരതാവാദമാണ് ഉയർത്തപ്പെടുന്നത്. പ്രതിപക്ഷ പാർട്ടി വേണമെന്ന ആവശ്യവും അവർ ഉന്നയിക്കുന്നുണ്ട്. ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ വ്യത്യസ്തമായ കർത്തവ്യമാണ് പാർട്ടി നിറവേറ്റേണ്ടതെന്ന് അവർ വാദിക്കുന്നു. മാർഗ്ഗ നിർദ്ദേശം നൽകുകയോ, വിലയിരുത്തൽ നടത്തുകയോ മറ്റോ മാത്രമേ പാർട്ടി ചെയ്യാവൂ, അതായത് ഒരു ആത്മീയ നേതൃത്വമായിരിക്കുക എന്നുംമറ്റുമുള്ള അഭിപ്രായങ്ങളെല്ലാം പ്രത്യക്ഷത്തിൽത്തന്നെ മാർക്സിസം-ലെനിനിസത്തിന് എതിരായിട്ടുള്ളതാണ്. ചുരുക്കത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരായുധമാക്കപ്പെടുകയാണിതിലൂടെ. ഒരു സോഷ്യലിസ്റ്റ് ഭരണത്തിന്റെ അടിസ്ഥാന തത്വങ്ങളിലാണവർ തിരുത്തൽ ആവശ്യപ്പെടുന്നത്. സോഷ്യലിസത്തിലേയ്ക്കും കമ്മ്യൂണിസത്തിലേയ്ക്കുമുള്ള പരിവർത്തന ഘട്ടത്തെയാണ് സോഷ്യലിസ്റ്റ് ഭരണം പ്രതിനിധാനം ചെയ്യുന്നത്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെയാണ് അത് പ്രതിനിധാനം ചെയ്യുന്നത്. പഴയ ചൂഷക വർഗ്ഗത്തിനെതിരായ വർഗ്ഗ ഭരണമാണത്. ഈ വിപ്ലവ പ്രക്രിയയിൽ രാഷ്ട്രീയാവകാശങ്ങൾ, പാർട്ടി രൂപീകരിച്ച് പ്രവർത്തിക്കാനും മറ്റുമുള്ള അവകാശങ്ങൾ പഴയ ചൂഷക വർഗ്ഗത്തിന് നൽകാനാവില്ല. സോഷ്യലിസത്തെ ഇല്ലായ്മ ചെയ്യാൻ വേണ്ടിയുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന, സോഷ്യലിസത്തിന്റെ അന്തസ്സത്തയെയും ന്യായയുക്തതയെയും ചോദ്യം ചെയ്യുന്നവരാണവർ.... ചെക്കോസ്ലോവാക്യയിലെ ഭരണകൂടം നിലനിൽക്കുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയെത്തന്നെ വൻതോതിൽ മാറ്റിത്തീർക്കുന്ന അപകടകരമായ നീക്കമാണ് നടത്തുന്നതെന്ന കാര്യത്തിൽ എനിക്ക് ഒട്ടും സംശയമില്ല... സാമ്രാജ്യത്വ ശക്തികൾ ചെക്കോസ്ലോവാക്യയിൽ മാത്രമല്ല സോവിയറ്റ് യൂണിയനടക്കം കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലാകമാനം ഇത്തരമൊരു പ്രചാരണമഴിച്ചുവിട്ടിരിക്കുകയാണ്.” ഈ വാക്കുകൾ ശ്രദ്ധിക്കുക. സാമ്രാജ്യത്വ ശക്തികൾ പൂർവ്വ യൂറോപ്പിൽ മാത്രമല്ല സോവിയറ്റ് യൂണിയനിലും ബൂർഷ്വാ ലിബറലിസ്റ്റ് ആശയങ്ങളാണ് പ്രചരിപ്പിക്കുന്നത് എന്ന് പറയുന്നതിലൂടെ സോവിയറ്റ് യൂണിയനിലെ തിരുത്തൽവാദ നേതൃത്വത്തെ പരോക്ഷമായി വിമർശിക്കുകയാണ് കാസ്ട്രോ ചെയ്യുന്നത്. അദ്ദേഹത്തിന്റെ മനസ്സിൽ തറച്ചകാര്യം അദ്ദേഹം പറഞ്ഞു. എന്നാൽ, ചെക്കോസ്ലോവാക്യയിലേയ്ക്ക് സൈന്യത്തെ അയച്ച നടപടിയെ അദ്ദേഹം പിന്തുണയ്ക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: “നമ്മൾ സമ്മതിച്ചാലും ഇല്ലെങ്കിലും, ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ തകർച്ചയിലേയ്ക്കും സാമ്രാജ്യത്വത്തിന്റെ കൈകളിൽ അത് പതിക്കുന്നതിലേയ്ക്കും നയിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യം വികസിച്ചുവരുന്നത് സോഷ്യലിസ്റ്റ് ചേരിയ്ക്ക് അനുവദിക്കാൻ കഴിയുമോ എന്നതാണ് പ്രശ്നം. ഞങ്ങളുടെ അഭിപ്രായത്തിൽ അത് അനുവദിക്കാനാവില്ല. ഏതെങ്കിലും വിധത്തിൽ അത് തടയാനുള്ള അവകാശം സോഷ്യലിസ്റ്റ് ചേരിക്കുണ്ട്..... ചെക്കോസ്ലോവാക്യയുടെ പരമാധികാരം ലംഘിക്കപ്പെട്ടിട്ടില്ല എന്നു പറയുന്നത് (സോവിയറ്റ് ഇടപെടൽ) ഉചിതമല്ല. അത് ഒരു കെട്ടുകഥയോ നുണയോ ഒക്കെ ആകാം. ലംഘനം നഗ്നമായിരുന്നു..... നിയമത്തിന്റെ ദൃഷ്ടയിൽ, അത് ന്യായീകരിക്കാനാവില്ല. ഇത് വ്യക്തമാണ്. എന്നാൽ, നിയമത്തിന്റെ കാഴ്ചപ്പാടിലൂടെയല്ല, രാഷ്ട്രീയ കാഴ്ചപ്പാടിലൂടെയാണ് ചെക്കോസ്ലോവാക്യക്കുമേലുള്ള നടപടി വിശദീകരിക്കാൻ കഴിയുക എന്നാണ് ഞങ്ങളുടെ വിലയിരുത്തൽ. ” അതായത്, ഒരു ബൂർഷ്വാ നീതിന്യായ കാഴ്ചപ്പാടിൽനിന്നുകൊണ്ടല്ല, സോഷ്യലിസ്റ്റ് രാഷ്ട്രീയ ധാർമ്മികതയുടെ അടിസ്ഥാനത്തിൽ മാത്രമേ അത്തരമൊരു സൈനിക നടപടിയെ പിന്തുണയ്ക്കാൻ കഴിയൂ എന്നാണദ്ദേഹം അർത്ഥമാക്കിയത്.

കാസ്ട്രോ തുടർന്നു പറയുന്നു: “കമ്മ്യൂണിസത്തിന് സാർവ്വദേശീയതയെന്ന ആദർശത്തെ ഒരു നിമിഷത്തേയ്ക്ക് പോലും കൈവെടിയാനാവില്ല. ഏതെങ്കിലും ഒരു രാജ്യത്ത് കമ്മ്യൂണിസത്തിനായി പൊരുതുന്നവരെ സംബന്ധിച്ചിടത്തോളം അവർക്ക് ബാക്കിലോകത്തെ മറക്കാനാവില്ല.... എന്നാൽ ഈ ആദർശം നമുക്ക് എത്രത്തോളം മുറുകെപ്പിടിക്കാനായിട്ടുണ്ട്. സാർവ്വദേശീയ വികാരവും ജാഗ്രതയും ആഗോളപ്രശ്നങ്ങളിലുള്ള ശുഷ്കാന്തിയും യൂറോപ്പിലെ ചില സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ അപ്രത്യക്ഷമായെന്നോ നേരിയ അളവിൽ മാത്രമേ നിലനിൽക്കുന്നുള്ളുവെന്നോ പറയേണ്ടിവരും”. യൂറോപ്പിലെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ സാർവ്വദേശീയതയോടുള്ള അഭിനിവേശം വാർന്നുപോകുന്നു എന്നാണ് ഇവിടെ അദ്ദേഹം തുറന്നുപറഞ്ഞത്. ഇതും തിരുത്തൽവാദ സോവിയറ്റ് നേതൃത്വത്തോടുള്ള പരോക്ഷ വിമർശനമായിരുന്നു.

### അടിയുറച്ച സാർവ്വദേശീയ വാദി

തിരുത്തൽവാദി ക്രൂഷ്ചേവ് ‘സമാധാന’ത്തിനുവേണ്ടി നടത്തിയ പ്രചാരണത്തെക്കുറിച്ച് കാസ്ട്രോ ഇങ്ങനെ പറഞ്ഞു: “സമാധാനത്തിനുവേണ്ടിയുള്ള പ്രചാരണം നടക്കുന്നുണ്ട്. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലാവട്ടെ ഇത് നിരന്തരവും വ്യാപകവുമാണ്. നമുക്ക് നമ്മോടുതന്നെ ചോദിക്കാം; ഈ പ്രചാരണങ്ങളുടെയെല്ലാം പിന്നിലുള്ള ഉദ്ദേശമെന്താണ്? ഞങ്ങൾ യുദ്ധത്തിനുവേണ്ടി വാദിക്കുന്നുവെന്നാണോ ഇതിനർത്ഥം? ഞങ്ങൾ സമാധാനത്തിന്റെ ശത്രുക്കളാണെന്നാണോ ഇതിനർത്ഥം? ഞങ്ങൾ യുദ്ധത്തിനുവേണ്ടിയല്ല, ആഗോള ദുരന്തങ്ങൾക്കുവേണ്ടിയല്ല നിലകൊള്ളുന്നത്......സാമ്രാജ്യത്വത്തിന്റെ നിലനിൽപും അതിന്റെ ആക്രമണ സ്വഭാവവും ലോകത്തിന് എത്രത്തോളം ഭീഷണിയാണെന്നത് അനിഷേധ്യമായ വസ്തുതയാണ്.....യുദ്ധത്തിനുവേണ്ടി ദാഹിക്കുന്നത് സാമ്രാജ്യത്വ ശക്തികളാണ്.... ലോകത്തിന്റെ നല്ലൊരുഭാഗം സാമ്രാജ്യത്വ ശക്തികളുടെ നിയന്ത്രണത്തിലാണെന്നതും ജനങ്ങൾ സാമ്രാജ്യത്വനുകത്തിൽനിന്ന് മോചനം നേടാൻ ആഗ്രഹിക്കുന്നു എന്നതും അനിഷേധ്യമാണ്.....ഈ ഭീഷണികളൊക്കെ യാഥാർത്ഥ്യമാണ്- നമ്മുടെ വീട്ടിനുള്ളിൽത്തന്നെ ഇത് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയും സമാധാനത്തിനുവേണ്ടി ദാഹിക്കുകയും ചെയ്യുന്നതിലൂടെ ഈ ഭീഷണി തുടച്ചുനീക്കാനാവില്ല..... അത് പോരാട്ടവീര്യത്തെ തളർത്തുകയേയുള്ളൂ, സാഹസികതയും ത്യാഗമനോഭാവവും കെടുത്തുകയേയുള്ളൂ. പ്രത്യാഘാതങ്ങൾ നേരിടാനുള്ള സന്നദ്ധത ഇല്ലാതാക്കുകയേയുള്ളൂ.” ഇതിലൂടെ സോവിയറ്റ് തിരുത്തൽവാദ നേതൃത്വത്തിന്റെ ‘ശാന്തിവാദ’ത്തെ കാസ്ട്രോ പരോക്ഷമായി വിമർശിക്കുകയായിരുന്നു.

### സോവിയറ്റ് തിരുത്തൽവാദത്തോടുള്ള കാസ്ട്രോയുടെ വിമർശനം

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ പരസ്പരം സഹായിക്കുന്നതിനെ സംബന്ധിച്ച് കാസ്ട്രോ പറഞ്ഞത്, സാങ്കേതിക സഹായത്തിന് പകരം സോവിയറ്റ് യൂണിയൻ ക്യൂബയിൽ നിന്ന് പണം വാങ്ങിയിരുന്നു എന്നാണ്. ഇങ്ങനെ പണം വാങ്ങിയതിനെ വിമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത്, ഇപ്രകാരം സഹായിക്കേണ്ടത് ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ സാർവ്വദേശീയ കർത്തവ്യത്തിന്റെ ഭാഗമാണ് എന്നത്രെ. മറ്റൊരു വിമർശനംകൂടി അദ്ദേഹം ഉന്നയിച്ചു. ചെക്കോസ്ലോവാക്യയിൽ നടന്ന ഗൂഢാലോചനയുമായി ബന്ധപ്പെട്ട് സോവിയറ്റ് യൂണിയനോ മറ്റേതെങ്കിലും രാജ്യമോ അമേരിക്കയുടെ നേരേ വിരൽ ചൂണ്ടുകയുണ്ടായില്ല. അത് ചെയ്യണമായിരുന്നു. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ ‘പ്രവദ’യിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ബൂർഷ്വാ ലിബറലിസത്തെ സംബന്ധിച്ച് നൽകിയ വിശദീകരണം തീരെ അപര്യാപ്തമായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ചെക്കോസ്ലോവാക്യയിലെ സംഭവവികാസത്തെ സംബന്ധിച്ച് അദ്ദേഹം തുടർന്ന് പറയുന്നു: “ ......യുഗോസ്ലാവിയയിലെ കമ്മ്യൂണിസ്റ്റുകളെന്നറിയപ്പെട്ടവരാണ് അവിടെ നടപ്പിലാക്കിയ എല്ലാ ബൂർഷ്വാ ലിബറൽ നയങ്ങളുടെയും ഉത്തരവാദികൾ. അവരാണ് അതിനെ ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത്. അവരെല്ലാം കൈയ്യടിച്ച് പാസ്സാക്കി..... യുഗോസ്ലാവ് കമ്മ്യൂണിസ്റ്റ് ലീഗിന്റെ വീക്ഷണവുമായി നേരിട്ട് ബന്ധപ്പെട്ട വിഷയമാണത്. ഈ വീക്ഷണവും പ്രസ്താവനകളുമൊക്കെ കമ്മ്യൂണിസത്തിൽനിന്ന് പാടെ വ്യതിചലിച്ചവയാണ്. സാമ്പത്തിക സമീപനങ്ങളുടെ കാര്യവും അങ്ങനെതന്നെ. ഇതെല്ലാം മാർക്സിസത്തിനെതിരായിട്ടുള്ളതാണ്. എന്തായാലും, യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ, വാഴ്സാ സഖ്യരാഷ്ട്രങ്ങളടക്കം, ഇപ്പോൾ ,യുഗോസ്ലാവ് കമ്മ്യൂണിസ്റ്റ് ലീഗിന്റെ പങ്ക് വിസ്മരിക്കാൻ തുടങ്ങിയിരിക്കുന്നു. യുഗോസ്ളാവിയയെ ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രം എന്ന് വിളിക്കാനും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സമ്മേളനത്തിലേയ്ക്ക് യുഗോസ്ലാവ് കമ്മ്യൂണിസ്റ്റ് ലീഗിനെ ക്ഷണിക്കാനും തുടങ്ങിയിരിക്കുന്നു. ഞങ്ങളുടെ നിരന്തരമായ വിയോജിപ്പും എതിർപ്പും ക്ഷണിച്ചുവരുത്തിയ നടപടിയാണിത്......സാമ്രാജ്യത്വ ശക്തികളുടെ ഏജന്റായി നിന്ന് യൂഗോസ്ലാവിയയിൽ എല്ലാം അവതാളത്തിലാക്കാൻ മുഖ്യപങ്ക് വഹിച്ചത് ഈ സംഘടനയാണ്. ഇത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇവിടെയും അദ്ദേഹം ക്രൂഷ്ചേവ് നേതൃത്വത്തെ വിമർശിക്കുന്നു. എന്തെന്നാൽ ക്രൂഷ്ചേവിന്റെ മുൻകയ്യിലാണ് യുഗോസ്ളാവിയയെ വീണ്ടും സോഷ്യലിസ്റ്റ് ചേരിയിൽ ഉൾപ്പെടുത്തിയത്

സ്റ്റാലിന്റെ നേതൃത്വത്തിൽ യുഗോസ്ലാവി

*(ശേഷം 15-ാം പേജിൽ)*

**അടിച്ചമർത്തപ്പെടുന്നവരോട് അളവറ്റ ഹൃദയബന്ധമില്ലെങ്കിൽ ഒരാൾക്ക് വിപ്ലവകാരിയാകാനാകില്ലെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പഠിപ്പിച്ചിട്ടുണ്ട്. ഈ വികാരം ജീവത്തായി നിലനിർത്തിയില്ലെങ്കിൽ വിപ്ലവ ജീവിതവും സജീവമായിരിക്കില്ല. ഒരിക്കൽ പീഡിതരോട് ഉണ്ടായിരുന്ന വൈകാരിക ബന്ധം നിലനിർത്താനായില്ലെങ്കിൽ, അവരുടെ കണ്ണീരിന്റെയും കദനത്തിന്റെയും ചൂട് മനസ്സിൽ സൂക്ഷിക്കാനായില്ലെങ്കിൽ, ആ വൈകാരികജ്ജ്വാലയിൽ സ്വയം സ്ഫുടം ചെയ്തെടുക്കാനായില്ലെങ്കിൽ, ഒരാളുടെ വിപ്ലവവീര്യം ക്രമേണ ചോർന്നുപോകും. ചിലരിൽ അത് എന്നെന്നേയ്ക്കുമായി അസ്തമിക്കും. ശ്രേഷ്ഠമായ മാനസിക ഭാവങ്ങളാൽ പ്രചോദിതമായി ആരംഭിക്കുന്ന വിപ്ലവജീവിതം ആ വൈകാരികതയെ, സർവ്വതല സ്പർശിയും അക്ഷീണവുമായ സമരത്തിലൂടെ പോഷിപ്പിച്ച്, ഊട്ടിവളർത്തി, വിശാലമാക്കി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. സഖാവ് ഫിഡലിന്റെ കാര്യത്തിൽ, ശ്രേഷ്ഠമായ ഈ വൈകാരിക ഭാവങ്ങളാണ് അദ്ദേഹത്തിന് ജീവിതാന്ത്യം വരെ അജയ്യമായ ശക്തി പ്രദാനം ചെയ്തത്.**

# സോഷ്യലിസം അല്ലെങ്കിൽ മരണം എന്നതായിരുന്നു കാസ്ട്രോയുടെ നിലപാട്

*(14-ാം പേജിൽ നിന്ന്)*

യയെ ഒറ്റപ്പെടുത്തുകയും കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിൽനിന്ന് പുറത്താക്കുകയും ചെയ്ത നടപടിയെ കാസ്ട്രോ ഇങ്ങനെ നിരീക്ഷിക്കുന്നു: “കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരെക്കാലത്തേയ്ക്ക് ആ പാർട്ടിയെ ബഹിഷ്കരിച്ചിരുന്നു. അത് തികച്ചും ന്യായവുമായിരുന്നു. ഇന്ന് ആ തീരുമാനത്തെ അപലപിച്ചുകൊണ്ട് ലേഖനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയടക്കം പല പാർട്ടികളും അത് ചെയ്യുന്നുണ്ട്. ” അത്തരം ലേഖനങ്ങളെ പരാമർശിച്ചുകൊണ്ട് സോവിയറ്റ് റിവിഷനിസ്റ്റ് നേതൃത്വത്തെ പേരെടുത്തുപറയാതെ അദ്ദേഹം ഇങ്ങനെ വിമർശിക്കുന്നു:“വാഴ്സാ ഉടമ്പടി രാഷ്ട്രങ്ങളിലെ ഗവണ്മെന്റുകളുടെ നിലപാട് വിശദീകരിക്കുന്ന പ്രസ്താവനയുടെ അവസാന ഖണ്ഡിക ഇങ്ങനെ പറയുന്നു: ‘സഹോദര രാഷ്ട്രങ്ങൾ പുറമേനിന്നുള്ള ഏതൊരു ഭീഷണിയും ചങ്കുറപ്പോടെ നേരിടും. സോഷ്യലിസ്റ്റ് സമൂഹത്തിലെ ഒരു കണ്ണിയെയും അടർത്തിയെടുക്കാൻ അത് ആരെയും അനുവദിക്കില്ല’ . ” എന്നിട്ട്, കാസ്ട്രോ ഇങ്ങനെ ചോദിക്കുന്നു: “ഈ പ്രസ്താവനയിൽ വിയറ്റ്നാം ഉൾപ്പെട്ടിട്ടുണ്ടോ? കൊറിയ ഉൾപ്പെട്ടിട്ടുണ്ടോ? ക്യൂബ ഉൾപ്പെട്ടിട്ടുണ്ടോ? സാമ്രാജ്യത്വ ശക്തികളെ വേർപെടുത്തിയെടുക്കാൻ അനുവദിക്കാത്ത സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ കണ്ണികളായി വിയറ്റ്നാമിനെയും കൊറിയയെയും ക്യൂബയെയും കാണുന്നുണ്ടോ? സാമ്രാജ്യത്വം വിയറ്റ്നാമിനുമേലുള്ള ആക്രമണത്തിന് ആക്കം വർദ്ധിപ്പിക്കുകയും വിയറ്റ്നാം ജനത സഹായത്തിനായി അഭ്യർത്ഥിക്കുകയും ചെയ്താൽ വാഴ്സാ സഖ്യസൈന്യത്തെ അങ്ങോട്ടയയ്ക്കാൻ തയ്യാറാകുമോ? യാങ്കി സാമ്രാജ്യത്വം കൊറിയൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിനെ ആക്രമിച്ചാൽ വാഴ്സാ സഖ്യസേനയെ അങ്ങോട്ടയയ്ക്കുമോ? ഞങ്ങളുടെ രാജ്യത്തെയാണ് ആക്രമിക്കുന്നതെങ്കിൽ ക്യൂബയിലേയ്ക്ക് സൈന്യത്തെ അയയ്ക്കാൻ വാഴ്സാ സഖ്യം തയ്യാറാകുമോ? തിരുത്തൽവാദി സോവിയറ്റ് യൂണിയന്റെ സാർവ്വദേശീയതാവിരുദ്ധ നിലപാടിനെ അദ്ദേഹം ഇപ്രകാരമാണ് വിമർശിച്ചത്.

കാസ്ട്രോയുടെ ഈ നിരീക്ഷണങ്ങൾ നിങ്ങളുടെ മുൻപാകെ വായിച്ചത് ഒരു കാര്യം സമർത്ഥിക്കാനാണ്. മാതൃരാജ്യത്തിന്റെ വിമോചനത്തിനുവേണ്ടി പൊരുതുന്ന ഒരു സാമ്രാജ്യത്വ വിരുദ്ധ പോരാളിയായിട്ടാണ് കാസ്ട്രോ പ്രവർത്തനമാരംഭിക്കുന്നത്. 1959 ൽ സമരമാരംഭിക്കുമ്പോൾ ഒരു കമ്മ്യൂണിസ്റ്റ് എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചിരുന്നില്ല. അദ്ദേഹം മാർക്സിസം പഠിച്ചിരുന്നു എന്നത് ശരിതന്നെ. രൂക്ഷമായ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിലൂടെ സോഷ്യലിസത്തിലേയ്ക്കും മാർക്സിസത്തിലേയ്ക്കും ആകൃഷ്ടനായ അദ്ദേഹം പിന്നീട് ഒരു കമ്മ്യൂണിസ്റ്റായി സ്വയം പ്രഖ്യാപിക്കുകയായിരുന്നു. ഈ യുഗത്തിൽ സാമ്രാജ്യത്വത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാട്ടം നടത്തണമെങ്കിൽ ഒരാൾ കമ്മ്യൂണിസ്റ്റോ ഉറച്ച് കമ്മ്യൂണിസ്റ്റനുഭാവിയോ ആയിരിക്കണമെന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ പ്രധാനപ്പെട്ട നിരീക്ഷണം ഞാനിതിനകംതന്നെ അവതരിപ്പിച്ചുവല്ലോ? കാസ്ട്രോയുടെ ജീവിതം ഇത് ആവർത്തിച്ചുറപ്പിക്കുന്നു.

### മാർക്സിസം ശരിയായി മനസ്സിലാക്കണമെങ്കിൽ ജീവിതത്തിന്റെ സർവ്വാംശങ്ങളിലും അത് പ്രയോഗിക്കണം

മാർക്സിസ്റ്റ് പ്രത്യയശാസ്ത്രവും വിശകലന പദ്ധതിയും ഗ്രഹിക്കുകയും വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ മൂന്ന് സാർവ്വദേശീയ തത്വങ്ങൾ മനസ്സിലാക്കുകയും ഏതൊരു പ്രതിഭാസത്തിലും ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യം പ്രവർത്തിക്കുന്നു എന്നും മുഖ്യ വൈരുദ്ധ്യവും വൈരുദ്ധ്യത്തിന്റെ മുഖ്യമായ വശവും നിലനിൽക്കുന്നു എന്നും മനസ്സിലാക്കുകയും, ദേശീയമോ സാർവ്വദേശീയമോ ആയ ഏതൊരു വിഷയവും സംഭവവും പ്രതിഭാസവും വിലയിരുത്തുമ്പോൾ ഈ തത്വങ്ങളും രീതിശാസ്ത്രവും പ്രയോഗിക്കാനുള്ള പ്രാപ്തി കൈവരിക്കുകയും ചെയ്യുമ്പോഴാണ് മാർക്സിസ്റ്റ് വീക്ഷണം ആർജ്ജിച്ചു എന്ന് പറയാൻ കഴിയുക. പുസ്തകങ്ങൾ വായിക്കുന്നതുകൊണ്ടുമാത്രം ഈ വീക്ഷണം ആർജ്ജിക്കാനാവില്ല. മാർക്സിസം-ലെനിനിസം ജീവിത തത്വചിന്തയായി സ്വീകരിക്കുകയും ജീവിതത്തിൽ എല്ലാ മേഖലകളിലും പ്രയോഗിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇത് സാദ്ധ്യമാകൂ. കുടുംബജീവിതം, സ്വത്ത്, സ്നേഹം, രതി തുടങ്ങിയവയോടുള്ള സമീപനം, വിവാഹജീവിതം, കുട്ടികൾ എന്നിവയെ സംബന്ധിച്ച മനോഭാവം, വ്യക്തിഗത ആവശ്യങ്ങൾ, സ്ഥാനമാനങ്ങൾ, വിമർശനം സ്വയംവിമർശനം എന്നിവയോടുള്ള സമീപനം തുടങ്ങിയ മേഖലകളിലൊക്കെ ഈ തത്വചിന്ത പ്രയോഗത്തിൽ വരുത്തേണ്ടതുണ്ട്. മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ്ങ് എന്നിവരുടെ പാഠങ്ങളുടെ തുടർച്ചയെന്നോണം സഖാവ് ശിബ്ദാസ് ഘോഷ്, ജീവിതത്തിന്റെ സർവ്വാംശങ്ങളിലുമുള്ള മാർക്സിസ്റ്റ് തത്വചിന്തയുടെ പ്രയോഗത്തെ സംബന്ധിച്ച സമ്പുഷ്ടവും വികസിതവും സമഗ്രവുമായ ധാരണ, പ്രദാനം ചെയ്തു. മാർക്സിസത്തെ ഇവ്വിധത്തിൽ മനസ്സിലാക്കാൻ കാസ്ട്രോയ്ക്ക് കഴിഞ്ഞില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

### ലാറ്റിൻ അമേരിക്കൻ ജനതയ്ക്ക് പിതാവ് നഷ്ടപ്പെട്ട പ്രതീതി

ഈ പരിമിതിയുണ്ടായിരുന്നെങ്കിലും മർദ്ദിത ജനതയോടുള്ള അടങ്ങാത്ത അഭിനിവേശത്തിലധിഷ്ഠിതമായ സാർവ്വ ദേശീയഭാവവും മാർക്സിസം-ലെനിനിസത്തിലുള്ള അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസവും കൂറും എടുത്തുപറയേണ്ടതുതന്നെയാണ്. ഏതെങ്കിലും നാട്ടിലെ വിപ്ലവത്തിന് സോവിയറ്റ് യൂണിയൻ സഹായം നൽകിയാൽ അത് യുദ്ധത്തിലേയ്ക്ക് നയിക്കും എന്ന ധാരണയായിരുന്നു അന്ന് ക്രൂഷ്ചേവിനും പിന്നീട് ബ്രഷ്നേവിനും ഉണ്ടായിരുന്നത്. അത്തരം തിരുത്തൽവാദ ധാരണകളൊന്നും കാസ്ട്രോ പരിഗണിച്ചതേയില്ല. ലാറ്റിനമേരിക്കയിലെ ഓരോ രാജ്യത്തെയും വിപ്ലവ പോരാട്ടങ്ങളെ അദ്ദഹം സഹായിച്ചു. ക്യൂബ സാമ്പത്തിക ഞെരുക്കത്തിലായിരുന്നു. സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷം അവർക്ക് റഷ്യയിൽനിന്ന് ഒരു സഹായവും ലഭിച്ചതുമില്ല. എന്നിട്ടും, അമേരിക്കൻ സൈന്യം ഏതെങ്കിലും ആഫ്രിക്കൻ രാജ്യത്തെ വിപ്ലവ ഗവണ്മെന്റിനെ അട്ടിമറിക്കാൻ ശ്രമിക്കുകയോ വിപ്ലവകാരികളുടെ മേൽ ആക്രമണമഴിച്ചുവിടുകയോ ചെയ്താൽ, ക്യൂബ വോളന്റിയേഴ്സിനെയും സായുധ ഭടന്മാരെപ്പോലും സഹായത്തിനയയ്ക്കുമായിരുന്നു. അങ്ങനെ മുഴുവൻ ലാറ്റിൻ അമേരിക്കയിലെയും ആഫ്രിക്കയിലെയും വിമോചന പോരാട്ടങ്ങളുടെ പ്രതീകമായി മാറി കാസ്ട്രോ. ക്യൂബ മാത്രമല്ല, ലാറ്റിൻ അമേരിക്കൻ ജനതയാകെ അദ്ദേഹത്തിന്റെ നിര്യാണത്തോടെ അച്ഛനെ നഷ്ടപ്പെട്ടതുപോലെയായി.

മറുവശത്ത്, മറ്റൊരു അതികായനായി നെൽസൺ മണ്ടേല നിലകൊള്ളുന്നു. ദക്ഷിണാഫ്രിക്കക്കാരനായ മണ്ടേലയെപ്പോലെ ദീർഘനാൾ ജയിലിൽ കിടന്ന മറ്റൊരു നേതാവും ഉണ്ടാകില്ല. 30 വർഷം അദ്ദേഹം അഴിക്കുള്ളിലായിരുന്നു. അടുത്തതായി വരുന്നത് അവിഭക്ത ഇന്ത്യയിലെ അതിർത്തി ഗാന്ധിയാണ്. അടുത്തയാൾ ബ്രിട്ടീഷ് ഇന്ത്യയിലെ അവിഭക്ത ബംഗാളിലെ സ്വാതന്ത്ര്യ പോരാളിയും വിപ്ലവകാരിയുമായിരുന്ന ത്രൈലോക്യ മഹാരാജാണ്. ജയിലിൽനിന്നിറങ്ങിയ മണ്ടേല ആദ്യം പോയത് ദക്ഷിണാഫ്രിക്കയുടെ സുഹൃത്തായ കാസ്ട്രോയെ കാണാൻ ക്യൂബയിലേയ്ക്കായിരുന്നു. വർണ്ണ വിവേചന സർക്കാരിനെതിരെ ദക്ഷിണാഫ്രിക്ക നടത്തിയ പോരാട്ടത്തിന് കാസ്ട്രോ നൽകിയ സഹായങ്ങൾ അദ്ദേഹം ആദരവോടെ സ്മരിച്ചു. ”നിരവധി വിദേശികൾ ആഫ്രിക്കയിലേയ്ക്ക് വന്നത് അവിടെനിന്ന് പലതും‘കൊണ്ടുപോകാനാ’യിരുന്നു. ക്യൂബക്കാർ മാത്രമാണ് എന്തെങ്കിലും‘തരാനാ”യി വന്നത്”, എന്നാണ് മണ്ടേല പറഞ്ഞത്. അൾജീരിയ, കോംഗോ, അംഗോള, നമീബിയ, ദക്ഷിണാഫ്രിക്ക തുടങ്ങി ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിലെ സകല രാഷ്ട്രങ്ങളും ഇന്ന് കടുത്ത ദുഃഖത്തിലാണ്. അൾജീരിയ 8 ദിവസമാണ് ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചത്. അവർ കാസ്ട്രോയോട് ഏറെ കടപ്പെട്ടിരിക്കുന്നു. തിരുത്തൽവാദി റഷ്യൻ നേതൃത്വം വലിച്ചെറിഞ്ഞ സാർവ്വദേശീയതയുടെ കൊടിക്കൂറ കാസ്ട്രോ ഉയർത്തിപ്പിടിച്ചു. മാരകമായ എബോള രോഗം ബാധിച്ച് 3 ആഫ്രിക്കൻ രാഷ്ട്രങ്ങളിലായി 11,000 പേരാണ് മരിച്ചത്. ഈ രാജ്യങ്ങളിലേയ്ക്ക് കാസ്ട്രോ ഡോക്ടർമാരെ അയച്ചു. മർദ്ദിത ജനതയോട് അടങ്ങാത്ത സ്നേഹം, സാമ്രാജ്യത്വ-മുതലാളിത്ത ചൂഷണത്തോട് ഒടുങ്ങാത്ത വെറുപ്പ്, മാർക്സിസം-ലെനിനിസത്തോടുള്ള നിസ്സീമമായ കൂറ്, സാർവ്വദേശീയതയിലുള്ള അടിയുറച്ച വിശ്വാസം - ഇതെല്ലാം അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതകളായിരുന്നു.

ഒരിക്കൽ അദ്ദേഹം പറഞ്ഞു: “കടന്നാക്രമണത്തിനെതിരെ അവസാനത്തെ ആൾവരെ ഞങ്ങൾ ചെറുത്തുനിൽക്കും. ഞങ്ങളുടെ പണിയും വികസന പദ്ധതികളും ഞങ്ങൾ ഒരിക്കലും വേണ്ടെന്നുവയ്ക്കില്ല. ” 2012 ൽ നടത്തിയ ഈ പ്രസംഗത്തിനൊടുവിൽ അദ്ദേഹം പറഞ്ഞു: “സോഷ്യലിസം അല്ലെങ്കിൽ മരണം, പിതൃഭൂമിയുടെ സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം, എന്ന് അങ്ങേയറ്റത്തെ അഭിമാനത്തോടെയും ഉറച്ച ശബ്ദത്തോടെയും ക്യൂബൻ ജനത പ്രഖ്യാപിക്കേണ്ട സമയമാണിത്. ” അദ്ദേഹത്തിന്റെ മനക്കരുത്ത് അത്രത്തോളമായിരുന്നു.

ഇവിടെ കൈക്കൊണ്ട അനുശോചന പ്രമേയത്തിൽ അദ്ദേഹം പറഞ്ഞ വിഖ്യാതമായ വാചകം “ഞാനൊരു മാർക്സിസ്റ്റ്-ലെനിനിസ്റ്റാണ്, എന്റെ അന്ത്യദിനംവരെ ഞാൻ അങ്ങനെതന്നെ ആയിരിക്കും”.- ഉൾപ്പെടുത്തിയിട്ടുള്ള കാര്യം നിങ്ങൾക്കറിയാം. അദ്ദേഹത്തിന്റെ പ്രതിബദ്ധത അത്രത്തോളമായിരുന്നു. സോഷ്യലിസത്തെ സംരക്ഷിക്കാനുള്ള ആഹ്വാനമാണ് അദ്ദേഹം ക്യൂബൻ ജനതയ്ക്ക് നൽകിയത്. ക്യൂബയിലെ, ലാറ്റിൻ അമേരിക്കയിലെ, ആഫ്രിക്കയിലെ, ലോകത്തിന്റെയാകെ ഇതിഹാസ പുരുഷനായിരുന്നു കാസ്ട്രോ. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ക്യൂബൻ ജനത സോഷ്യലിസം സ്ഥാപിച്ചെടുത്തത്. ഇന്ന് ലോകത്ത് സോഷ്യലിസം ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു. ക്യൂബയ്ക്കെതിരായ കടുത്ത ഉപരോധം ഇന്നും തുടരുകയാണ്. അതുകൊണ്ട് അവിടെ റേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു

അവിടുത്തെ റേഷന്റെ ഒരു പട്ടിക ഒരു സഖാവ് എനിക്ക് അയച്ചുതന്നു. അത് ശരിയാണോ എന്നെനിക്കറിയില്ല. അതിൽ പറയുന്നത്, ഒരാൾക്ക് മാസംതോറും 10 കിലോ അരി, 6 കിലോ പഞ്ചസാര, 2 കിലോ ശർക്കര, 250 മില്ലി ഭക്ഷ്യ എണ്ണ, 12 മുട്ട, ഒരു പായ്ക്കറ്റ് കാപ്പിപ്പൊടി, 6 കിലോ ഇറച്ചി എന്നിവ ലഭിക്കുമെന്നാണ്. ഇതുകൂടാതെ എന്നും ഒരു പായ്ക്കറ്റ് ബ്രെഡും രണ്ടുമൂന്നു മാസം കൂടുമ്പോൾ ഒരു പായ്ക്കറ്റ് ഉപ്പും ലഭിക്കും. ഗർഭിണികൾക്കും ഏഴ് വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ദിവസേന ഒരു കുപ്പി പാൽ ലഭിക്കും. രോഗികൾക്ക് ഡോക്ടർ പറയുന്ന പോഷകാഹാരം ലഭിക്കും. ക്യൂബയിലെ ഓരോ പൗരനും ലഭിക്കുന്ന റേഷനാണിത്. ഇതുകൂടാതെ സാധാരണ കമ്പോളത്തിൽനിന്ന് ഓരോരുത്തരുടെയും ശേഷിക്കനുസരിച്ച് അവശ്യ സാധനങ്ങൾ വാങ്ങാം. ക്യൂബ കടുത്ത പ്രതിസന്ധിയിലാണ്. ഒരിടത്തുനിന്നും ഒരു സഹായവും ലഭിക്കുന്നില്ല. സാമ്പത്തിക ഉപരോധം തുടരുകയാണ്. എന്നിട്ടും എല്ലാവർക്കും വിദ്യാഭ്യാസവും ഉയർന്ന നിലവാരത്തിലുള്ള ചികിത്സയും നൽകുന്ന കാര്യത്തിൽ ആ രാജ്യം ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ക്യൂബയിലെ സോഷ്യലിസത്തെ സംരക്ഷിക്കുക എന്ന ആഹ്വാനമാണ് ഫിഡൽ ജനങ്ങൾക്ക് നൽകിയത്. ‘സോഷ്യലിസം അല്ലെങ്കിൽ മരണം’ എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. ഒന്നുകിൽ സോഷ്യലിസത്തെ സംരക്ഷിച്ചു നിർത്തുക. അല്ലെങ്കിൽ എല്ലാവരും മരണത്തെ പുൽകുക. അതായത്, സോഷ്യലിസം അപ്രത്യക്ഷമാകുന്നതോടെ മാനവ നാഗരികത അസ്തമിക്കും എന്നർത്ഥം. ഈ അന്തിമാഹ്വാനത്തിന് ക്യൂബൻ ജനത അർഹമായ ആദരവ് നൽകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇത് മാർക്സിസം-ലെനിനിസത്തിന്റെ ശരിയായ ഉൾക്കൊള്ളലുമായി ബന്ധപ്പെട്ടിരിക്കുന്നു. അവർ വിജയകരമായി ഇത് നിറവേറ്റും എന്നുതന്നെ നമുക്ക് വിശ്വസിക്കാം. അനന്തമായ ക്ഷമ, ഉറച്ച ബോദ്ധ്യം, കഠിനമായ ജീവിത സമരം എന്നിങ്ങനെ പലതും മഹാനായ ഈ സാമ്രാജ്യത്വ വിരുദ്ധ പോരാളിയുടെ ജീവിതത്തിൽനിന്ന് നമുക്ക് പഠിക്കാനുണ്ട്. അദ്ദേഹത്തിന്റെ അപാരമായ പോരാട്ടവീര്യം, നിശ്ചയദാർഢ്യം, പ്രതികൂലാവസ്ഥകൾക്കെതിരെയുള്ള കൂസലില്ലാത്ത മല്ലിടൽ, സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്നവർക്കും മർദ്ദിതർക്കും അദ്ദേഹം നൽകിയ കലവറയില്ലാത്ത പിന്തുണയും സഹായവും, ഏറ്റവും ഒടുവിൽ, സോഷ്യലിസ്റ്റ് വ്യവസ്ഥ ആഗോളമായി തകർക്കപ്പെട്ട്, എങ്ങും പ്രതിസന്ധി നിറഞ്ഞിരിക്കുന്ന ഈ കാലയളവിലും മാർക്സിസം-ലെനിനിസത്തിന്റെ കൊടിക്കൂറ അചഞ്ചലം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ മുന്നേറ്റം തുടങ്ങിയവയൊക്കെ ഉദാത്തമായ മാതൃകകളാണ് സൃഷ്ടിച്ചിരിക്കുന്നത്. നമ്മൾ ഇതിൽനിന്നെല്ലാം പാഠങ്ങൾ ഉൾക്കൊള്ളും. ഈ വാക്കുകളോടെ, അന്തരിച്ച മഹാനായ നേതാവ് സഖാവ് ഫിഡൽ കാസ്ട്രോയ്ക്ക് റെഡ് സല്യൂട്ട് നൽകിക്കൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്.

●

**അനന്തമായ ക്ഷമ, ഉറച്ച ബോദ്ധ്യം, കഠിനമായ ജീവിത സമരം എന്നിങ്ങനെ പലതും മഹാനായ ഈ സാമ്രാജ്യത്വ വിരുദ്ധ പോരാളിയുടെ ജീവിതത്തിൽനിന്ന് നമുക്ക് പഠിക്കാനുണ്ട്. അദ്ദേഹത്തിന്റെ അപാരമായ പോരാട്ടവീര്യം, നിശ്ചയദാർഢ്യം, പ്രതികൂലാവസ്ഥകൾക്കെതിരെയുള്ള കൂസലില്ലാത്ത മല്ലിടൽ, സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്നവർക്കും മർദ്ദിതർക്കും അദ്ദേഹം നൽകിയ കലവറയില്ലാത്ത പിന്തുണയും സഹായവും, ഏറ്റവും ഒടുവിൽ, സോഷ്യലിസ്റ്റ് വ്യവസ്ഥ ആഗോളമായി തകർക്കപ്പെട്ട്, എങ്ങും പ്രതിസന്ധി നിറഞ്ഞിരിക്കുന്ന ഈ കാലയളവിലും മാർക്സിസം-ലെനിനിസത്തിന്റെ കൊടിക്കൂറ അചഞ്ചലം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ മുന്നേറ്റം തുടങ്ങിയവയൊക്കെ ഉദാത്തമായ മാതൃകകളാണ് സൃഷ്ടിച്ചിരിക്കുന്നത്. നമ്മൾ ഇതിൽനിന്നെല്ലാം പാഠങ്ങൾ ഉൾക്കൊള്ളും.**

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing 01/02/2017*
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.10 -11
Price : Rs 5.00
February 2017

# സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന ലോ അക്കാദമി സർക്കാർ ഏറ്റെടുക്കണം -എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ലോ അക്കാദമി സർക്കാർ ഏറ്റെടുത്തുകൊണ്ട് വിദ്യാർത്ഥിസമരം എത്രയും വേഗം ഒത്തുതീർപ്പാക്കണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ. ലൂക്കോസ് ആവശ്യപ്പെട്ടു. നഗ്നമായ മനുഷ്യാവകാശലംഘനങ്ങളാണ് ഏറെ നാളായി മറ്റെല്ലാ സ്വാശ്രയ കോളേജുകളിലുമെന്ന പോലെ തിരുവനന്തപുരം ലോ അക്കാദമിയിലും നടന്നുകൊണ്ടിരിക്കുന്നതെന്ന് ഇതിനകം വ്യക്തമായിരിക്കുന്നു. കേരളാ സർവ്വകലാശാല സിൻഡിക്കേറ്റിന്റെ ഉപസമിതി നടത്തിയ അന്വേഷണറിപ്പോർട്ടിലും വിദ്യാർത്ഥികൾ നേരിട്ട പീഡനസംഭവങ്ങൾ എല്ലാം ശരിയാണെന്നും അതിന് ഉത്തരവാദി പ്രിൻസിപ്പാളാണെന്നും അവർക്കെതിരെ നടപടി വേണമെന്നും ശുപാർശ ചെയ്യപ്പെട്ടിരുന്നു. ജാതിപറഞ്ഞ് വിദ്യാർത്ഥികളെ അധിക്ഷേപിച്ച കേസ്സിൽ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിയമപ്രകാരവും പോലീസ് കേസ്സെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ധാർമ്മികതയുടെ കണികയെങ്കിലും അവശേഷിക്കുന്നുണ്ടായിരുന്നെങ്കിൽ തൽസ്ഥാനം ഒഴിയാൻ കോളേജ് പ്രിൻസിപ്പാൾ തയ്യാറാകുമായിരുന്നു. അതുണ്ടാകുന്നില്ലെന്ന് മാത്രമല്ല ഭരണപക്ഷത്തിന്റെ നിർലോഭമായ പിന്തുണ കോളേജ് മാനേജ്മെന്റിനും പ്രിൻസിപ്പാളിനും അവരുടെ നിയമവിരുദ്ധമായ ചെയ്തികൾക്ക് ലഭിക്കുന്നതുകൊണ്ടാണ് പ്രശ്നപരിഹാരം നീണ്ടുപോകുന്നത്- അദ്ദേഹം പറഞ്ഞു.

യഥാർത്ഥത്തിൽ ലോ അക്കാദമി ഏതെങ്കിലും വ്യക്തിയുടെയോ കുടുംബത്തിന്റെയോ വകയല്ല. സർക്കാരിന്റെ 11 ഏക്കർ 49 സെന്റ് സ്ഥലത്താണ് 1968 ൽ ലോ അക്കാദമി പ്രവർത്തനം ആരംഭിക്കുന്നത്. ഗവർണർ പേട്രണായിട്ടും റവന്യുമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഹൈക്കോടതി ജഡ്ജിമാരും മറ്റ് അംഗങ്ങളുമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയായിരുന്നു ബൈലോ പ്രകാരം അക്കാദമിയുടെ ഭരണം നിർവ്വഹിച്ചിരുന്നത്. എന്നാൽ അതിനെയെല്ലാം അട്ടിമറിച്ച് ഒരു സ്വകാര്യ കുടുംബട്രസ്റ്റാക്കി മാറ്റി വ്യക്തിപരമായ നേട്ടങ്ങൾക്ക് ആ സ്ഥാപനത്തെ ഉപയോഗിക്കുകയാണ് നിലവിലുള്ള മാനേജ്മെന്റ്. അങ്ങനെയൊരു സാഹചര്യത്തിൽ കേവലം പ്രൻസിപ്പാളിന്റെ രാജിയോ പുറത്താക്കലോ കൊണ്ടുമാത്രം ലോ അക്കാദമിയുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകില്ല.

ഈ സന്ദർഭത്തിൽ, സർക്കാരിന്റെ പൊതുവകയായ തിരുവനന്തപുരം ലോ അക്കാദമി ലോ കോളേജ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് മികച്ച നിയമകലാലയമാക്കി മാറ്റാൻ തയ്യാറാകണമെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു. വിദ്യാർത്ഥികൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരമാർഗ്ഗം അതുമാത്രമാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട്, വിദ്യാർത്ഥികളുടെ ഐക്യത്തെയും പോരാട്ടത്തെയും അഭിവാദ്യം ചെയ്യുന്നുവെന്ന് സഖാവ് സി.കെ.ലൂക്കോസ് പറഞ്ഞു. ●



കോട്ടയത്ത് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച വിദ്യാഭ്യാസ കൺവൻഷൻ ജനകീയപ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു ●

# എഐഡിവൈഒ ശിൽപ്പശാലയും സംസ്ഥാന പ്രവർത്തകയോഗവും




ഹരിപ്പാട് മുട്ടം നേതാജി പഠനകേന്ദ്രത്തിൽ നടന്ന എഐഡിവൈഒ സംസ്ഥാന പഠന ക്യാമ്പിൽ അഖിലേന്ത്യാ പ്രസിഡന്റ് എ.രാമാഞ്ജനപ്പ പ്രസംഗിക്കുന്നു.

ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) കേരള സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 28, 29 തീയതികളിൽ ശിൽപ്പശാലയും സംസ്ഥാന കൗൺസിൽ മീറ്റിംഗും ഹരിപ്പാട് മുട്ടത്ത് നേതാജി സാമൂഹിക സാംസ്കാരിക പഠനകേന്ദ്രത്തിൽ സംഘടിപ്പിക്കപ്പെട്ടു. ഉദ്ഘാടന സമ്മേളനത്തിൽ, 'ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനവും നമ്മുടെ കർത്തവ്യങ്ങളും' എന്ന പുസ്തകത്തെ അധികരിച്ച് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനപ്രസംഗം നടത്തി. "രാജ്യം ഇന്നു നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി ശ്രമിക്കുന്നവർ സ്വാതന്ത്ര്യസമരപ്രസ്ഥാനം അവശേഷിപ്പിച്ച കടമകൾ പൂർത്തീകരിക്കാനായി പരിശ്രമിക്കേണ്ടതുണ്ട്. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെങ്കിലും അതിനോടനുബന്ധിച്ച് നടക്കേണ്ടിയിരുന്ന സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം ഇവിടെ തീർത്തും അവഗണിക്കപ്പെട്ടു. സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങൾ രാജ്യത്തെ കുത്തകമുതലാളിമാർക്ക് മാത്രമായി ചുരുങ്ങി. ദാരിദ്ര്യവും അഴിമതിയും സാംസ്കാരിക അധഃപതനവും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും തൊഴിലില്ലായ്മയുമെല്ലാം ഇന്ന് രൂക്ഷമാകുന്നു. ഇതിനെല്ലാമെതിരെ പോരാടേണ്ടുന്ന ജനങ്ങളെ ജാതി-മത-വംശീയവെറിയും വർഗ്ഗീയതയും കൊണ്ട് ഭിന്നിപ്പിക്കാനാണ് ഭരണാധികാരികൾ ശ്രമിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ യുവാക്കൾ, സഖാവ് ശിബ്ദാസ്ഘോഷിന്റെ പ്രവചനതുല്യമായ പാഠങ്ങൾ ഉൾക്കൊണ്ടുവേണം അവരുടെ സമരപാത നിർണ്ണയിക്കാൻ"- അദ്ദേഹം സൂചിപ്പിച്ചു.

എഐഡിവൈഒ സംസ്ഥാനപ്രസിഡന്റ് സഖാവ് എൻ.കെ.ബിജു അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് എ.രാമഞ്ജനപ്പ, അഖിലേന്ത്യാ വൈസ്പ്രസിഡന്റും കർണ്ണാടക സംസ്ഥാന പ്രസിഡന്റുമായ സഖാവ് കെ.ഉമാദേവി, അഖിലേന്ത്യാ സെക്രട്ടേറിയറ്റംഗം സഖാവ് പി.പി.പ്രശാന്ത്കുമാർ എന്നിവരും പ്രസംഗിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് സ്വാഗതം ആശംസിച്ചു.

തുടർന്ന് 'തൊഴിലില്ലായ്മയും സാംസ്കാരിക അധഃപതനവും: പരിഹാരമെന്ത്? ' എന്ന സഖാവ് ശിബ്ദാസ്ഘോഷിന്റെ മറ്റൊരു ലഘുകൃതിയെ ആധാരമാക്കി ഒരു പേപ്പർ എഐഡിവൈഒ സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എ.വി.ബെന്നി അവതരിപ്പിച്ചു. തുടർന്ന് സഖാക്കൾ പിപി.പ്രശാന്ത്കുമാർ, കെ.പി.സാൽവിൻ എന്നിവരുടെ നേതൃത്വത്തിലുള്ള രണ്ട് ഗ്രൂപ്പുകളിലായിനടന്ന ചർച്ചകളിൽ മുഴുവൻ സഖാക്കളും പങ്കെടുത്തു.

'യുവാക്കളെ സർഗ്ഗാത്മകമായി എങ്ങനെ സംഘടിപ്പിക്കാം' എന്ന വിഷയത്തെ സംബന്ധിച്ച പേപ്പർ സഖാവ് ഇ.വി.പ്രകാശ് അവതരിപ്പിച്ചു. തുടർന്ന് നടന്ന ഗ്രൂപ്പ് ചർച്ചയിലും സഖാക്കൾ സജീവമായി ഇടപെട്ടു. വിപ്ലവ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഹ്രസ്വകാലത്തേയ്ക്കുള്ള ചിട്ടയാർന്ന ഒരു മാർഗ്ഗരേഖ കൃത്യമായി രൂപപ്പെടുത്താൻ സഖാക്കൾക്ക് ഇതിലൂടെ കഴിഞ്ഞു.

തുടർന്ന്, 'ഒറ്റാൽ' എന്ന ഹ്രസ്വചലച്ചിത്രം പ്രദർശിപ്പിക്കപ്പെട്ടു.

എഐഡിവൈഒ സംസ്ഥാന പ്രവർത്തകയോഗം സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജുവിന്റെ അദ്ധ്യക്ഷതയിൽ 29 ന് ചേർന്നു. ദേശീയതലത്തിൽ സംഘടനയുടെ മുന്നേറ്റത്തെക്കുറിച്ചും രാഷ്ട്രീയരംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ഗൗരവാവഹമായ മാറ്റത്തെക്കുറിച്ചും അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് രാമാഞ്ജനപ്പ വിശദീകരിച്ചു. കൂടുതൽ ഉയർന്ന കർത്തവ്യബോധത്തോടെ, ചരിത്രം നമ്മിലേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ സഖാക്കൾ മുന്നോട്ടുവരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

കർണ്ണാടകത്തിലെ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ സഖാവ് ഉമാദേവി തന്റെ അനുഭവങ്ങൾ സഖാക്കളോട് പങ്കുവച്ചു. തുടർന്ന്, ഒരു പ്രവർത്തന പദ്ധതി അവതരിപ്പിച്ചുകൊണ്ട് സഖാവ് ഇ.വി.പ്രകാശ് പ്രസംഗിച്ചു.

ശിൽപ്പശാലയ്ക്കും സംസ്ഥാന കൗൺസിൽ മീറ്റിംഗിനും സമാപനം കുറിച്ചുകൊണ്ടുനടന്ന സമ്മേളനത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് പ്രസംഗിച്ചു. രാജ്യത്തിന്റെ സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ കടുത്ത ആക്രമണമാണ് മോദിയുടെ നേതൃത്വത്തിൽ മുതലാളിവർഗ്ഗം നടത്തിക്കൊണ്ടിരിക്കുന്നതെന്നും കോടിക്കണക്കിന് വരുന്ന സാധാരണക്കാർ അതിദരിദ്രരാക്കപ്പെടുകയും ഒരുപിടിവരുന്ന സമ്പന്നർ രാജ്യത്തെ സമ്പത്ത് അപ്പാടെ കൊള്ളയടിക്കുകയും ചെയ്യുന്ന കാഴ്ചയാണ് കാണുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. കള്ളപ്പണം തടയാനെന്ന പേരിൽ അടിച്ചേൽപ്പിച്ച നോട്ട് പിൻവലിക്കൽ നടപടിയിലൂടെ രാജ്യത്തെ കോടിക്കണക്കിന് സാധാരണ ജനങ്ങളുടെ ജീവിതം പ്രതിസന്ധിയിലായപ്പോൾ അതിനെക്കുറിച്ച് ചർച്ചചെയ്യാൻപോലും പ്രധാനമന്ത്രി തയ്യാറായില്ല. പ്രധാന പ്രതിപക്ഷപ്രസ്ഥാനങ്ങൾ പോലും പ്രതിസന്ധിയുടെ ആഘാതം കുറയ്ക്കണമെന്ന നിലയിൽ മാത്രമാണ് അതിനെ സമീപിച്ചത്. പക്ഷേ, സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ സാഹചര്യങ്ങളെ പഠിച്ചുകൊണ്ട്, ഭരണ മുതലാളിവർഗ്ഗം സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ് മോദിയും കൂട്ടരുമെന്ന് വിശദീകരിക്കാൻ നമുക്ക് കഴിഞ്ഞു. തൊഴിലില്ലായ്മ അതിഭീകരമായി വർദ്ധിച്ചിരിക്കുന്നു. നിർമ്മാണമേഖലയിൽപോലും വലിയ മുരടിപ്പ് അനുഭവപ്പെടുകയാണിന്ന്. ചെറുകിട വ്യവസായങ്ങളും വ്യാപാരസ്ഥാപനങ്ങളും ഇല്ലാതാക്കപ്പെടുകയാണ്. ജനസംഖ്യയുടെ ബഹുഭൂരിപക്ഷത്തിനും അക്ഷരം അറിയില്ലാത്ത ഒരു നാട്ടിൽ കറൻസിക്കുപകരം ഡിജിറ്റൽ ഇടപാടുകളിലേയ്ക്കുള്ള മാറ്റം അപ്രായോഗികവും ദ്രോഹകരവുമാണ്. വൻനികുതിഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഭരണാധികാരികൾ ദാരിദ്രരേഖയുടെ പരിധി വൻതോതിൽ താഴ്ത്തിക്കൊണ്ട് എല്ലാവരെയും ക്ഷേമപദ്ധതികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ടിരിക്കുന്നു. റേഷൻ സമ്പ്രദായം അട്ടിമറിക്കപ്പെട്ടു. സബ്സിഡികൾ പൂർണ്ണമായും നിർത്തലാക്കാനുള്ള നീക്കത്തിന് വേഗത വർദ്ധിച്ചിരിക്കുന്നു. നിർദ്ദാക്ഷിണ്യമുള്ള കുത്തിക്കവർച്ചയാണ് പെട്രോളിയം വിലവർദ്ധനവിലൂടെയും നടക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ രക്ഷകരില്ലാതെ വലയുന്ന ഒരു ജനതയെ സാംസ്കാരികമായും സാമൂഹികമായും നട്ടെല്ലുള്ളവരാക്കി സംഘടിപ്പിച്ചുകൊണ്ട് പൊരുതാനുള്ള ഉത്തരവാദിത്തമാണ് ഏറ്റെടുക്കേണ്ടതെന്ന് അദ്ദേഹം പ്രതിനിധി സഖാക്കളെ ഓർമ്മിപ്പിച്ചു.

സമാപനസമ്മേളനത്തിൽ അഖിലേന്ത്യാ സെക്രട്ടേറിയറ്റംഗം സഖാവ് പി.പി.പ്രശാന്ത്കുമാർ, സംസ്ഥാന വൈസ്പ്രസിഡന്റുമാരായ സഖാക്കൾ ടി.ജെ.ഡിക്സൺ, എൻ.ആർ.അജയകുമാർ, എം.പ്രദീപൻ, ആൾ ഇന്ത്യാ കൗൺസിൽ അംഗങ്ങളായ സഖാക്കൾ കെ.പി.സാൽവിൻ, ടി.ആർ.രാജിമോൾ, സംസ്ഥാന ട്രഷറർ എം.കെ.ഉഷ തുടങ്ങിയവരും പ്രസംഗിച്ചു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.